# ഭാഷാപോഷിണി.

പുസ്തകം 30 | ൧൱൦൧ കർക്കടകം. | ലക്കം 12.

## ഈശ്വരപ്രാർത്ഥന.

ഭാസമാനയായീടും വാസരശ്രീടെതൻ
ഹാസഭാവത്തിൽ ജഗത്താനന്ദസമാധിയി-
ലാകവേ ലയിച്ചാത്മപ്രേമനിമഗ്നന്മാരാ
യാകുലവിഹീനങ്ങൾ കർമ്മങ്ങൾ തുടരുന്നു.
രാത്രിയാം നാരീമണി ക്രൂരിരുൾകചഭാര
മാർന്നസന്തോഷമഴിച്ചിട്ടുടൻ ചിക്കി ചീകി
താരകാഗണമണിമാലയും ഗളം തന്നിൽ
ചാരമുത്സാഹാൽ ചാർത്തി രാഗയുക്തയായ് പോരും
നേരത്തിൽ ജഗത്തെല്ലാം മോഹിച്ചുവീണീടുന്നു.
ഹാ രസം കാണ്മീലാർക്കും നിദ്രയിൽ മയങ്ങുന്നു.
ജീവജാലങ്ങൾക്കെല്ലാമാന്ധ്യത്തെ വളർത്തീടും
താവകതമോഗുണം ലേശമൊന്നില്ലാതാകിൽ
ഹേ നിശീഥിനീ നിന്നെ കൈക്കൊള്ളും ലോകമിതിൽ
ഹാനിയും നിനക്കേതുമുണ്ടാകാനില്ലയല്ലോ.
വാസരലക്ഷ്മിതൻെറ സൌന്ദര്യവിലാസത്തി-
ലാസമന്താലീലോകം പ്രോല്ലസിച്ചുയരുന്നു
എന്തതിൻഹേതു ചേതോഹാരിയാം സത്വഗുണ-
സന്തതി താനെന്നല്ലോ ചൊല്ലുന്നു ബുധജനം
ഈശസൃഷ്ടിയിൽ നിങ്ങൾ രണ്ടുമേ സമമെന്നു
വിശ്വസിക്കാമെന്നാലും കാര്യമീവിധമല്ലോ
ദുർദ്ദേവവിശ്വാസവും ദുർഭൂതസേവയുമീ-
വിദ്വേഷത്തിനെല്ലാം തേ കാരണം രാത്രിയാളേ!
സംസർഗ്ഗസംജാതങ്ങളാണല്ലോ ഗുണാഗുണ-
സംഹതികളെന്നല്ലോ സത്തുക്കൾ ചൊല്ലീടുന്നു.
ഹാ കഷ്ടം നിശാദേവി! സംഖ്യാവൽഗണംപോലും
ഭീകരം നിൻ സാന്നിദ്ധ്യം ദൂരവേ ത്യജിക്കുന്നു.
സത്യമാരറിയുന്നു ലോകത്തിൽ കാണ്മതല്ലോ
സത്യവാന്മാരും നിത്യം വിശ്വസിച്ചീടുന്നിതു
രാത്രിയാം പിശാചിതൻ മേൽപാടിൽ ജഗത്താകെ
ചിത്തസന്തോഷാലീശവാദങ്ങൾ ഭജിക്കുന്നു.
ഹാ കഷ്ടം! സർവ്വേശൻെറ ലീലകൾ നിരൂപിച്ചാൽ

ലോകവാസികളെല്ലാം നിസ്സാരകീടതുല്യർ.
ഈശസൃഷ്ടിയിൽ പാർത്താൽ ഭേദമില്ലെന്നാകില്ല-
മാശയാൽ മായാദേവി ലോകത്തെ വലയ്ക്കുമ്പോൾ
മായയിൽ വിമൂഢമാം ഹൃത്തിന്നു സർവ്വത്തിലും
ഭേദബുദ്ധിയുണ്ടാവാമെന്നതു വിദ്വന്മതം
പ്രാപഞ്ചികാശാപാശം നിശ്ശേഷമറുക്കുവാൻ
പ്രാപ്തനാം പരമാത്മാ കൈവല്യം നമുക്കേകും.

# വള്ളത്തോൾ മഹാകവിയുടെ "മഗ്ദലേനാമറിയം."

(മററത്തിൽ കുഞ്ഞൻ കത്തനാർ)

## ഒരു നിരൂപണം (തുടച്ച)

## VI.

"നാഥ, തവാജ്ഞകൾ കേട്ടുനടക്കാതെ
നാനാപരാധങ്ങൾ ചെയ്തുപോയ് ഞാൻ
ശാസിതാവായോനെ, സർവ്വം ക്ഷമിച്ചു തൻ-
ദാസിയെ തൃക്കാൽക്കൽ നിർത്തേണമേ!"

ഈ പ്രാർത്ഥനയും മൂലത്തിലില്ലാത്തതാണെങ്കിലും ഔചിത്യഗുണസമ്പൂർണ്ണമാണ്. ഭയനീയാവസ്ഥയിലിരിക്കുന്ന നായിക യേശുവിൻെറ ഹൃദയാന്തർഭാഗത്തു മുട്ടുന്നവിധം കവി ഇങ്ങനെ വർണ്ണിക്കുന്നു.

"മുട്ടുവിൻ വാതിൽ തുറക്കു"മെന്നങ്ങുന്ന
പട്ടാംഗമായ് ച്ചൊന്നതോർത്തുകൊണ്ടേ
താവകാനുഗ്രഹദ്വാരത്തിൽ മുട്ടുമി-
പ്പാവത്തിന്നേകുകിങ്ങുൾപ്രവേശം."

പ്രകൃതത്തിലെ "പട്ടാംഗം" ഈയിടെ "നസ്രാണിദീപിക"യിലും "സത്യനാദ"ത്തിലുമായി നടന്ന "പരിശുദ്ധാത്മ"സംവാദത്തെ ഓർമ്മയിൽ കൊണ്ടുവരുന്നു. സാഹിത്യപടുവും പണ്ഡിതാഗ്രേസരനുമായ ശ്രീമാൻ സി. അന്തപ്പായി അവർകൾക്കു പവിത്രാത്മാവിനോടാണു പ്രതിപത്തി. സംസ്കൃതവ്യുൽപ്പത്തിയിൽ തീപ്പെട്ട പ്രൊഫസർ രാജരാജവർമ്മതമ്പുരാനോടു തുല്യനെന്നു പ്രസിദ്ധിയുള്ള(?) ശ്രീമാൻ ഐ. സി. ചാക്കോയാവട്ടെ "പരിശുദ്ധാത്മാ"വിനെക്കൊണ്ടു തൃപ്തിപ്പെടുന്നു. ശ്രീമാൻ അന്തപ്പായിക്കു ശുദ്ധപദങ്ങളോട് എത്രമാത്രം പ്രതിപത്തിയുണ്ടെന്നു അദ്ദേഹത്തിൻെറ "സുമാർഗ്ഗപ്രകാശിക"യും ധർമ്മോപദേശികയും സാക്ഷ്യംവഹിക്കുന്നു. എന്നാൽ മിസ്റ്റർ ചാക്കോയ്ക്കു സംസ്കൃതപദങ്ങളോടു നീരസമില്ലെങ്കിലും (ക്രിസ്തുസഹസ്രനാമം നോക്കുക) മൊത്തമായി പറയുന്നതായാൽ "ഉപവി"യെപ്പോലെയുള്ള പദങ്ങളെ പൂർവ്വവൽ സംരക്ഷിച്ചുകൊണ്ടു പോരുവാനാണു അദ്ദേഹത്തിനിഷ്ടം. "കത്തോലിക്കാപരിശ്രമം"കൊണ്ടു ഈ അഭിപ്രായം വെളിപ്പെട്ടിട്ടുള്ളതാണ്. മിസ്റ്റർ അന്തപ്പായിയുടെ ഗ്രന്ഥങ്ങളിലെ ഭാഷാദുർഗ്രഹമെന്നോ ഗഹനമെന്നോ ഒക്കെ ഒരാക്ഷേപമില്ലാതില്ലെങ്കിലും ക്രിസ്ത്യേതരന്മാക്കു "പാതിരിമലയാളച്ചൊവ കൂടാതെ അവയെ ആസ്വദിക്കാമെന്നൊരു മേന്മയുണ്ടു. അന്തപ്പായി അവർകൾ സ്വാതന്ത്ര്യമായി ഒരു നോവൽ എഴുതിവരുന്നതായി 'ശാരദാ'പൂരണത്തിൻെറ ഇടയ്ക്കു ആരോ പറഞ്ഞുകേൾവി ഉണ്ടായെങ്കിലും പിന്നീടു അതേപ്പററി ഒന്നും അറിയുന്നതിനു ഇടയായില്ല. ഉദ്യോഗജീവിതത്തിൽ സംഗതിവശാൽ വിമുക്തനായിരിക്കുന്ന അദ്ദേഹം ക്രിസ്തീയസാഹിത്യവനിതയെ ഇനിയും പരിഗ്രഹിച്ചുകാണ്മാനുള്ള പ്രാർത്ഥനയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ശ്രീമാനായ ഐ. സി. ചാക്കോ "പരിശുദ്ധാത്മാവ്" "ഉപവി" ഇത്യാദി സാധാരണപദങ്ങളെപ്പോലും, സവി

കരിച്ചിട്ടുപോലും ഒരു കൊച്ചു "കത്തോലിക്കാപരിശ്രമം" മാത്രമെ ക്രിസ്തീയസാഹിത്യഭണ്ഡാരഗാരത്തിലേക്കു സമ്മാനിച്ചിട്ടുള്ളു എന്നു സവ്യഥം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതെങ്ങിനേയുമാകട്ടെ, ഇവർക്ക് രണ്ടുപേർക്കും 'പരിശുദ്ധരൂപി' എന്ന പദത്തോടു അത്ര രസമില്ലാത്തതായിട്ടാണു കാണുന്നതു്.

'അരൂപി'യെ കൊള്ളുകയില്ലെങ്കിൽ "ആത്മാവി"നേയും മോക്ഷത്തേയും "ദൈവ"ത്തെത്തന്നെയും അകററി നിറുത്തേണ്ടതായി വരികയില്ലേ എന്നാണു അരൂപിക്കാരന്റെ ആക്ഷേപം. അരൂപീശത്രുക്കൾ മറുപടി പറയുന്നു. 'രൂപ' മില്ലാത്തതൊക്കെ—പരിശുദ്ധമായാലും—പവിത്രാത്മാവല്ലല്ലൊ. ഗോസ്റ്റ്, റൂഹാ, പ്സൂക്ക, സ്പിരിററു് എന്നൊക്കെ പറയുന്നതിനു് ആത്മാവു മതിയായിരിക്കെ അരൂപിയെ എന്തിനു ബുദ്ധിമുട്ടിക്കുന്നു". ഇതിനു അരൂപിവാദികൾക്കു സമാധാനമില്ലാതില്ല. അവർ പറയുന്നു: "ഉപവിയും സത്വവും" ഇഷ്ടപ്പെടുന്നവർ "അരൂപി"യേയും സ്വീകരിച്ചേ മതിയാവൂ; എന്നു മാത്രമല്ല ധാരാളം പ്രചാരത്തിലിരിക്കുന്നതും പണ്ടിനാലേയുള്ളതുമായ "പരിശുദ്ധരൂപി"യെ പരിത്യജിക്കുവാൻ പാടില്ലം. സ്വതേതന്നെ പദദാരിദ്ര്യംകൊണ്ടു വിഷമിക്കുന്ന ക്രിസ്തീയകവികൾക്കു അരൂപീബഹിഷ്കരണം ഒരു "കണ്ണകോടാലി" ആയി ഭവിക്കുമെന്നുള്ള ഒരു വൈഷമ്യവും നേരിടും. ഇങ്ങനെയെല്ലാം ഇരിക്കുന്നേസ്ഥിതിക്കു് പട്ടാംഗവും മററുംപോലെതന്നെ അരൂപിയും ഇരുന്നുകൊള്ളട്ടെ. പദ്യകാരന്മാർക്കുതന്നെ സ്വബദ്ധമല്ലാത്ത പദമില്ലെന്നല്ലേ വയ്പു്. തന്നിമിത്തം അവരുടെ കാര്യം പ്രത്യേകം പറയേണ്ടതുമില്ല.

"അല്ലൽപ്പെരുങ്കടൽ കല്ലോലമാലയിൽ
തെല്ലല്ലലഞ്ഞു കുഴങ്ങുന്നു ഞാൻ
ഏഴയാമെന്നെ കരേററുവാൻ മററാരു-
ണ്ടാഴിക്കുമീതെനടന്നവനെ!"

ഈ പാദങ്ങളിലെ ശബ്ദാർത്ഥചമൽക്കാരവും ആശയവിശേഷവും ആരാലാണ് ആദരണീയമല്ലാത്തതു്? സ്ത്രീസഹജമായ നിരാലംബസ്വഭാവം എത്ര ഹൃദ്യമായി വ്യഞ്ജിക്കുന്നുവെന്നു കാൺക.

"ലീലയാകണ്ടു ചിരിപ്പാനായ് വഞ്ചകൻ
മേലേവിരിച്ചിട്ട പുൽപ്പുരപ്പിൽ
മേയാനായ് ചെന്നൊരു പെൺമാൻ നിരാലംബ-
യായിതാ, വീണുപോയ് മുൾക്കുഴിയിൽ"

യേശുനാഥൻ ടിബേറിയാസ്കടലിന്റെ മീതെ നടന്നുചെന്നു സ്വശിഷ്യന്മാരെ ആശ്വസിപ്പിച്ച സംഭവത്തെ "ആഴിക്കുമീതെ നടന്ന"വനെന്ന ഉപാധിയാൽ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ആരെയാണു കുഴിയിൽ ചാടിക്കേണ്ടതെന്നുവച്ചു് അലറിനടക്കുന്ന പിശാചിന്റെ പ്രലോഭനങ്ങളെ "മേലേവിരിച്ചിട്ട പുൽപ്പുരപ്പായി" സങ്കല്പിച്ചുകൊണ്ടുള്ള വർണ്ണനയും എത്ര എത്ര ഹൃദയസ്പൃക്കായിരിക്കുന്നു.

"സാത്വികഭക്തിയാം തേൻപെറുമീവക
പ്രാർത്ഥനാവാക്കുകളായ പൂക്കൾ
ദന്തകുന്ദാഭയാം വെൺപട്ടുനൂലിന്മേൽ
ചന്തത്തിൽ കോർത്താരുമാലയാക്കി
വിണ്ണിൻപെരുമാൾ തൻ മുന്നിൽസമർപ്പിച്ചു
ദണ്ഡനമസ്കാരംചെയ്തു വീണ്ടും
ആമണിത്തൃക്കഴൽചുംബിച്ചിതോമലാൾ
താമരത്താരൊരു ഹംസിപോലെ."

മഗ്ദലേനായുടെ പ്രാർത്ഥന ഇവിടെ അവസാനിച്ചിരിക്കയാണ്. അവളുടെ പ്രാർത്ഥനാവാക്കുകളെ കുസുമങ്ങളായിട്ടു ഉപമിച്ചുകൊണ്ടുള്ള രൂപകാലങ്കാരപ്രയോഗം ക്രിസ്തീയപാരമ്പര്യത്തിനു് അനുയോജ്യമായിട്ടുണ്ടു്. ഒരു മേരീഭക്തൻ "നന്മനിറഞ്ഞ മറിയമേ" എന്നുള്ള വിശിഷ്ടജപം ഭക്തിയോടുകൂടി പ്രാർത്ഥിച്ചസമയം ഓരോ പ്രാവശ്യവും ഓരോ കുസുമം പ്രത്യക്ഷമായ കഥ പലരും കേട്ടിരിക്കുമല്ലോ.

യേശുനാഥൻ സ്വയം സ്വീകരിച്ച മൌനവ്രതം അതാ ഭഞ്ജിക്കുവാൻ പോകുന്നു. എന്തായിരിക്കാം അദ്ദേഹം അരുൾചെയ്യാൻ ഉദ്ദേശിക്കുന്നതു്? സ്വാഗമനവേളയിൽ, സൽക്കാരകൻ പ്രദർശിപ്പിച്ച അനാചാരത്തിന്റെ വൈപുല്യവും, പാപിയായ മഗ്ദലേനാ അഭിഷേചനംമൂലം പ്രത്യക്ഷപ്പെടുത്തിയ പ്രേമാധിക്യവും തമ്മിലുള്ള അന്തരം സദസ്യർക്കു കാണിച്ചുകൊടുക്കേണ്ടതല്ലയോ? യേശു സ്ത്രീയുടെ നേരെ തിരിഞ്ഞു, ശൈമനോടു് അരുൾചെയ്തു.

"ഈ സ്ത്രീയെ നീ കാണുന്നുവോ? ഞാൻ നിന്റെ വീട്ടിൽ വന്നു. (അവളുടെ വീട്ടിൽ ഞാൻ പോയില്ല) നീ എന്റെ കാലിൽ വെള്ളം ഒഴിച്ചില്ല (തൻമൂലം ഹീനന്മാരായ അതിഥികളുടെ കൂട്ടത്തിൽ എന്നെ നീ ഗണിച്ചു.) ഇവളോ? കണ്ണുനീർകൊണ്ടു എന്റെ കാലു നനച്ചു. (ഇങ്ങനെ ഇവൾ മറ്റൊരുത്തർക്കും ചെയ്തിട്ടില്ല) ഇവളുടെ തലമുടികൊണ്ടു എന്റെ പാദങ്ങളെ ഇവൾ തുടച്ചു. (സ്നേഹം ഒന്നുകൊണ്ടു മാത്രമെ മനുഷ്യർ ഈവിധം ചെയ്യുയുള്ളു.) നീ എനിക്കു ചുംബനം തന്നില്ല. (അപൂർവ്വം ചിലർക്കേ ഈ സൽക്കാരം നിഷേധിക്കപ്പെട്ടിരുന്നുള്ളു.) ഇവളോ? ഞാൻ അകത്തുവന്നതുമുതൽക്കു ഇടവിടാതെ എന്റെ കാലിൽ ചുംബിച്ചു. (ഇതു വെറും സൽക്കാരത്തിൽ കവിഞ്ഞ പ്രവൃത്തി അല്ലയോ?)

നീ എന്റെ തലയിൽ തൈലം പൂശിയില്ല. (അങ്ങനെ ചെയ്തിരുന്നെങ്കിൽ അതൊരു പ്രത്യേകബഹുമാനമാകുമായിരുന്നു.)

ഇവളാകട്ടെ, പരിമളതൈലംകൊണ്ടു എന്റെ കാലു പൂശി. (എന്തിനേറെ) ഇവൾ പ്രദർശിപ്പിക്കാത്ത ബഹുമാനം ഇനി വല്ലതുമുണ്ടോ? അതിനാൽ നിന്നോടു ഞാൻ പറയുന്നു.

യേശുനാഥന്റെ മുഖഭാവം മാറിത്തുടങ്ങുന്നതു കാൺക. ഒരു സാധാരണ വിരുന്നുകാരൻ സ്വസൽക്കാരകനോടു സംസാരിക്കുന്ന സ്വരത്തിലും രീതിയിലും അല്ല, സാക്ഷാൽ ജഗൽഗുരുവിന്റെ അലംഘനീയമായ ആജ്ഞയാണു് ആ തിരുവായിൽനിന്നു പുറപ്പെടുന്നതെന്നു കേൾവിക്കാർക്കു തോന്നത്തക്കവിധത്തിൽ അദ്ദേഹം തുടർന്നു അരുളിച്ചെയ്തു.

"അനേകം പാപങ്ങളിൽ നിന്നും അവൾ മോചിതയായിത്തീർന്നിരിക്കുന്നു. എന്തെന്നാൽ അവൾ വളരെ സ്നേഹിച്ചു. അല്പം മോചിച്ചുകിട്ടിയവൻ അല്പം സ്നേഹിക്കുന്നു."

തദനന്തരം യേശുദേവൻ മറിയ മഗ്ദലേനായുടെ നേരെ തിരിഞ്ഞു ദയാപൂർവ്വം അവളെ കടാക്ഷിച്ചു. അദ്ദേഹത്തിന്റെ തിരുമുഖത്തു് അനുകമ്പയും അധികാരവും സമഭാവത്തിൽ കളിയാടി. കഫർണാമിൽവെച്ചു ശക്തിയോടുകൂടി അശുദ്ധാത്മാക്കളോടു ആജ്ഞാപിച്ചസമ്പ്രദായത്തിൽ (ലൂക്ക IV 36) അരുളിച്ചെയ്തു.

"നിന്റെ പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു."

കൂട്ടവിരുന്നുകാരാരും ഒന്നും സംസാരിക്കുന്നില്ല. ശൈമനും മൌനവ്രതം പൂണ്ടിരിക്കയാണു്. യേശു ഉദ്ധരിച്ച ഉപമയുടെ അന്തരാർത്ഥവും ഉദ്ദേശ്യവും എല്ലാവർക്കും ഇപ്പോഴേയ്ക്കു നല്ലപോലെ മനസ്സിലായി. യേശുവിനെ ബഹുമാനിക്കുവാനായിരുന്നു ശൈമൺ ഈ വിരുന്നുകഴിച്ചതും ഇഷ്ടമിത്രങ്ങളെ ക്ഷണിച്ചുവരുത്തിയതും. പക്ഷെ എന്താണു ചെയ്തതു്. രഹസ്യമായിട്ടായിരുന്നെങ്കിൽ അതിഥിപൂജ വേണ്ടവിധത്തിൽ അയാൾ ചെയ്യുമായിരുന്നു. പക്ഷെ ബഹുജനസമക്ഷം വച്ചു പരസ്യമായിട്ടു ഒരു ആശാരിയുടെ മകനെ പ്രീശന്മാരിൽ പ്രീശനായ ശൈമൺ ആദരിക്കുകയോ? ഹേയി! ഒരിക്കലുമില്ല. അല്ല, അപ്രകാരം ചെയ്യണമെന്നു ഒരു വിചാരം ഉള്ളിൽ തോന്നിയാൽ തന്നെയും തദനുസരണം പ്രവർത്തിക്കുവാൻ മാത്രം മനക്കരുത്തു് അയാൾക്കില്ലായിരുന്നു. സുശോഭിതമായ ശാലയുടെ ഉടമസ്ഥനും പണ്ഡിതനുമായ യഹൂദപ്രഭു ഒരു മാന്യനെ ക്ഷണിച്ചു വരുത്തിയശേഷം അയാളോടു ഈവിധം അനുവർത്തിച്ചു! ചെറ്റക്കുടിലിൽ ജാതയും ദാരിദ്ര്യപീഡയാൽ ആകുലയും ആയ ഒരു തേവിടിശ്ശി ഇതാ ഉപചാരോപചാരത്തിൽ ആ യഹൂദപ്രഭുവിനെ തോല്പിച്ചിരിക്കുന്നു.

# അവണാമനയ്ക്കലേ ഗോപാലൻ.

(കവിതിലകൻ, കൊട്ടാരത്തിൽ ശങ്കുണ്ണി)

കൊച്ചിരാജ്യത്തു തലപ്പിള്ളിത്താലൂക്കിൽ ദേശമംഗലം വില്ലേജിൽ ദേശമംഗലത്തുമനയെന്നും തൃശ്ശിവപേരൂർ താലൂക്കിൽ ഇടക്കുന്നിവില്ലേജിൽ തെക്കിനിയേടത്തു കിരാങ്ങാട്ടുമനയെന്നും ടി താലൂക്കിൽത്തന്നെ കടലാശ്ശേരിവില്ലേജിൽ അവണാമനയെന്നും പറഞ്ഞുവരുന്ന ബ്രാഹ്മണോത്തമകുടുംബം വകയായി പണ്ടു ഗോപാലൻ എന്നു പ്രസിദ്ധനായിട്ട് ഒരു കൊമ്പനാനയുണ്ടായിരുന്നു. അനേകം ഗുണങ്ങളും യോഗ്യതകളുമുണ്ടായിരുന്ന ആ ഗോപാലനോടു കിടയായിട്ട് ഒരു കൊമ്പനാന അക്കാലത്തു വേറെയെങ്ങുമുണ്ടായിരുന്നില്ലെന്നു മാത്രമല്ല, ഇക്കാലത്തും എങ്ങുമുള്ളതായി കേട്ടുകേൾവിപോലുമില്ല. ഈ ആന ഈ മനയ്ക്കൽ വന്നുചേർന്നതു ഏതുവിധമെന്നും മററും താഴെപ്പറഞ്ഞുകൊള്ളുന്നു.

മേൽപ്പറഞ്ഞ മനയ്ക്കൽ കൊല്ലം 1068-ാമാണ്ടുവരെ ജീവിച്ചിരുന്ന നാരായണൻനമ്പൂരിപ്പാടു സത്യം, ദയ, ദാനം, ധർമ്മം നീതി, പരോപകാരതല്പരത മുതലായ സൽഗുണങ്ങളുടെ വിളനിലമായിരുന്നതിനാൽ അദ്ദേഹത്തെക്കുറിച്ച് ഓർമ്മയുള്ളവർ ഇപ്പോഴും പലരുണ്ടായിരിക്കാനിടയുണ്ട്. യോഗ്യനും ഭാഗ്യവാനുമായിരുന്ന അവിടേയ്ക്ക് ഒരിക്കൽ സ്വന്തമായി ഒരു കൊമ്പനാനയെ വാങ്ങിയാൽ കൊള്ളാമെന്ന് ഒരു മോഹമുണ്ടായിത്തീരുകയാൽ അതിനായി അന്വേഷണം തുടങ്ങി. അപ്പോൾ പാമ്പുംമേക്കാട്ടുമനയ്ക്കൽ ഒരു കുട്ടിക്കൊമ്പൻ നിൽക്കുന്നുണ്ടെന്നും അതിനെ വിൽക്കാൻ പോകുന്നുവെന്നും കേട്ടു നമ്പൂരിപ്പാട് അങ്ങോട്ടു പുറപ്പെട്ടു. അക്കാലത്ത് ആനകളുടെ ലക്ഷണങ്ങളും ഗുണദോഷങ്ങളുമറിയാവുന്ന ആളായിട്ട് ഊരകത്തു തെക്കേവെള്ളിയത്ത് എന്ന വീട്ടിൽ കൃഷ്ണൻനായർ എന്നൊരാളുണ്ടായിരുന്നതിനാൽ നമ്പൂരിപ്പാട് അവിടെച്ചെന്ന് ആ മനുഷ്യനേക്കൂടെ കൂട്ടിക്കൊണ്ടാണ് പോയതു. അടുത്ത ദിവസംതന്നെ അവർ പാമ്പുംമേക്കാട്ടെത്തുകയും നമ്പൂരിപ്പാടു താൻ ചെന്നിരിക്കുന്നതിൻെറ ഉദ്ദേശം ആ മനയ്ക്കലെ അഫ്ഫൻനമ്പൂരിയെ ധരിപ്പിക്കുകയും ചെയ്തു. അപ്പോൾ അഫ്ഫൻനമ്പൂരി—ഇവിടെ ഒരാനക്കുട്ടിയുണ്ടെന്നും അതിനെ വിൽക്കണമെന്നു വിചാരിച്ചിരിക്കുകയാണെന്നും കേട്ടതു വാസ്തവംതന്നെയാണ്. എന്നാൽ പരമാർത്ഥം പറയാതെ നമ്പൂരിയെ ചതിക്കുന്നതു കഷ്ടമാണല്ലോ. അതുകൊണ്ടു സത്യം ഞാൻ പറയാം. ആ ആനക്കുട്ടിക്കു കരിനാക്കു (നാവിൽ ഒരു കറുത്ത രേഖ) ഉണ്ട്. അതു ദുർല്ലക്ഷണവും ദോഷവുമായിട്ടുള്ളതുമാണല്ലോ. അതുകൊണ്ടാണ് അതിനെ വിററുകളയാമെന്ന് ഇവിടെ വിചാരിക്കുന്നതു്—എന്നു പറഞ്ഞു. അക്കാലത്തു മലയാളബ്രാഹ്മണർ ശുദ്ധന്മാരും നിഷ്കളങ്കഹൃദയന്മാരും സത്യസന്ധന്മാരും അന്യായമായും ചതിച്ചും പരദ്രവ്യം കൈക്കലാക്കാൻ ഇച്ഛയില്ലാത്തവരുമായിരുന്നു എന്നുള്ളതിന് ഇതൊരു ഉത്തമദൃഷ്ടാന്തമാണല്ലോ.

ഇതു കേട്ടയുടനെ നമ്പൂരിപ്പാടും കൃഷ്ണൻനായരും കൂടി ആന നിന്നിരുന്ന സ്ഥലത്തേക്കു പോയി. അവിടെച്ചെന്ന് ആ ആനക്കുട്ടിയുടെ ഭംഗിയും മററും ആകപ്പാടെ കണ്ടപ്പോൾ, എന്തെല്ലാം ദോഷങ്ങളുണ്ടായിരുന്നാലും എന്തു വില കൊടുത്തും അതിനെ വാങ്ങണമെന്നുള്ള ഒരു ഭ്രമം നമ്പൂരിപ്പാട്ടിലേക്കു കലശലായി. കൃഷ്ണൻനായർ ആകപ്പാടെ നോക്കി പരിശോധിച്ചിട്ട്, "ഇതിനു കരിനാക്കുണ്ടെന്നു പറഞ്ഞതു വാസ്തവംതന്നെ. അതു ദോഷമായിട്ടുള്ളതുമാണ്. എങ്കിലും ഇതിനു മററനേകം ശുഭലക്ഷണങ്ങളുള്ളതുകൊണ്ട് ഇതിനെ വാങ്ങിയാൽ നമുക്കു ഗുണമല്ലാതെ ദോഷമൊന്നുമുണ്ടാവുകയില്ലെന്നാണ് അടിയൻെറ അഭിപ്രായം. "ഏകോ ഹി ദോഷോ ഗുണസന്നിപാതേ നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ" എന്നുള്ളതുപോലെയാണ് ഈ ദോഷമിരിക്കുന്നതു്" എന്നു നമ്പൂരിപ്പാട്ടിലെ അടുക്കൽ സ്വകാര്യമായിട്ടു പറഞ്ഞു. ഉടനേ രണ്ടുപേരും കൂടി വീണ്ടും അഫ്ഫൻനമ്പൂരിയുടെ അടുക്കൽ ചെന്നു വിലയെക്കുറിച്ചു ചോദിച്ചു. അപ്പോൾ അഫ്ഫൻനമ്പൂരി "ഈ കൊമ്പൻകുട്ടിക്കു കരിനാക്കെന്നുള്ള ദോഷമില്ലായിരുന്നുവെങ്കിൽ അയ്യായിരമുറുപ്പികയിൽ കുറയാതെ ആരും തരുമായിരുന്നു. അയ്യായിരമല്ല, പതിനായിരംതന്നെ കിട്ടിയാലും ഞാൻ കൊടുക്കുകയുമില്ലായിരുന്നു. ഈ ഒരു ദോഷമുള്ളതുകൊണ്ട് ഇതിന്നെ വില തന്ന് ആരും വാങ്ങുമെന്നു തോ

ന്നില്ല. നമ്പൂരിക്കു വേണമെന്നുണ്ടെങ്കിൽ ആയിരമുറുപ്പിക തന്നാൽ ഈ കുട്ടിയെ ഞാൻ തന്നേക്കാം. നല്ല സമ്മതമുണ്ടെങ്കിൽ മതി താനും" എന്നു പറഞ്ഞു. അയ്യായിരമുറുപ്പികയിൽ കുറയാതെ കൊടുക്കേണ്ടതായി വന്നേക്കുമെന്നായിരുന്നു നമ്പൂരിപ്പാട്ടു വിചാരിച്ചിരുന്നത്. ആയിരമെന്നു കേട്ടപ്പോൾ അദ്ദേഹം സസന്തോഷം അതു സമ്മതിക്കുകയും 'കരിനാക്കുണ്ടെങ്കിലും മേക്കാടിനെ നഷ്ടപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല' എന്നു പറയുകയും അപ്പോൾതന്നെ ഉറുപ്പിക വരുത്തി രൊക്കം കൊടുത്ത് ആനക്കുട്ടിയെ വാങ്ങുകയും ഒരാനക്കാരന്റെ സഹായത്തോടുകൂടി ആ കൊമ്പൻകുട്ടിയെ അവിടെനിന്നു കൊണ്ടുപോരികയും ചെയ്തു. ഇപ്രകാരമാണ് ഗോപാലൻ അവണാമനയ്ക്കൽ വന്നുചേർന്നത്. അക്കാലത്തു ഗോപാലനു ഇരുപത്തഞ്ചുവയസ്സു മാത്രമേ പ്രായമായിരുന്നുള്ളൂ. എങ്കിലും ഉടലിന്റെ പുഷ്ടിയും ഉയർച്ചയും കണ്ടാൽ അതിലധികം തോന്നുമായിരുന്നു. കൊമ്പുകളുടെ ഭംഗി, തലക്കുട്ടി, തലയെടുപ്പു മുതലായ ഗുണങ്ങൾകൊണ്ടു ഗോപാലൻ നിസ്തുലനായ ഒരു കൊമ്പൻകുട്ടിതന്നെയായിരുന്നു.

ആനക്കുട്ടിയെ ദേശമംഗലത്തു കൊണ്ടുചെന്നപ്പോൾ അന്നത്തെ അഫ്ഫൻനമ്പൂരിപ്പാട്ട് അതിന്റെ ഭംഗി കണ്ടും വിലയുടെ ലഘുത്വമറിഞ്ഞും വളരെ സന്തോഷിക്കുകയും "ഉണ്ണീ! ഈ കൊമ്പൻകുട്ടി നമ്മുടെ ബ്രഹ്മസ്വംവകയായിട്ടിരിക്കട്ടെ, ഇതിനു കൊടുത്ത വില ഞാൻ തന്നേക്കാം" എന്നു പറയുകയും ആയിരമുറുപ്പിക രൊക്കം മകനു കൊടുത്ത് ആ ആനക്കുട്ടിയെ മനയ്ക്കലേക്കായിട്ടു വാങ്ങുകയും ചെയ്തു.

ഗോപാലന്റെ ബുദ്ധിഗുണം അസാധാരണമായിരുന്നു. അവൻ വളർന്നുവന്നതിനോടുകൂടി അവന്റെ ഗുണങ്ങളും വർദ്ധിച്ചു. നീർക്കോളുള്ള സമയങ്ങളിലല്ലാതെ ഗോപാലനെ കെട്ടിയിടുക (തളയ്ക്കുക) പതിവില്ല. അല്ലാത്ത കാലങ്ങളിൽ മനയ്ക്കലെപ്പറമ്പിൽ അവനു നിശ്ചയിച്ചുകൊടുത്തിരുന്ന സ്ഥലത്തുപോയി നിൽക്കുകയും കിടക്കുകയും ചെയ്തുകൊള്ളും. തീറ്റസ്സാമാനങ്ങളെല്ലാം നേരനീക്കം കൂടാതെ അവിടെ കൊണ്ടുചെന്നു കൊടുത്തേക്കുകയാണ് പതിവ്. ആ പറമ്പിൽ തെങ്ങും വാഴയും മറ്റും ധാരാളമുണ്ടായിരുന്നു. ഒരു സമയം തീറ്റയ്ക്കുള്ളവ കൊണ്ടുചെന്നു കൊടുക്കാൻ സ്വല്പം താമസിച്ചുപോയാലും തെങ്ങും വാഴയും മറ്റും ഒടിച്ചിട്ടും പറിച്ചും അവൻ തിന്നു നശിപ്പിക്കാറില്ല. മനയ്ക്കലെ കുട്ടികളും മറ്റും ഗോപാലന്റെ അടുക്കൽ ചെന്നു കളിക്കുക സാധാരണമായിരുന്നു. കുട്ടികൾ അവന്റെ കൊമ്പിലും വാലിലും മറ്റും പിടിച്ചു വലിച്ച് അവനെ കുറേശ്ശെ ഉപദ്രവിച്ചാലും അവൻ ആരെയും ഉപദ്രവിക്കാറില്ല. കുട്ടികൾ കളിച്ചു ചെയ്യുന്ന ഉപദ്രവങ്ങളെല്ലാം ഗോപാലനു സന്തോഷാവഹങ്ങളായിരുന്നു. കഥയില്ലാത്ത കുട്ടികൾ കളിച്ചു വല്ലതും ചെയ്താലും കാര്യവിവരമുള്ളവനായ താൻ അതിനു പകരം ചെയ്യുന്നതു ശരിയല്ലല്ലോ എന്നായിരുന്നു അവന്റെ വിചാരം.

മനയ്ക്കലുള്ള ഓരോരുത്തരും ഗോപാലനു പതിവായി ചില അവകാശങ്ങൾ കൊടുത്തിരുന്നു. അവയെല്ലാം ഒരു മാത്രപോലും സമയം തെറ്റിക്കാതെ അവൻ അതാതു സ്ഥലങ്ങളിൽ ചെന്നു നിശ്ചിതസമയങ്ങളിൽതന്നെ വാങ്ങി അനുഭവിച്ചുകൊണ്ടിരുന്നു.

മനയ്ക്കൽ കാലത്തെ ഗണപതിഹോമം, ശീവേലി, പൂജ മുതലായവ കഴിയുമ്പോൾ ഗോപാലൻ അടുക്കളയുടെ വടക്കേ വാതിൽക്കലെത്തുക പതിവാണ്. അപ്പോൾ കുറച്ചു നിവേദ്യച്ചോറും, അപ്പം, അട, ശർക്കര, കദളിപ്പഴം, തേങ്ങാപ്പൂൾ മുതലായവയും അമ്മാത്തോൽ കൊടുക്കും. അവയെല്ലാം അമ്മാത്തോൽ കൊച്ചുകുട്ടികൾക്കെന്നപോലെ ഗോപാലന്റെ വായിൽ വച്ചുകൊടുക്കുകയും അവൻ സാദരം വാങ്ങി ഭക്ഷിക്കുകയും ഇടയ്ക്കിടയ്ക്ക് അമ്മാത്തോൽ മകനേ! മകനേ! എന്നു വിളിക്കുകയും അതിനൊക്കെ ഗോപാലൻ അനുസരണത്തോടുകൂടിയും നന്ദിസൂചകമായും ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നതു കാണുകയും കേൾക്കുകയും ചെയ്താൽ ഇജ്ജന്മത്തിലല്ലെങ്കിലും പൂർവ്വജന്മത്തിൽ ഇവർ അമ്മയും മകനും തന്നെയായിരുന്നിരിക്കും എന്ന് ആർക്കും തോന്നിപ്പോകും. വാസ്തവത്തിൽ ആ അമ്മാത്തോൽക്കു ഗോപാലനെക്കുറിച്ചു പുത്രനിർവ്വിശേഷമായ വാത്സല്യവും ഗോപാലനു് അമ്മാത്തോലെക്കുറിച്ചു മാതൃനിർവ്വിശേഷമായ ഭക്തിസ്നേഹാദരങ്ങളുമുണ്ടായിരുന്നു.

ഗോപാലന്റെ ബുദ്ധിവിശേഷങ്ങൾ വിസ്തരിക്കുകയെന്നുവച്ചാൽ അവസാനമില്ലാതെയുണ്ട്. അവയിൽ ചിലതു മാത്രം താഴെ പ്രസ്താവിച്ചുകൊള്ളുന്നു.

ഒരു ദിവസം കാലത്തു ഗോപാലൻ പതിവുപോലെ അടുക്കളവാതിൽക്കൽചെന്നു വായും പൊളിച്ചു നിന്നപ്പോൾ അമ്മത്തോൽ നിവേദ്യച്ചോറു കൊണ്ടുചെന്ന് അവന്റെ വായിൽ വച്ചുകൊടുത്തിട്ടു ശർക്കര, തേങ്ങാപ്പൂൾ മുതലായവ എടുത്തുകൊണ്ടുവരാനായിട്ടു പോയി. ആ സമയം മനയ്ക്കലെ ഒരുണ്ണി ഓടിച്ചെന്നു ഗോപാലന്റെ കൊമ്പുകളിൽ ചാടിപ്പിടിച്ചു തൂങ്ങി. താൻ വായ പൂട്ടിയാൽ ഉണ്ണി വീണെങ്കിലോ എന്നു വിചാരിച്ചു ഗോപാലൻ വായ് പൂട്ടാതെയും അനങ്ങാതെയും ആ നിലയിൽത്തന്നെ നിന്നു. അതിനാൽ വായിൽ കൊടുത്ത ചോറു മുഴുവനും താഴെ വീണുപോയി. അപ്പോഴേക്കും അമ്മാത്തോൽ വീണ്ടും അവിടെ വരികയും ഉണ്ണിയെപ്പിടിച്ചിറക്കി വിടുകയും ഗോപാലന്റെ ബുദ്ധിഗുണത്തെക്കുറിച്ചു വിസ്മയിക്കുകയും ചെയ്തു.

ഒരിക്കൽ മനയ്ക്കലെ തെക്കുവശത്തുണ്ടായിരുന്ന ഒരു പൊട്ടക്കിണററിന്റെ വക്കത്ത് അറുപത്തിനാലു വണ്ണമുള്ളതായ ഒരു വലിയ പിലാവു നിൽക്കുന്നുണ്ടായിരുന്നു. അതു മറിഞ്ഞുവീണാൽ അനേകവിധത്തിലുള്ള നാശങ്ങൾ സംഭവിക്കാനിടയുണ്ടായിരുന്നതിനാൽ അതു മുറിപ്പിച്ചു മാററണമെന്നു തീർച്ചപ്പെടുത്തി. കിണററിലും മററും വീഴാതെയിരിക്കുന്നതിനായി അനേകമാളുകൾ കൂടി വലിയ വടങ്ങളിട്ടു പിടിച്ചുകൊണ്ടാണ് പിലാവു വെട്ടിയത്. എങ്കിലും കടയററപ്പോൾ അതു വീണതു കിണററിലാണ്. സാമാന്യത്തിലധികം വലിപ്പമുള്ളതായ ആ തടി കിണററിൽനിന്നു പിടിച്ചുകയററുകയെന്നതു സുകരമായിട്ടുള്ളതല്ലല്ലോ. ഒന്നാംതരം ഒരു തടി വെറുതെ കളയാൻ ആർക്കെങ്കിലും മനസ്സുവരുമോ? ഏതുവിധത്തിലെങ്കിലും ആ തടി പിടിച്ചുകയററിക്കണമെന്ന് അഛൻനമ്പൂരിപ്പാട്ടു പറയുകയാൽ ആനക്കാർ ഗോപാലനെയും കൊണ്ടുപോയി പല പ്രാവശ്യം പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ചുനോക്കീട്ടും ഒരു ഫലവുമുണ്ടായില്ല. പിന്നെ ഒരു ദിവസം അഛൻനമ്പൂരിപ്പാട്ട് അവിടെ സ്വന്തം ക്ഷേത്രത്തിൽ വഴിപാടു കഴിപ്പിച്ച് ഒരു നാലിടങ്ങഴിയുരുളി നിറച്ച് അപ്പവും നാലഞ്ചുകുല പഴവും അൻപതു കൊട്ടത്തേങ്ങയും അരത്തുലാം ശർക്കരയും വരുത്തി അഛൻനമ്പൂരിപ്പാട്ടു പതിവായിട്ടിരിക്കുന്ന പൂമുഖത്തിന്റെ മുൻവശത്തു നിരത്തിവയ്പിച്ചു. ഗോപാലനെ പകലേ നാലുമണിക്കു കുളിപ്പിച്ച് അഛൻനമ്പൂരിപ്പാട്ടിലെ മുമ്പിൽ കൊണ്ടുചെല്ലുക പതിവാണ്. ആ പതിവനുസരിച്ച് അവനെ അന്നും കൊണ്ടുചെന്നു. അപ്പോൾ മേല്പറഞ്ഞ സാധനങ്ങളൊക്കെ അവിടെയിരിക്കുന്നത് അവൻ കണ്ടു എങ്കിലും അതൊന്നും കണ്ടതായി അവൻ ഭാവിച്ചുപോലുമില്ല. ഗോപാലൻ അടുത്തു ചെന്നയുടനെ അഛൻനമ്പൂരിപ്പാട്ട്, "ഗോപാലാ! ആ തടി ആ കിണററിൽ കിടന്നാൽ മതിയോ? നീ ഇവിടെ ഉള്ള സ്ഥിതിക്ക് അത് അവിടെ കിടന്നു വെറുതെ പോകുന്നതു കഷ്ടമാണ്. നിവൃത്തിയുണ്ടെങ്കിൽ അതു പിടിച്ചെടുത്തു കരയ്ക്കിട്ടാൽ കൊള്ളാം" എന്നു പറഞ്ഞു. ഇതു കേട്ട ക്ഷണത്തിൽ ഗോപാലൻ ആ തടി കിടന്നിരുന്ന സ്ഥലത്തേക്കു നടന്നു. അവിടെ ചെന്ന ഉടനേ കിണററിന്റെ വക്ക് ഇടിഞ്ഞുപോയേക്കുമെന്നുള്ള സംശയം തീർക്കുന്നതിനായി ചുററും നടന്നു ചവിട്ടി നോക്കി. ഇടിയുകയില്ലെന്നു നിശ്ചയം വരുത്തിയതിന്റെ ശേഷം മുട്ടുകുത്തി കിടന്നുകൊണ്ടു കിണററിൽ കിടന്ന തടി തുമ്പിക്കൈകൊണ്ടു പിടിച്ചു താങ്ങി നിവിർത്തുനിറുത്തി. പിന്നെ സ്വല്പംകൂടി താഴെയായിട്ടു പിടിച്ചുവലിച്ചു തടി കരയ്ക്കു കയററി അലക്ഷ്യഭാവത്തിൽ ഒരേരുകൊട്ടുതിട്ടു വീണ്ടും അഛൻനമ്പൂരിപ്പാട്ടിലെ മുമ്പിലെത്തി. ഉടനേ നമ്പൂരിപ്പാട്ട് അവിടെ ഒരുക്കിവച്ചിരുന്ന സാധനങ്ങളെല്ലാം ഗോപാലനു കൊടുക്കുകയും അവൻ അവയെല്ലാം വാങ്ങിത്തിന്നുകയും ചെയ്തു. കിടങ്ങൂർ കണ്ടങ്കോരൻ എന്തെങ്കിലും കൈക്കൂലി കൊടുക്കാമെന്ന് ഉടമ്പടി ചെയ്യാതെ ഒന്നും ചെയ്യാറില്ലല്ലോ. ഗോപാലനു് അങ്ങനെയുള്ള നിർബന്ധമൊന്നുമില്ല. പറയാനുള്ളവർ പറഞ്ഞാൽ അവൻ എന്തും ചെയ്യും. പിന്നെ സന്തോഷിച്ച് എന്തെങ്കിലും കൊടുത്താൽ അതു വാങ്ങുകയും ചെയ്യും. അങ്ങനെയാണ് ഗോപാലന്റെ സ്വഭാവം.

അവണാമനയ്ക്കൽ നമ്പൂരിപ്പാട്ട് ഊരകത്ത് അമ്മതിരുവടിയെക്കുറിച്ചു വളരെ ഭക്തിയുള്ള ആളും അവിടേക്കു വേണ്ടി എന്തും ചെയ്വാൻ സദാ സന്നദ്ധനുമായിരുന്നു. ആറാട്ടുപുഴപൂരത്തിന് അമ്മതിരുവടിയെ എഴുന്നള്ളിക്കുവാൻ ആണ്ടുതോറും ഗോപാലനെ അയച്ചുകൊടുക്കുക പതിവായിരുന്നു. ആ എഴുന്നള്ളത്തിന് ഇരുപത്തൊൻപതാനകളാണല്ലോ പതിവ്. അതിനാൽ ഗോപാലനേക്കൂടാതെ ഇരുപത്തെട്ടാനകൾ കൂടി അവിടെ ആവ

ശ്യമാണ്. ഒരു കൊല്ലം ആനകൾ തികയാതെ വന്നതിനാൽ അവണാമനസ്സുൽ നമ്പൂരിരിപ്പാട്ടു കോട്ടക്കൽകോവിലകം വക മൂന്നാനകളെക്കൂടി വരുത്തിക്കൊടുത്തു. പൂരം കഴിഞ്ഞതിന്റെ ശേഷം ഗോപാലനേയും മറ്റേ മൂന്നാനകളേയും അടുക്കലടുക്കൽ കെട്ടി തീററയിട്ടുകൊടുത്തു. തന്റെ അടുക്കലെങ്ങാനും മററാനകളെ കെട്ടുന്നുണ്ടെങ്കിൽ തന്റെ ദൃഷ്ടിയിൽപെടത്തക്കവണ്ണം വേണമെന്നു ഗോപാലനു നിർബന്ധമുണ്ടായിരുന്നതിനാലാണ് അങ്ങനെ ചെയ്തതു്. കോട്ടക്കൽനിന്നു വരുത്തിയിരുന്ന ആനകളുടെ കൂട്ടത്തിൽ ഒരു കുട്ടിക്കൊമ്പനുണ്ടായിരുന്നു. അവന്റെ മുമ്പിലിട്ടിരുന്ന തീററ തീൎന്നുപോയതിനാൽ അവൻ ഗോപാലന്റെ മുമ്പിൽ കിടന്നിരുന്ന തീററയിൽനിന്ന് ഒരു തെങ്ങിൻപട്ട (തെങ്ങോലമടൽ) വലിച്ചെടുത്തു. ഉടനേ ഗോപാലൻ തന്റെ മുമ്പിൽനിന്നു മൂന്നാലു പട്ട ആ കുട്ടിക്കൊമ്പന്റെ അടുക്കലേക്കു മാററിയിട്ടുകൊടുത്തു. അതുകൊണ്ടു തൃപ്തിപ്പെടാതെ ആ കുട്ടിയാന കയറി ഗോപാലനെ കുത്തി. ഗോപാലൻ കുത്തുകൊള്ളാതെ ഒഴിഞ്ഞുമാറീട്ടു തുമ്പിക്കൈ ചുരുട്ടി ആ ആനക്കുട്ടിക്കിട്ടു് ഒരു തട്ടുകൊടുത്തു. തട്ടുകൊണ്ടു കുട്ടിയാന നാലുകാലും മലച്ചു "പൊത്തോ" എന്നു വീണു. അപ്പോഴേക്കു് ആനക്കാർ ചെന്നു ചങ്ങല അഴിച്ചതുകൊണ്ടു് അതു ചത്തില്ല. ആനക്കാർ ഉടനേ അടുത്തെത്തി ചങ്ങല അഴിച്ചില്ലെങ്കിൽ ആ കുട്ടിയാനയുടെ കഥ അപ്പോൾതന്നെ കഴിയുമായിരുന്നു. ഇതുകൊണ്ടു ഗോപാലനു വേണ്ടതുപോലെ ഔദാൎയ്യവും ദുസ്സാമൎത്ഥ്യം കാട്ടുന്നവരെ ഉടനുടൻ ശിക്ഷിക്കണമെന്നുള്ള വിചാരവുമുണ്ടായിരുന്നു എന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

ആറാട്ടുപുഴപ്പൂരം കഴിഞ്ഞു് ആറാട്ടിനു കടവിലേക്കെഴുന്നള്ളിച്ചാൽ ഗോപാലനെ കുളിപ്പിച്ചു് അവനു തീററിക്കു പതിവുള്ള അൻപതു തെങ്ങിൻപട്ടയുമെടുപ്പിച്ചു് അവിടെനിന്നു രണ്ടുനാഴിക വടക്കു് അവണാമനസ്സുലേ വക പടിക്കപ്പറമ്പു് എന്ന ദിക്കിൽ ഒരു സ്ഥലത്തു കൊണ്ടുപോയി കെട്ടുകയാണ് പതിവു്. അങ്ങോട്ടു പോകുമ്പോൾ കുറച്ചിട രണ്ടുവശവും വേലിയായിട്ടുള്ള ഒരിടവഴിയുണ്ടു്. ഒരിക്കൽ ആ ഇടവഴിയിലായപ്പോൾ നാസ്സുൻജാതിയിലുള്ള കുരുടനായ ഒരുത്തൻ തപ്പിത്തപ്പി അതിലേ വരുന്നുണ്ടായിരുന്നു. അന്നപ്പുറത്തു് ഉറക്കംതൂങ്ങിക്കൊണ്ടിരുന്നതിനാൽ ആനക്കാരനും രണ്ടു വശവുമുള്ള വേലിക്കു കേടുവരാതെയിരിക്കുന്നതിനായി പൊക്കിപ്പിടിച്ചിരുന്ന തെങ്ങിൻപട്ടയുടെ മറവുകൊണ്ടു് ആനയും ആ കുരുടൻ വരുന്നതു കണ്ടില്ല. അടുത്തു വന്നപ്പോൾ ചങ്ങല കിലുങ്ങുന്നതു കേട്ടിട്ടോ, എന്തോ ഒരാന വരുന്നുണ്ടെന്നു തോന്നുകയാൽ കുരുടൻ ഭയപ്പെട്ടു് "അയ്യോ!" എന്നു് ഉറക്കെ നിലവിളിച്ചു. ഇതു കേട്ടപ്പോൾ ആരോ ഒരാൾ തന്റെ മുൻവശത്തെത്തീട്ടുണ്ടെന്നു ഗോപാലനും മനസ്സിലായി. ഉടനേ അവൻ സ്വല്പം പിൻപോട്ടു മാറി തെങ്ങിൻപട്ട താഴെവച്ചിട്ടു തുമ്പിക്കൈകൊണ്ടു കുരുടനേ പതുക്കെയെടുത്തു വേലിക്കു മീതെ പറമ്പിലേക്കു വെച്ചതിന്റെ ശേഷം പട്ടയുമെടുത്തു നേരെ പോവുകയും ചെയ്തു. ഇതുകൊണ്ടു ഗോപാലനു ഭൂതദയയും മനസ്സലിവും എത്രമാത്രമുണ്ടായിരുന്നു എന്നു് ഊഹിക്കാമല്ലോ. ഇങ്ങനെ വേറെയും പല സംഗതികളുണ്ടായിട്ടുണ്ടു്.

ഒരിക്കൽ ഗോപാലൻ ദേശമംഗലത്തുവച്ചു് ഏററവും കുണ്ടായിട്ടുള്ള ഒരിടവഴിയിൽകൂടി പുഴയിലേക്കു പോയ സമയം ഗർഭിണിയായ ഒരു ഈഴവസ്ത്രീ എതിരേ വന്നു. ഏററവും അടുത്തതിൽ പിന്നെയാണ് അവൾ ആനയെ കണ്ടതു്. വഴി മാറിപ്പോകുന്നതിനു അവിടെ യാതൊരു സൌകൎയ്യവുമില്ലാതെയിരുന്നതിനാൽ അവൾ ഭയപരവശയായി അവിടെനിന്നു വല്ലാതെ പരുങ്ങി. അപ്പോൾ ഗോപാലൻ, ഇതൊരു ഉപദ്രവമായിത്തീൎന്നുവല്ലോ എന്നുള്ള ഭാവത്തോടുകൂടി ഒരു പറമ്പിലേക്കു കയറി ഒഴിഞ്ഞുപോയി. ഇങ്ങനെ ഇനിയും പലതും പറയാനുണ്ടെങ്കിലും മിക്കവയും ഒരുപോലെതന്നെയുള്ളവയാകയാൽ ഈ ഭാഗം ഇനി വിസ്തരിക്കുന്നില്ല.

സാധാരണയായി വലിയ ആനകളെല്ലാംതന്നെ എഴുന്നള്ളിപ്പിനോ തടി പിടിക്കുന്നതിനോ ഏതിനെങ്കിലും ഒന്നിനു കൊള്ളാവുന്നവയായിരിക്കും. രണ്ടിനും കൊള്ളാവുന്ന ആനകൾ ചുരുക്കമാണ്. എന്നാൽ ഗോപാലൻ ഈ രണ്ടു കാൎയ്യങ്ങൾക്കും അധിതീയൻതന്നെയായിരുന്നു. ഗോപാലൻ വളൎന്നു് ഒരൊത്തയാനയായതിൽപ്പിന്നെ ആജീവനാന്തം കൊച്ചിരാജ്യത്തെ പ്രധാനപ്പെട്ട എഴുന്നള്ളത്തുകളെല്ലാം നിൎവ്വഹിച്ചിട്ടുള്ളതു് അവൻതന്നെയാണ്. ഗോപാലൻ പ്രകൃത്യാതന്നെ തലയെടുപ്പുള്ള ഒരാനയായിരുന്നു. അവന്റെ തലയിൽ

പട്ടം (കോലം) വച്ച് എഴുന്നള്ളിച്ചുകഴിയുമ്പോൾ അവൻ തല ഒന്നുകൂടി പൊക്കിപ്പിടിക്കുക പതിവായിരുന്നു. ഒന്നിലധികം ദേവന്മാരെ ഒരുമിച്ചെഴുന്നള്ളിക്കുന്ന സ്ഥലങ്ങളിൽ ഗോപാലന്റെ പുറത്ത് ഒരു ദേവനെ എഴുന്നള്ളിച്ചിരിക്കുമ്പോൾ അവനേക്കാൾ വലിയതായ മറ്റൊരാനയുടെ പുറത്തു മറ്റൊരു ദേവനെ എഴുന്നള്ളിച്ച് അടുപ്പിച്ചുനിറുത്തിയാൽ അധികം പൊങ്ങിക്കാണുന്നതു ഗോപാലന്റെ തലയായിരിക്കും. എന്നാൽ ആവശ്യംപോലെ തല താഴ്ത്തിയും ദേഹം ചുരുക്കിയും ചെറുതാവാനും ഗോപാലനു കഴിയുമായിരുന്നു. ഗോപാലനുണ്ടായിരുന്ന കാലത്തെല്ലാം തൃശ്ശിവപേരൂർപൂരത്തിൽ പാറമേക്കാവിലെ എഴുന്നള്ളത്തിനു് അവൻ തന്നെയായിരുന്നു പതിവു്. പാറമേക്കാവിൽനിന്നെഴുന്നള്ളിച്ചു വന്നു വടക്കുന്നാഥക്ഷേത്രത്തിലെ കിഴക്കേഗോപുരത്തിൽക്കൂടി അകത്തേക്കു കടക്കുമ്പോഴും തെക്കേഗോപുരത്തിൽക്കൂടി പുറത്തേക്കിറങ്ങുമ്പോഴും ഗോപാലനെ കണ്ടാൽ തലയെടുപ്പില്ലാത്ത ഒരു കുട്ടിയാനയാണെന്നു തോന്നുമായിരുന്നു. അവിടം കടന്നാൽ പിന്നെ അവന്റെ തലയേക്കാൾ പൊങ്ങി മറ്റൊരാനയുടെ തലയും കണ്ടിരുന്നുമില്ല. പഞ്ചാരി, പാണ്ടി എന്നീമേളങ്ങൾ കൊട്ടുന്ന സമയങ്ങളിൽ ഗോപാലൻ ചെവിയാട്ടുന്നതു കണ്ടാൽ അവനു മേളത്തിന്റെ ജ്ഞാനവും താളസ്ഥിതിയും നല്ലപോലെയുണ്ടെന്നു മനസ്സിലാകുമായിരുന്നു. ഗംഗാധരനേപ്പോലെ കൂട്ടാനകളെ കുത്തുക മുതലായ ഉപദ്രവങ്ങളൊന്നും ഗോപാലൻ ചെയ്തിരുന്നില്ല. എന്നാൽ അവനെ ഉപദ്രവിക്കാൻചെല്ലുന്ന ആനകളെ അവൻ നല്ലപാഠം പഠിപ്പിക്കുകയും ചെയ്യുമായിരുന്നു.

ഒരു കൊല്ലം തൃപ്പൂണിത്തുറ ഉത്സവത്തിൽ ഗോപാലന്റെ പുറത്തു തൃപ്പൂണിത്തുറയപ്പനെ വിളക്കിനെഴുന്നള്ളിച്ചിരുന്ന സമയം കൂട്ടാനകളുടെ കൂട്ടത്തിൽ പാഴൂർ പട്ടത്തോൽ വക ആനയുമുണ്ടായിരുന്നു. ആ ആനയെയാണ് ഗോപാലന്റെ അടുക്കൽ നിറുത്തിയിരുന്നതു്. ആ ആനയ്ക്കു നീരു വന്നു പൊട്ടിയൊലിക്കുന്നുണ്ടായിരുന്നു. മദജലത്തിന്റെ ഗന്ധം ഗോപാലനു് അത്ര ഇഷ്ടമല്ലാഞ്ഞതിനാൽ അവൻ ഒന്നു ചുളിഞ്ഞു് ഇടത്തുവശത്തേക്കു് ഒതുങ്ങിനിന്നു. അതു കണ്ടപ്പോൾ പാഴൂരാനയ്ക്കു ഗോപാലൻ തന്നെ കുത്താൻ ഭാവിക്കുകയാണെന്നു തോന്നുകയാൽ ആ ആന കയറി ഗോപാലനിട്ട് ഒരു കുത്തു കൊടുത്തു. ഗോപാലൻ അതു കൊള്ളാതെ തട്ടത്തിട്ടു പാഴൂരാനയെ കുത്താനായിത്തിരിഞ്ഞു. അതു കണ്ടു പാഴൂരാന പേടിച്ചു പിന്നാട്ടോടി മതിൽക്കകത്തു തെക്കുകിഴക്കേ മൂലയ്ക്കലെത്തി. അപ്പോഴേക്കും ഗോപാലൻ പിന്നാലെ ചെന്നു പാഴൂരാനയുടെ പിൻഭാഗത്തു് ഒരു കുത്തു കൊടുത്തു. ഗോപാലൻ വലിയ ഊക്കോടുകൂടിയല്ല കുത്തിയതു്. അതിനാൽ അവന്റെ കൊമ്പു ഒരു ചാൺ മാത്രമേ മറ്റേ ആനയുടെ ദേഹത്തിൽ കയറിയുള്ളു. എങ്കിലും മറ്റേ ആനയുടെ കൊമ്പുകൾ പകുതിയിലധികം ഭാഗം മതിലിന്മേൽ കയറുകയും ആ ആന ഉറക്കെ നിലവിളിച്ചുകൊണ്ടു മലമൂത്രവിസർജ്ജനം ചെയ്യുകയും ചെയ്തു. ഇത്രയും കഴിഞ്ഞതിന്റെ ശേഷം ഗോപാലൻ എഴുന്നള്ളിച്ചു നിറുത്തിയിരുന്ന സ്ഥലത്തു വന്നു യഥാപൂർവ്വം അനങ്ങാതെ നില്ക്കുകയും ചെയ്തു. അവന്റെ അപ്പോഴത്തെ ഭാവം കണ്ടാൽ ഇതൊന്നും അവനറിഞ്ഞതേയില്ലെന്നു തോന്നുമായിരുന്നു.

എഴുന്നള്ളിച്ചിരിക്കുന്ന സമയങ്ങളിൽ എന്തെല്ലാം ബഹളങ്ങളും ലഹളകളുമുണ്ടായാലും ഗോപാലൻ അനങ്ങാറില്ല. ഒരിക്കൽ പെരുമനത്തുപൂരത്തിനു് ഒരു വലിയ ബഹളമുണ്ടായി. ശേഷമുണ്ടായിരുന്ന ആനകളും ഓടിയെങ്കിലും ഗോപാലൻ നിന്നനിലയിൽ നിന്നിളകിയില്ല. കമ്പക്കോട്ടകൾ പൊട്ടിത്തുടങ്ങുമ്പോൾ ചില ആനകൾ കമ്പം പിടിച്ച് ഓടിത്തുടങ്ങുമല്ലോ. എന്നാൽ ഗോപാലനു കരിമരുന്നുപ്രയോഗങ്ങൾ കാണുകയും അവയുടെ ശബ്ദം കേൾക്കുകയും ചെയ്യുന്നതു ബഹുരസമായിരുന്നു. നീർക്കോളിന്റെ ആരംഭകാലത്തു മാത്രമേ അവനു് ഈ വക സംഗതികളിൽ സ്വല്പം വൈരസ്യമുണ്ടായിരുന്നുള്ളു. ദേഹസുഖമില്ലാത്തപ്പോൾ മനുഷ്യർക്കും വിനോദങ്ങളിൽ രസമുണ്ടായിരിക്കയില്ലല്ലോ.

തൃശ്ശിവപേരൂർപൂരത്തിനു പാറമേക്കാവിലെ എഴുന്നള്ളത്തിനു കൊണ്ടുപോയാൽ തലയിൽക്കെട്ടു കെട്ടിച്ചു കഴിഞ്ഞാൽ പിന്നെ ഇറക്കിഎഴുന്നള്ളിച്ചു കഴിയുന്നതുവരെ ഗോപാലന്റെ കാര്യത്തിൽ ആനക്കാരനേക്കൊണ്ടു് ആവശ്യമൊന്നുമുണ്ടായിരുന്നില്ല. എഴുന്നള്ളിക്കാറാവുമ്പോൾ മടക്കുന്നതിനും എഴുന്നള്ളിച്ചിരിക്കുമ്പോൾ നടക്കേണ്ടുന്ന ദിക്കിൽ നടക്കുന്നതിനും നില്ക്കേണ്ടുന്നിടത്തു നില്ക്കുന്നതിനും, മറ്റും അവനോടാരും പറയേണ്ടിയിരുന്നില്ല. എല്ലാം അവനറിയാമായിരുന്നു.

ഗോപാലൻ എഴുന്നള്ളിപ്പിന്നെന്നപോലെതന്നെ തടി പിടിക്കുന്നതിനും സമർത്ഥനായിരുന്നുവെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഇരുപത്തു കണ്ടിവരെയുള്ള തടി പിടിക്കുന്നതിനു് അവനു് ഒരു ക്ലേശവുമുണ്ടായിരുന്നില്ല. കൊച്ചീരാജ്യത്തു മൂന്നു മലകളിലേ തടികൾ കുററിക്കാണം തീർത്തുവാങ്ങി കച്ചവടം നടത്തിയിരുന്ന വെള്ളാസ്സൂൽ ശങ്കുണ്ണിമേനവനാണു് അദ്ദേഹത്തിന്റെ ജീവാവസാനം വരെ ഗോപാലനെ പാട്ടത്തിനേററിരുന്നതു്. പൂരത്തിനു പാറമേക്കാവിലെ എഴുന്നള്ളത്തിനു ഗോപാലൻ അക്കാലത്തു പതിവുകാരനായിത്തീർന്നതും ദേവസ്വംസമുദായവും പൂർവ്വാശ്രമക്കാരിൽ പ്രമാണിയുമായ ഈ മേനവൻ മുഖാന്തരമാണു്.

ഗോപാലനു തടിപിടിക്കുന്ന കാര്യത്തിൽ ഒട്ടും മടിയുണ്ടായിരുന്നില്ലെങ്കിലും വക്കകെട്ടി കൊട്ടുക്കുന്നവരോടു് അവനു വലിയ വിരോധമായിരുന്നു. "ഇവർ നിമിത്തമാണു് ഞാനിതു പിടിക്കേണ്ടതായി വന്നതു്" എന്നായിരുന്നിരിക്കാം അവന്റെ വിചാരം. അതിനാൽ വക്ക കെട്ടി കഴിഞ്ഞിട്ടേ ഗോപാലനേ തടിയുടെ അടുക്കലേക്കു കൊണ്ടുചെല്ലാറുള്ളു. ഗോപാലൻ ചെല്ലുമ്പോൾ വക്കകെട്ടുകാർ ഒളിച്ചു മാറിക്കളയും. അങ്ങനെയാണു് പതിവു്. നേരെ കണ്ടാൽ അവൻ ഉപദ്രവിച്ചേക്കുമെന്നുള്ള ഭയം അവർക്കു വളരെയുണ്ടായിരുന്നു. എന്നാൽ ഗോപാലൻ കേവലം നിർദ്ദയനല്ലായിരുന്നു. എങ്കിലും വക്കകെട്ടുകാർ വളരെ ഭയത്തോടുകൂടിയാണു് പെരുമാറിയിരുന്നതു്.

ഒരിക്കൽ കണക്കൻ (എന്നൊരു ജാതിക്കാരൻ) ശങ്കരൻ എന്നൊരുവൻ "പറവട്ടാനി" മലയിൽ "എരുപ്പൻപാറ" എന്ന സ്ഥലത്തു തടികൾക്കു വക്കകെട്ടിക്കൊണ്ടുനിന്നു. ഗോപാലൻ അടുത്തു ചെന്നപ്പോൾ ശങ്കരൻ ഒളിച്ചു മാറി നിന്നു. ഗോപാലൻ ചെന്നു മുറുക്കു തടി പിടിച്ചുതുടങ്ങി. ആ സമയം ഗോപാലൻ കണ്ടേക്കുമെന്നു ഭയപ്പെട്ടു സ്വല്പംകൂടി മാറിയതിനാൽ ശങ്കരൻ പെട്ടെന്നു പുഴയിലേക്കു വീണു. അവിടം അഗാധമായ ഒരു സ്ഥലമായിരുന്നു. അതിനാൽ അവൻ പുഴയിൽനിന്നു കയറുവാൻ കഴിയാതെ കഷ്ടിച്ചുതുടങ്ങി. ഗോപാലൻ അതു കണ്ടു പെട്ടെന്നു വക്ക താഴെ വച്ചിട്ടു് ഓടിച്ചെന്നു തുമ്പിക്കൈകൊണ്ടു ശങ്കരനെ പതുക്കെപ്പിടിച്ചെടുത്തു കരയ്ക്കു വച്ചു. അതിനാൽ ശങ്കരൻ മരിച്ചില്ല. വക്ക കെട്ടിയതു് ഈ ശങ്കരനാണെന്നു ഗോപാലൻ നല്ലപോലെ അറിയാമായിരുന്നു. എങ്കിലും ആ വിരോധം അവനപ്പോൾ കാണിച്ചില്ല. ഗോപാലൻ രക്ഷിച്ചില്ലെങ്കിൽ ശങ്കരന്റെ കഥ അന്നു കഴിയുമായിരുന്നു.

അവണാമനസ്സിലേക്കു "കുട്ടികൃഷ്ണൻ" എന്നൊരാനകൂടിയുണ്ടായിരുന്നു. അവനും തടി പിടിക്കുന്നതിനു് അതിസമർത്ഥനായിരുന്നു. ഗോപാലൻ പിടിക്കുന്ന തടികളെല്ലാം കുട്ടികൃഷ്ണനും പിടിക്കുമായിരുന്നു. എങ്കിലും അവൻ ഒരു കുസൃതിക്കാരനായിരുന്നു. ദേഷ്യംവന്നാൽ കുട്ടികൃഷ്ണൻ കിടങ്ങൂർകണ്ടൻകോരനേപ്പോലെ മുൻപോട്ടു കൊണ്ടുപോയ തടി പിന്നാക്കം കൊണ്ടുവന്നു വല്ല അപകടസ്ഥലത്തും തട്ടിയിടും. അതിനാൽ ഗോപാലനോടുകൂടിയല്ലാതെ അവനെ പാട്ടത്തിനു കൊടുക്കാറില്ലായിരുന്നു. ഗോപാലൻ കൂടെയുണ്ടെങ്കിൽ കുട്ടികൃഷ്ണൻ ഏററവും മര്യാദക്കാരനായിരിക്കും. ഗോപാലനെ അവനു വളരെ ഭയവും ബഹുമാനവുമുണ്ടായിരുന്നു. കുട്ടികൃഷ്ണൻ നീക്കോൽകൊണ്ടു ഭ്രാന്തുപിടിച്ചു നിൽക്കുന്ന സമയത്തായാലും ഗോപാലൻ ചെന്നാൽ പട്ടിയേപ്പോലെ പിന്നാലെ പോകുമായിരുന്നു. ദുസ്സാമർത്ഥ്യം കാട്ടിയാൽ ഗോപാലൻ മുറുക്കു ശിക്ഷിക്കുമെന്നു കുട്ടികൃഷ്ണനു നല്ലപോലെ അറിയാമായിരുന്നു.

തീററസ്സാമാനങ്ങൾ എന്തുതന്നെ കണ്ടാലും അവ എടുത്തുകൊള്ളുന്നതിനു് അവയുടെ ഉടമസ്ഥനോ ആനക്കാരനോ പറയാതെ ഗോപാലൻ തൊട്ടുകപോലും ചെയ്യാറില്ല. ഒരിക്കൽ ഗോപാലനെ ദേശമംഗലത്തു് ഒരു പറമ്പിൽകൂടി കൊണ്ടുപോയപ്പോൾ അവിടെ ഒരു പിലാവിന്മേൽ ധാരാളം ചക്ക കിടക്കുന്നതു കണ്ടിട്ടു് ആനക്കാരൻ "ഒരു ചക്ക ഈ ആനയ്ക്കു കൊടുക്കാമോ?" എന്നു ചോദിച്ചു. "ആനയ്ക്കു ചക്ക കൊടുക്കണമെങ്കിൽ വിലകൊടുത്തു വാങ്ങിക്കൊടുക്കണം" എന്നു പറമ്പിന്റെ ഉടമസ്ഥൻ പറഞ്ഞപ്പോൾ ആനക്കാരൻ "ഈ ആന മനസ്സിലേ വകയാണു്, പറമ്പും മനസ്സിലേ വകതന്നെയാണല്ലോ" എന്നു വീണ്ടും പറഞ്ഞു. അതിനു മറുപടിയായി പറമ്പിന്റെ ഉടമസ്ഥൻ പറഞ്ഞതു, "പറമ്പു മനസ്സിലേ വകയാണെങ്കിൽ ഞാൻ പാട്ടം ശരിയായിട്ടു് അവിടെ കൊടുക്കുന്നുണ്ടു്. ആനയ്ക്കു ചക്ക കൊടുക്കണമെന്നു് ആധാരത്തിൽ പറഞ്ഞിട്ടില്ല" എന്നാണു്. പിന്നെ ആനക്കാരൻ അയാളോ

ടൊന്നും പറഞ്ഞില്ല. പറമ്പിന്റെ ഉടമസ്ഥൻ കേൾക്കാതെ തന്നത്താൻ "നാളെ നേരംവെളുക്കുമ്പോൾ ഈ പിലാവിന്മേൽ ഒരു ചക്കയും കാണുകില്ല" എന്നു പതുക്കെ പറഞ്ഞുകൊണ്ടുപോയി. അതു ഗോപാലനോടായിട്ടുമല്ലായിരുന്നു. എങ്കിലും ഗോപാലൻ അതു കേൾക്കാതെയിരുന്നില്ല.

അന്നു വൈകുന്നേരവും ആനക്കാരൻ ഗോപാലനെ പതിവുസ്ഥലത്തു കൊണ്ടുപോയി നിറുത്തി. ഏകദേശം അർദ്ധരാത്രിയായപ്പോൾ ഗോപാലൻ പതുക്കെ അവിടെനിന്നു പുറപ്പെട്ടു. പകൽ കണ്ട പിലാവിന്റെ ചുവട്ടിൽ ചെന്ന് അതിന്മേലുണ്ടായിരുന്ന ചക്ക മുഴുവനും പറിച്ചു താഴെയിട്ട് അവനു വേണ്ടതു തിന്നുകയും അധികമുണ്ടായിരുന്നതു മനയ്ക്കലേ മററാനകൾക്കു കൊണ്ടുചെന്നു കൊടുക്കുകയും ചെയ്തതിന്റെ ശേഷം സ്വസ്ഥാനത്തു ചെന്നു യഥാപൂർവ്വം നിൽക്കുകയും ചെയ്തു. അതിൽ പിന്നെ ഗോപാലനു വേണ്ടി ആനക്കാരു എന്തു ചോദിച്ചാലും ആ ദിക്കുകാരിലാരും കൊടുക്കാതെയിരുന്നില്ല.

ഇത്രയുമെല്ലാം ബുദ്ധിയും സാമർത്ഥ്യവും സത്യവും കൃത്യനിഷ്ഠയും മററനേകഗുണങ്ങളുമുണ്ടായിരുന്നിട്ടും ഗോപാലൻ ഒരു കടുംകൈ ചെയ്തിട്ടുണ്ട്. അത് അവന്റെ ആനക്കാരനായിരുന്ന അച്ചുതമേനവനെ പുഴയിൽ മുക്കിക്കൊന്നു എന്നുള്ളതാണ്. പക്ഷേ അവൻ അതു മനസ്സറിയാതെ ചെയ്തുപോയതാണ്. സ്വബോധത്തോടുകൂടി ഇപ്രകാരമുള്ള ദുഷ്കൃത്യം അവൻ ഒരിക്കലും ചെയ്തിട്ടില്ല. നീർക്കോൾകൊണ്ട് അവനു ഭ്രാന്തുപിടിച്ചിരുന്ന സമയം പുഴയിൽ നനയ്ക്കാൻ കൊണ്ടുപോയതിനാലാണ് അവൻ ഇപ്രകാരം ചെയ്തുപോയത്. നീരു ഭേദമായപ്പോൾ അച്ചുതമേനവനെ കാണാഞ്ഞിട്ടു ഗോപാലൻ വളരെ വ്യസനിക്കുകയും താൻ ചെയ്ത ക്രൂരപ്രവൃത്തിയെക്കുറിച്ച് അന്യന്മാർ പറഞ്ഞറിഞ്ഞപ്പോൾ ഏററവും പശ്ചാത്തപിക്കുകയും ചെയ്തു.

ഗോപാലൻ ദേശമംഗലത്തു താമസിച്ചിരുന്ന കാലത്തെല്ലാം അവനെ ഭാരതപ്പുഴയുടെ ഒരു ഭാഗമായ ദേശമംഗലത്തുപുഴയിലാണ് കൊണ്ടുപോയി കുളിപ്പിക്കുക പതിവ്. ഒരു ഭാഗം തേച്ചു വൃത്തിയാക്കിക്കഴിഞ്ഞാൽ മറേറ ഭാഗം അവൻ ആരും പറയാതെ സ്വയമേവ കാണിച്ചുകൊടുക്കും. പക്ഷേ തേച്ച ഭാഗം വൃത്തിയായി എന്നു ആനക്കാരും മററും പറഞ്ഞാൽ പോരാ; അവനുതന്നെ തോന്നണം. അവന്റെ കുളി കഴിഞ്ഞാൽ ആനക്കാരുടെ കുളികൂടി കഴിയുന്നതുവരെ അവനവിടെ കാത്തുനിൽക്കാറില്ല. കുളി കഴിഞ്ഞു കരയ്ക്കു കയറിയാലുടനെ അവൻ നേരെ മനയ്ക്കലേക്കു നടക്കും. അപ്പോൾ അവിടെ ഗോപാലനു പതിവുള്ള ചോറു നെയ്യും കൂട്ടിക്കുഴച്ചുവെച്ചിരിക്കും. അവൻ അതു വാങ്ങി തിന്നിട്ട് അവനു കിടപ്പിനു നിശ്ചയിച്ചിട്ടുള്ള സ്ഥലത്തു പോയി നിൽക്കും. അപ്പോഴേക്കും ആനക്കാർ കുളിയും മററും കഴിഞ്ഞു വരും. പിന്നെ അവർ ഗോപാലനു രാത്രിയിൽ തിന്നാനുള്ള സാധനങ്ങളെല്ലാം അവിടെ ശേഖരിച്ചുകൊടുത്തിട്ടു പോകും. ഇങ്ങനെയെല്ലാമായിരുന്നു ഗോപാലന്റെ പതിവുകൾ.

ഒരു ദിവസം ഗോപാലൻ പകലേ നാലുമണിക്കു കുളി കഴിഞ്ഞു മനയ്ക്കൽ വന്നു പതിവുള്ള ചോറു മേടിച്ചു തിന്നതിന്റെ ശേഷം അവിടെ മുററത്തു കിടന്നിരുന്ന ചാരം തുമ്പിക്കൈകൊണ്ടു വാരി മൂന്നു പ്രാവശ്യം മേലെല്ലാം ഇട്ടിട്ടു തെക്കോട്ടു തലവെച്ച് അവിടെ കിടക്കുകയും ഉടനേ അന്ത്യശ്വാസം വിടുകയും ചെയ്തു. ഇതു് 1074 ചിങ്ങമാസം 7-ാംനു ആണ്. വിചാരിച്ചിരിക്കാതെ പെട്ടെന്നുണ്ടായ ഈ കഷ്ടസംഭവം നിമിത്തം അപ്പോൾ അവിടെ ദുഃഖസൂചകങ്ങളായിട്ടുണ്ടായ കോലാഹലങ്ങളും ബഹളങ്ങളുമെല്ലാം അപരിമിതങ്ങളും അവർണ്ണനീയങ്ങളും ആയിരുന്നു. അപ്പോൾ അവിടെ അലയും മുറയും കരച്ചിലും പിഴിച്ചിലുമല്ലാതെ കേൾപ്പാനില്ലായിരുന്നു. ഗോപാലൻ കഴിഞ്ഞു എന്നു കേട്ടപ്പോൾ കരയാത്തവരായി ആ ദേശത്ത് ആരുമുണ്ടായിരുന്നില്ല. മനയ്ക്കലെ കഥ പറയാനുമില്ലല്ലോ. അവിടെ അഛൻനമ്പൂരിപ്പാട്ടിലേക്കുപോലും കുറച്ചുനേരത്തേക്കു സുബോധമുണ്ടായിരുന്നില്ല. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ എല്ലാം ഒരുവിധം സമാധാനപ്പെട്ടു. "വല്യദുഃഖമെന്നാലും കാലം ചെല്ലുമ്പോൾ കുറഞ്ഞുപോം" എന്നുണ്ടല്ലോ.

ഗോപാലൻ ചത്തതു സംബന്ധിച്ചുള്ള അടിയന്തിരത്തിനു മുന്നൂറു പറ അരിവെച്ചു കേമമായി സദ്യ നടത്തിച്ചു. തടി പിടിച്ച വകയിലും എഴുന്നള്ളിപ്പുവകയിലുമായി ഗോ

പാലന്റെ സ്വന്തസമ്പാദ്യം അവനേ സംബന്ധിച്ചുണ്ടായിട്ടുള്ള സകല ചെലവുകളും കഴിച്ച് ഏകദേശം ഒരുലക്ഷം ഉറുപ്പികയോളമുണ്ടായിരുന്നുവെന്നാണ് കേൾവി.

## കവഷൻ. (തുടൎച്ച)

(മഹോപാദ്ധ്യായ കെ. എസ്സ്. നീലകണ്ഠൻഉണ്ണി.)

വള്ളോത്തുവാനവിടെ വാണവരൊക്കെയപ്പോൾ
കള്ളോങ്ങിയോങ്ങിയവനിട്ടടിക്കൂട്ടി മുററും
അള്ളോ കട്ടപ്പമമരൎഷികൾ സാധുവാമി-
പ്പള്ളോട്ടു ചെയ്തതൊരുമാതിരി ദൌഷ്ട്യമല്ലേ. 41

തല്ലും പെരുത്തൊരിടിയും ബലമായ തള്ളും
തെല്ലും മുനിക്കൊരു വികാരമണച്ചതില്ല
പുല്ലും പിതാമഹനുമെന്തൊരു ഭേദമെന്നായ്
ചൊല്ലും മഹൎഷിവരനെങ്ങിനെ രോഷമുണ്ടാം. 42

കോപാന്ധരായ മുനിമാരുടെ ദുഷ്ടകൎമ്മ
വ്യാപാരമൊക്കെയൊരുമട്ടു സഹിച്ചുമന്ദം
താപാപഹൻ മുനിവരൻ നടകൊണ്ടു ധീര
വ്യാപാദചിന്ത വഹിയാത്ത ഹൃദന്തമോടും. 43

അന്നാരദാദിമുനിമാർ ചിലർ ദുഷ്ടകൎമ്മം
ശ്രീനാശനം പരമിതെന്നു വിളിച്ചുരച്ചാർ
ഹാ നാകനായകമുഖാദികളപ്പൊളേതാ
നൂനാദരം സുരരുമൊത്തു തിരിച്ചുപോയാർ. 44

ശാന്തപ്രതാപനമലൻ കവഷൻ വിശുദ്ധ
സ്വാന്തന്മമുക്ഷു മമതാദികളററ വിദ്വാൻ
താന്തൻ തൃഷാശമനമോൎത്തു ജലാൎത്ഥിയായുൾ-
ഭ്രാന്തതമാൻ തടിനീനികടത്തിലെത്തി. 45

സാരസ്വതപ്രഥകലൎന്ന സരിത്തിലായ്ച്ചു-
സാരജ്ഞനാമൃഷിയിറങ്ങി വലത്തുകയ്യാൽ
നീരംഗ്രഹിക്കുമളവങ്ങു സമാഗമിച്ചു-
ധീരപ്രതാപികൾ മുനീശ്വരരോതി വീണ്ടും. 46

യാഗം മുടക്കി പട്ടപാപിയിതൊന്നുമാത്രം
ഭോഗം മനസ്സിനൊരുനാളുമിയററുകില്ലേ?
ശ്രീഗംഗപോലെ പരിശുദ്ധികലൎന്ന രമ്യ
ഭൂഗൎഭയാമിതിനെയും തൊടെണ്ടോ കഠോരം? 47

തല്ലിന്നുമില്ലിവനൊരിത്തിരി പേടി പാൎത്താൽ
തെല്ലില്ല നാണവുമശേഷമിതെന്തു സത്വം
ചൊല്ലില്ല ചൊല്ലടിയുമില്ല വിവേക കട്ടപ്പം
കല്ലിന്നുമുണ്ടു കറെയൊക്കെ വിചാരബോധം. 48

ദുഷ്ടതമേറുമിവനീ നദിതൊട്ടു മേലിൽ
ശിഷ്ടദ്വിജക്കു ജലപാനമതും മുടങ്ങി

കഷ്ടം കലികൂടയവക്രതകൊണ്ടു ലോകം
കഷ്ടപ്പെടുന്നു; വിധിശാസന നീക്കിടാമോ.

നാലാനനൻെറ മുഖബാഹുപദോരുജന്മാർ
നാലാണു ജാതികളതിൽ പദജാതനന്ത്യൻ
വേലാധികാഗ്ര്യതകലർന്നവനാണു വിപ്രൻ
മേലാലിതൊന്നുമുരിയാടുക നന്മയല്ല.

കർമ്മാനുകൂലതരയാകിയ ജാതിയൊന്നേ
നിർമ്മായമിന്നുലകിലുള്ളു മറിച്ചു ചൊല്ലും
ശർമ്മാനുഭൂതിയുളവാക്കമിതെന്നബുദ്ധ്യാ
ധർമ്മാദിവിട്ടു ചില വിപ്രർ കഥിച്ചതാവാം.

വേദങ്ങൾ നാലുതരമായ് വിഭജിച്ചുവച്ച
വേദജ്ഞനാകിയ മഹാമുനി വേദവേദ്യൻ
ഭേദപ്രഭേദമിന്നിവേതിലുമററധീരൻ
ഖേദപ്രണാശനനയാളുടെ ജാതിയേതോ.

ദാശാംഗനാതനുജനോതിയ വേദസൂക്ത
മാശാനുകൂലമുരുവിട്ടു ദിനം കഴിപ്പാൻ
ധീശാലികൾക്കുമൊരു ശങ്കയുദിപ്പതില്ലീ
ക്കാശാവദാതചരിതൻ മുനി നിന്ദ്യനായി. 53

ജാതിക്കു പൂജ്യതയശേഷവുമില്ല പാർത്താൽ
ഖ്യാതിപ്പെടും ഗുണഗണം കലരുന്നതാരോ
ഏതിന്നുമുത്തമനിദർശനമാമഹാനെ-
ന്നോതിക്കഴിഞ്ഞു പരിപാവനവേദമന്ത്രം. 54

മാമൂലിനാൽ തലകറങ്ങി മഹർഷിമാര-
ന്നാമൂലചൂടമൊരുപോലെ വിറച്ചു രോഷാൽ
ഈ മൂലകാരണമതൊന്നുമറിഞ്ഞിടാതുൾ
പ്പെരുത്തു ശൂദ്രമുനിയെ പിടികൂടി വീണ്ടും. 55

കൈത്താരിലാക്കിയ ജലം തൃഷപോക്കുവാൻ ശ്രീ-
മത്തായ മന്ത്രമുരുവിട്ടു കുടിക്കുവാനായ്
ചിത്താഭിരാമനമലൻ തുടരുമ്പോഴേക്കു
ന്മത്താശയൻ മുനിയൊരുത്തനടുത്തുകൂടി. 56

പാദോത്ഥരായ മനുജർക്കിതു തൊട്ടിടാമോ
വേദോക്തിയെന്തു വകവെക്കുകവേണ്ടയെന്നോ
ഖേദോത്ഭവത്തിനിനിയും വഴിവെക്കയാണോ
ഭേദോപപത്തിയതിലജ്ഞതയാർന്നുപോയോ. 57

താന്തോന്നിയായി നടമാടുകയോ വിശേഷാൽ
മാന്തോലുടുത്ത മുനിമാരിലസൂയയാണോ
സന്തോഷമോടിതുവിധം തുടരും പ്രവൃത്തി-
ക്കെന്തൊരുമൂലമതു ചൊൽക വിമൂഢഹൃത്തേ. 58

ഏവം പറഞ്ഞുയമിയെയവനന്നു കോപ-
ഭാവം പകർന്നവിടെനിന്നു കരേററിവിട്ടു
പാവം പരുങ്ങിയവിടിത്തിരി തിന്നു പിന്നീ-
ടാ വന്ദ്യശീലനിവിധം മനതാരിലോർത്തു. 59

ചിത്തത്തിലില്ല വെളിവിങ്ങൊരുവർക്കുമോത്തമ-
ചിത്തതയും കിമപി നാസ്തി ചെറ്റും മനുഷ്യർ

…സ്സുകൃതികൾക്കു മനഃപ്രബോധ-
…പ്രമേകിലതു താൻ മമ ജന്മകൃത്യം. 60

…ലോകോപകാരനിലയാണു മനുഷ്യനെസ്സ-
ർല്ലോകോപഭോഗപടുവാക്കുവതെന്നു കാഴ്ചം
ശോകോദധിക്കകമമന്നുകിടക്കയാലുൾ-
ഭീ കോപമെന്നിവ മുഴുത്തു ജനം മറന്നു. 61

ഹാ കഷ്ടമിദ്ദ്വിജവരർക്കു മനസ്സിനേതും
പാകപ്രശാന്തിയുളവായറിയുന്നതില്ല
നാകസ്ഥരുണ്ടു ചിലരെങ്കിലുമായവർക്കും
ശ്രീകണ്ഠകൂട വിധി തന്റെ വിലാസമെല്ലാം. 62

വേദോക്തമായമഖകർമ്മമിവന്നു മുറ്റും
പാദോത്ഥനെന്ന കുറവുള്ളതുകൊണ്ടു മാത്രം
ഖേദോത്ഭവത്തിനിടയാക്കി വിധിക്കിതിൽ സം-
മോദോപശാന്തിയുളവാകുകയില്ലയെന്നോ. 63

എന്തിന്നതൊക്കെയിവരിൽ കുടികൊണ്ടിടുന്ന
വന്തിന്മവാച്ചവിഷബീജമെടുത്തു മാററി
ചിന്തിച്ചു നന്മവരുവാനുപദേശമേകി-
പ്പന്തിക്കു ഞാനിവരെയൊട്ടു ശരിപ്പെടുത്താം. 64

ഈ വണ്ണമോർത്തു ജഗദീശപദാരവിന്ദം
കൈവല്യദായകമുറപ്പുവരുത്തി ഹൃത്തിൽ
ആ വന്ദ്യശീലനമലൻ കവഷൻ പ്രശാന്ത-
ഭാവത്തിലൂർദ്ധ്വമിഴിയായ് നിലകൊണ്ടു തത്ര. 65

വേദത്തിലുള്ള ചില സൂക്തഗണങ്ങൾ നാലു
വേദത്തിലും പടുതയാർന്ന മഹർഷിവര്യൻ
ഖേദപ്രണാശനപരൻ പരിചോടു ചൊല്ലി
സ്സാദക്ഷയാശയൊടുമെല്ലെ വണങ്ങിനിന്നു. 66

ആകാശദേശമതിൽനിന്നു നദീപ്രവാഹ-
നീകാശമാമൊരു പെരുംമഴയപ്പൊളാരാൽ
ശോകാരി മാമുനിവരൻ തിരുമുമ്പിലമ്പോ-
ടാകാരഭംഗിയൊടു വന്നു പതിച്ചു ചിത്രം. 67

വല്ലാതെ ദേവമഹനീയമഹർഷിമാര-
ന്നെല്ലാവരും തലയുയർത്തി [illegible]നിൽക്കെ
ചൊല്ലാർന്നൊരക്കവഷനാത്തമുദം തൃഷാർത്തി
യില്ലാതെയാക്കി പരിപാവനമാം ജലത്താൽ. 68

വെമ്പിഗ്ഗമിച്ചു മുനിമാർ ചിലർ ശുദ്ധനുള്ള
വമ്പിച്ചശക്തി മനതാരിൽ നിനച്ചുപാരം
കുമ്പിട്ടു കൂപ്പി ചിലരക്കവഷർഷി തന്റെ
മുമ്പിൽ പ്രവൃദ്ധഭയഭക്തി വിനീതരായി. 69

യാഗാധികാരികൾ മുനീശവരരും നിതാന്ത
യോഗാമൃതത്തിൽ വളരും മുനിയെ വണങ്ങി
യാഗാലയത്തിലിവർ ചെയ്തൊരു ദുഷ്ടകർമ്മം
വേഗാൽ പൊറുക്കണമിതെന്നു വിളിച്ചുരന്മാർ. 70

ചൊല്ലാർന്നീടിനശുദ്ധതാപസവരൻ തൻ ശക്തികണ്ടേവരും
വല്ലാതാ,യൊടുവിൽ സുരേശവചനം കൈക്കൊണ്ടു സംപ്രീതരായ്

ഉല്ലാസാൽ കവഷഷിയെ വരമഹായജ്ഞത്തിനദ്ധ്യക്ഷനായ്
കല്പിച്ചാത്മവിശുദ്ധിയോടു സസുഖം കൃത്യം നടത്തീടിനാർ. 71

# കലാവിദ്യാവിവരണം.

(എം. കെ. ഗുരുക്കൾ; തലശ്ശേരി)

## (63) വൈജയികീ വിദ്യാജ്ഞാനം.

(തുടൎച്ച)

"ധനുൎവ്വേദെ ഗുരുൎവ്വിപ്രഃ പ്രോക്തോ വൎണ്ണദ്വയസ്യ ച
യുദ്ധാധികാരഃ ശൂദ്രസ്യ സ്വയം വ്യാപദിശിക്ഷയാ"

"ക്ഷത്രിയനും വൈശ്യനും ധനുൎവ്വേദം പഠിപ്പിക്കേണ്ടതു ബ്രാഹ്മണനാകുന്നു; ശൂദ്രനു അപൽകാലത്തു താൻ തന്നെ അഭ്യസിക്കുന്നതിനു വിരോധമില്ല" എന്നു ശൂദ്രനെസംബന്ധിച്ചു കല്പിച്ചു സമ്മതിക്കുന്നുണ്ടു്. ഇതുകൊണ്ടുതന്നെ ആയിരിക്കാം ദ്രോണാചാൎയ്യർ അന്നു ഏകലവ്യനെ പഠിപ്പിക്കാതെ വിട്ടയച്ചതു്.

എന്നാൽ,

"ബ്രാഹ്മണായ ധനുർദ്ദേയം ഖഡ്ഗം വൈ ക്ഷത്രിയായ ച
വൈശ്യായ ദാപയേൽ കുന്തം ഗദാം ശൂദ്രായ ദാപയേൽ"

എന്ന സംഹിതയിലെ പ്രമാണപ്രകാരം ബ്രാഹ്മണന്നു ധനുസ്സും ക്ഷത്രിയനു ഖഡ്ഗവും വൈശ്യനു കുന്തവും ശൂദ്രനു ഗദയും കൊടുക്കാം എന്നു ഉപദേശിക്കകൊണ്ടു എല്ലാജാതിക്കും ആയുധാഭ്യാസമാവാമെന്നു പൂൎവ്വകാലങ്ങളിൽത്തന്നെ നിൎണ്ണയിച്ചിട്ടുണ്ടെന്നു ഊഹിക്കണം. ഇങ്ങിനെയുള്ള ആയുധവിദ്യയെ അഭ്യസിപ്പിക്കുന്ന ആചാൎയ്യനു എല്ലാവിധ യുദ്ധങ്ങളിലും വൈദഗ്ദ്ധ്യമുണ്ടായിരിക്കണം. യുദ്ധങ്ങൾ പലവിധത്തിലുമുണ്ടു്. ശുക്രനീതിയിൽ ഉത്തമം, മധ്യമം, അധമം, അധമാധമം എന്നിങ്ങനെ യുദ്ധത്തെ നാലുപ്രകാരത്തിൽ വിഭജിച്ചു മന്ത്രത്തോടുകൂടി അസ്ത്രപ്രയോഗമുള്ള യുദ്ധം ഉത്തമവും, തോക്കുകൾ ഉപയോഗിച്ചു ചെയ്യപ്പെട്ടുന്നവ മധ്യമവും, കുന്തം മുതലായ ശസ്ത്രങ്ങൾ ഉപയോഗിക്കപ്പെട്ടുന്നതു് അധമവും, വെറും കൈകൊണ്ടു ചെയ്യുന്നതു അധമാധമവും ആകുന്നു എന്നും പറയുന്നു. എന്നാൽ തോക്കുകൾ ഉപയോഗിപ്പാൻ കഴിയാതെവരുന്ന അവസരത്തിൽ മാത്രമെ ശസ്ത്രയുദ്ധം ചെയ്യാവൂ എന്നുകൂടി ശുക്രാചാൎയ്യൻ ഉപദേശിക്കുന്നുണ്ടു്. അഗ്നിപുരാണത്തിൽ യന്ത്രമുക്തം, പാണിമുക്തം, മുക്തസന്ധാരിതം, അമുക്തം, ബാഹുയുദ്ധം എന്നിങ്ങനെ യുദ്ധം അഞ്ചുപ്രകാരത്തിലുണ്ടെന്നു നിർദ്ദേശിച്ചിട്ടു് ഇവയെല്ലാററിനുംകൂടി മായായുദ്ധം, ഋജുയുദ്ധം എന്നിങ്ങനെ രണ്ടു വകഭേദം നിശ്ചയിച്ചിട്ടുണ്ടു്. ഇവയിൽ ചാപാദിയന്ത്രംകൊണ്ടു നിൎവ്വഹിക്കുന്നതു യന്ത്രമുക്തവും. തൊമരം മുതലായവകൊണ്ടു നിൎവ്വഹിക്കുന്നതു പാണിമുക്തവും പ്രാസാദികളെക്കൊണ്ടു ചെയ്യുന്നതു മുക്തസന്ധാരിതവും ഖഡ്ഗാദികൊണ്ടു ചെയ്യുന്നതു് അമുക്തവും, ആയുധമൊന്നും കൂടാതെ ചെയ്യുന്നതു ബാഹുയുദ്ധവുമാകുന്നു. മേൽ പറഞ്ഞവയിൽ ചാപംകൊണ്ടുള്ള പ്രയോഗം ഉത്തമവും, പ്രാസാദികളെക്കൊണ്ടുള്ളതു മധ്യമവും, ഖഡ്ഗംകൊണ്ടുള്ളതു അധമവും, ബാഹുയുദ്ധം അതിനിന്ദ്യവുമാകുന്നു" എന്നും പ്രസ്താവിച്ചിരിക്കുന്നു.

ധനുശ്ചക്രംച കുന്തംച ഖഡ്ഗംച ക്ഷുരികാ ഗദാ
സപ്തമം ബാഹുയുദ്ധം സ്യാദേവം യുദ്ധാനി സപ്തധാ"

എന്ന വാസിഷ്ഠസംഹിതയിലെ പ്രമാണപ്രകാരം ധനുസ്സുകൊണ്ടും ചക്രംകൊണ്ടും കുന്തംകൊണ്ടും ചുരികകൊണ്ടും കൈകൾകൊണ്ടും ഇങ്ങിനെ ഏഴുവിധത്തിൽ യുദ്ധമുണ്ടു് എന്നും കാണുന്നു. മേൽ പറഞ്ഞ എല്ലാ യുദ്ധങ്ങളേയും പരിശീലിച്ചവനെ ആചാൎയ്യനെന്നും ഇവയിൽ നാലുവിധം യുദ്ധം അറിയുന്നവനെ ഭാൎഗ്ഗവനെന്നും രണ്ടുവിധം യുദ്ധത്തിൽ വിദഗ്ദ്ധനായവനെ യോധനെന്നും ഒരു യുദ്ധം മാത്രം അഭ്യസിച്ചവനെ ഗണകനെന്നും പറഞ്ഞുവരു

ന്നു. ആചാൎയ്യന്മാരിൽനിന്നു മന്ത്രപൂൎവ്വകമായി ധനുസ്സിനെ ഗ്രഹിക്കുമ്പോൾ പലവിധ കൎമ്മങ്ങളും ആചരിക്കേണ്ടതായിട്ടുണ്ട്. വിസ്തരഭയം നിമിത്തം അവയെ എടുത്തുകാണിക്കുന്നില്ല. എന്നാൽ അഭ്യാസാരംഭത്തിൽ ഫലത്തോടു (അസ്ത്രങ്ങളുടെ അററത്തെ പിടിക്കുന്ന മൂൎച്ചയുള്ള ഇരുമ്പുനാക്കിനു ഫലമെന്നു പറയും.) കൂടാത്ത അസ്ത്രംകൊണ്ടു പുഷ്പത്തേയും ഫലസഹിതമായ അസ്ത്രംകൊണ്ടു മത്സ്യത്തേയും പിന്നെ മാംസത്തേയും എയ്തുകൊള്ളണമെന്നാണു സമ്പ്രദായം. ഈ ക്രിയയിൽ അസ്ത്രം വീഴുന്ന സ്ഥലത്തെ നിമിത്തമാക്കി ചില ഭാവിഫലങ്ങളെ മനസ്സിലാക്കാനുണ്ട്. അവയെ തൽക്കാലം വിവരിക്കുന്നില്ല. യൌഗികമെന്നും യുദ്ധചാപമെന്നും വില്ലു രണ്ടുവിധത്തിലാകുന്നു. ഇവയിൽ ഒന്നാമത്തേതു് അഭ്യാസത്തിനു മാത്രം ഉപയോഗിക്കുന്നതും രണ്ടാമത്തേതു യുദ്ധത്തിനുള്ളതുമാകുന്നു.

ഒരു ആയുധവിദ്യാൎത്ഥി തന്റെ ബാഹുബലത്തിനു പററിയവിധം വില്ലിനെ മാത്രമേ അംഗീകരിക്കാവൂ. ഘനമേറിയ ധനുസ്സിനെ വഹിക്കുന്ന വില്ലാളി അതിനാൽ പീഡ്യമാനനായിട്ടു ലക്ഷ്യത്തെ സ്പഷ്ടമായി കാണുകയില്ല. അഞ്ചരക്കോൽ നീളത്തിലുള്ള വില്ലാകുന്നു ഉത്തമമെങ്കിലും അതു ദേവചാപമാകയാൽ സാധാരണ മനുഷ്യന്മാൎക്കു് ഉപയോഗിപ്പാൻ സാധിക്കുന്നതല്ല. ആ വിധം വില്ലു് ആദിയിൽ ശിവനും ശിവങ്കൽനിന്നു പരശുരാമനും പിന്നെ ദ്രോണാചാൎയ്യരും അദ്ദേഹത്തിൽനിന്നു് അൎജ്ജുനനും അവങ്കൽനിന്നു സാത്യകിയും ഗ്രഹിച്ചു എന്നു കാണുന്നു. കൃതയുഗത്തിൽ ശിവനും ത്രേതായുഗത്തിൽ ശ്രീരാമനും ദ്വാപരയുഗത്തിൽ ദ്രോണാചാൎയ്യരും ദേവചാപത്തെ സാധാരണമായി ധരിച്ചവരായിരുന്നപോൽ. എന്നാൽ മാനുഷചാപത്തിൽ ശ്രേഷ്ഠമായതിനു നാലുകോൽ നീളമുണ്ടായിരിക്കണമെന്നാണു് വിധി.

> "ചതുൎവ്വിംശാംഗുലോഹസ്തഃ ചതുൎഹസ്തം ധനുഃ സ്മൃതം
> തൽഭവേന്മാനവം ചാപം സൎവ്വലക്ഷണസംയുതം."

എന്നു ബൃഹച്ഛാൎങ്ഗധരത്തിലും പറയുന്നു. ഇരുപത്തിനാലംഗുലത്തിനു ഹസ്തമെന്നു പറയും. അങ്ങനെയുള്ള ഹസ്തം നാലുകൂടിയ മാനുഷചാപത്തിനാണു് എല്ലാ ലക്ഷണങ്ങളും തികഞ്ഞതു് എന്നൎത്ഥം. വസിഷ്ഠസംഹിതയിൽ വില്ലുണ്ടാക്കുവാനായി ലോഹം, ശൃംഗം, കാഷ്ഠം എന്നിങ്ങനെ മൂന്നുവിധം ദ്രവ്യങ്ങളെ പറഞ്ഞിരിക്കുന്നു. ഇവയിൽ ലോഹം സ്വൎണ്ണം, വെള്ളി, ചെമ്പു, കാരിരുമ്പു് എന്നിവയും ശൃംഗം, പോത്തു, ശരഭം, രോഹിതം എന്നീ മൃഗങ്ങളുടെ കൊമ്പുകളുമാകുന്നു. ശരഭമെന്നതു വലുതായ കൊമ്പുകളുള്ളതും നാലുകാൽ വലുതും നാലുകാൽ ചെറുതുമായി ആകെ എട്ടു കാലുകളുള്ളതും കാശ്മീരദേശത്തിലെ കാട്ടുകളിൽ കാണപ്പെടുന്നതും ഒട്ടകത്തോടു സാദൃശ്യമുള്ളതുമായ ഒരുവിധം മൃഗമാകുന്നു. കാഷ്ഠമെന്നതു ചന്ദനം, ഞമ, പുല്ലു്, മരുതു, മുള മുതലായവയാകുന്നു എന്നും അതിൽ വിവരിച്ചിരിക്കുന്നു. ഇവയിൽ സുപ്രസിദ്ധമായ ശാൎങ്ഗവും (മൃഗങ്ങളുടെ കൊമ്പുകൊണ്ടുണ്ടാക്കുന്നതു്) വാംശവും (മുളകൊണ്ടുണ്ടാക്കുന്നതു്) ആകുന്നു. ഇവ രണ്ടും മാൎദ്ദവമുള്ളതായും ഉറപ്പുള്ളതായുമിരിക്കണമെന്നാണു് ഭോജന്റെ മതം. ശാൎങ്ഗമെന്നു പ്രത്യേകനാമത്താൽ പ്രസിദ്ധമായും ദിവ്യമായും ഇരിക്കുന്ന ഒരു വില്ലു് ഏഴരവിതസ്തി (മൂന്നരക്കോൽ) പ്രമാണത്തിൽ വിശ്വകൎമ്മാവാൽ നിൎമ്മിക്കപ്പെട്ടതു വിഷ്ണുവിന്റെ പരമായുധമാകുന്നു. അതു സ്വൎഗ്ഗത്തിലോ പാതാളത്തിലോ ഭൂമിയിലോ ഉള്ള ഒരുവന്റെയും ഹസ്തത്തെ അവലംബിക്കയില്ല. മഹാവിഷ്ണുവൊഴികെ ആരുടെയും വശമായിരിക്കയുമില്ല. സാധാരണമായ ശാൎങ്ഗധനുസ്സു് ആനപ്പടയാളികൾക്കും കുതിരപ്പടയാളികൾക്കും ഉപയോഗയോഗ്യമായിട്ടുള്ളതാണു്. ആഗ്നേയത്തിൽ

> "ചതുൎഹസ്തം ധനുഃ ശ്രേഷ്ഠം ത്രിഭിഃ സാൎദ്ധസ്തുമധ്യമം.
> കനിഷ്ഠം തു ത്രിഭിഃ പ്രോക്തം നിത്യമേവ പദാതിനഃ"

"നാലുകോൽ നീളത്തിലുള്ള വില്ലു ശ്രേഷ്ഠവും മൂന്നരക്കോൽ നീളമുള്ളതു മധ്യമവും മൂന്നുകോൽ നീളമുള്ളതു് അധമവും കാലാൾപ്പടയ്ക്കു പററിയതുമാകുന്നു" എന്നാണു് വിധിക്കുന്നതു്.

വാംശമെന്ന വില്ലു മുളകൊണ്ടുണ്ടാക്കുന്നതാണു്. അതിനു മൂന്നു്, അഞ്ചു്, ഏഴു്, ഒമ്പതു് എന്നീ സംഖ്യയിൽ പൎവ്വങ്ങൾ (മുട്ടുകൾ) ഉണ്ടാകുന്നതു ശുഭലക്ഷണമാകുന്നു. നാലോ ആറോ എട്ടോ പൎവ്വങ്ങൾ ഉള്ള വില്ലുകളെ വൎജ്ജിക്കേണമത്രേ. വളരെ പഴക്കമുള്ളതോ

മൂപ്പില്ലാത്തതോ മററൊന്നുകൊണ്ടു് ഉരഞ്ഞതോ തുളയുള്ളതോ ആയ മുളകൾ വില്ലിന്നു പററുന്നതല്ല. മുളവില്ലുകളാണ് പദാതികൾക്കും രഥികൾക്കും അത്യാവശ്യമെന്നും സംഹിതയിൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

(ഗുണം) വില്ലിൻെറ ഗുണം അല്ലെങ്കിൽ ഞാൺ ചെറുവിരൽവണ്ണത്തിൽ പട്ടുനൂൽ കൊണ്ടു മൂന്നുപിരി ചേൎത്തു പിരിച്ചതായിരിക്കണം. അയതു വില്ലിനോളം നീളത്തിൽ ഇടയിൽ കെട്ടുകൂടാതെ ഏററവും മൃദുവായ നിലയിൽ നിൎമ്മിക്കേണ്ടതാണ്. പട്ടുനൂൽ ഇല്ലാത്തപക്ഷം മാൻപേടയുടെ ചെറുഞരമ്പുകൊണ്ടോ എരുമയുടെ ചെറുഞരമ്പുകൊണ്ടോ ഉണ്ടാക്കാം. തൽക്കാലം കൊല്ലപ്പെട്ട പശുവിൻെറ ചെവിമേലുള്ള തോലെടുത്തു രോമംപോക്കി അതുകൊണ്ടും ഞാണുണ്ടാക്കാറുണ്ടു്. ഭാദ്രപദമാസത്തിൽ എടുക്കപ്പെട്ട എരിക്കിൻതോലും ഞാണിന്നു നല്ലതാണെന്നു കാണുന്നു.

(ശരം) എയ്യുവാൻ ഉപയോഗിക്കപ്പെടുന്ന ശരം വളരെ തടിച്ചതോ വളരെ നേരിയതോ ആയിരിക്കരുതു്. അതിൻെറ ദണ്ഡം (തണ്ടു) മുറിയില്ലാത്തതും നല്ല മൂപ്പെത്തിയതും ഉറപ്പും ഉരുൾച്ചയുമുള്ളതും നല്ല ഭൂമിയിൽ മുളച്ചുണ്ടായതുമായ മരംകൊണ്ടാണ് ഉണ്ടാക്കേണ്ടതു്. സാധാരണമായി ചെറുവിരൽവണ്ണത്തിൽ രണ്ടുകോൽ നീളത്തിൽ യന്ത്രത്തിൽ വെച്ചുരുട്ടിക്കടഞ്ഞു വെടിപ്പു വരുത്തിയതും ആയിരിക്കണം.

> "ജ്യേഷ്ഠസ്യ സായകൊ ജ്ഞേയോ ഭവേൽ ദ്വാദശമുഷ്ടയഃ
> ഏകാദശ തഥാ മധ്യഃ കനീയാൻ ദശ മുഷ്ടയഃ"

എന്നാണ് അഗ്നിപുരാണത്തിൽ ഇതിൻെറ ദീൎഘത്തെ നിൎണ്ണയിച്ചതു്. "പന്ത്രണ്ടു മുഷ്ടി (മൂന്നംഗുലം) അതായതു് ഒന്നരക്കോൽ നീളമുള്ള ശരം ശ്രേഷ്ഠവും പതിനൊന്നു മുഷ്ടിയുള്ളതു മധ്യമവും പത്തു മുഷ്ടി നീളമുള്ളതു് അധമവുമാകുന്നു" എന്നൎത്ഥം. ശരത്തിൻെറ മൂലത്തിൽ പക്ഷികളുടെ തൂവൽചേൎത്തു പക്ഷമുണ്ടാക്കേണ്ടതാണ്. കാക്ക, അരയന്നം, എരിവെള്ളാടൻ, മീൻകൊത്തി, അന്നൽപക്ഷി, മയില്, കഴുകൻ എന്നിവയുടെ തൂവലാണ് അതിന്നുത്തമം. ഓരോ ശരത്തിന്മേലും ആറാറംഗുലം നീളത്തിൽ നന്നാലു പക്ഷങ്ങൾ വച്ചുപിടിപ്പിക്കണം. ഈ നാലു പക്ഷങ്ങളും ഉറപ്പുള്ള ഞരമ്പുനൂലുകൾകൊണ്ടു ദൃഢമായി ബന്ധിക്കേണ്ടതാണ്. ശാൎങ്ഗചാപത്തിന്നു പത്തംഗുലം നീളത്തിൽ ബന്ധിച്ച പക്ഷങ്ങളാണ് വേണ്ടതെന്നത്രെ വസിഷ്ഠമതം. ഇങ്ങനെയുള്ള ശരങ്ങൾ പുരുഷൻ, സ്ത്രീ, നപുംസകം എന്നിങ്ങനെ മൂന്നു വിധത്തിലുണ്ടു്. പിൻഭാഗം തടിപ്പുള്ളതു പുരുഷനും മുൻഭാഗം തടിച്ചതു സ്ത്രീയും മുൻപും പിമ്പും സമമായിട്ടുള്ളതു നപുംസകവുമാകുന്നു. വളരെ ദൂരത്തിൽ പതിക്കേണ്ടതിന്നു സ്ത്രീയെയും ദൃഢമായ ലക്ഷ്യത്തെ ഭേദിക്കേണ്ടതിന്നു പുരുഷനെയുമാണ് ഉപയോഗിക്കേണ്ടതു്.

(ഫലം) മേൽപ്രകാരമുള്ള എല്ലാ ശരത്തിൻെറയും ഫലം (ഇരുമ്പുനാക്ക) കലപ്പില്ലാത്ത ഇരുമ്പുകൊണ്ടു നല്ലതായ ധാര (വെളുമ്പ)യോടും മൂൎച്ചയോടുംകൂടി ഫലപായനക്രിയകൊണ്ടു സംസ്കരിച്ചു് ഉത്തമമാക്കി നിൎമ്മിച്ചതായിരിക്കണം. ഫലപായനമെന്നതു ഫലത്തിന്മേൽ ഓരോ ദിവ്യൌഷധങ്ങളുടെ സമ്പൎക്കമുണ്ടാക്കിത്തീൎക്കയാണ്. അങ്ങനെ ചെയ്താൽ ദുൎഭേദ്യമായ ലോഹവൎമ്മം മുതലായവയെപ്പോലും പല്ലവത്തെപ്പോലെ ഭേദിപ്പിപ്പാൻ കഴിയുന്നതാണ്. ഈ ക്രിയ ഔഷധം തേച്ചും തീയിൽ കാച്ചി ഔഷധത്തിൽ മുക്കിയും മററും പലവിധത്തിൽ നടത്താറുണ്ടു്. തിപ്പലി, ഇന്തുപ്പു, കൊട്ടം എന്നിവ ഗോമൂത്രത്തിലരച്ചു ഫലത്തിന്മേൽ ലേപനം ചെയ്തു തീയിൽ കാച്ചി അഗ്നിവൎണ്ണമാകുമ്പോൾ എടുത്തു നിൎമ്മലജലത്തിൽ മുക്കിയാൽ ആ ഫലം വളരെ ഉത്തമമായിരിക്കും. ഇതിനെക്കുറിച്ചു മേല്പോട്ടു പറവാനുള്ളതുകൊണ്ടു് ഇവിടെ അധികമായി വിവരിക്കുന്നില്ല. പായനക്രിയകൊണ്ടു സംസ്കരിക്കപ്പെട്ട ഫലത്തെ ശരദണ്ഡത്തിൻെറ അഗ്രത്തിൽ വജ്രലേപം ചേൎത്തു യോജിപ്പിക്കണം. "പനച്ചിങ്ങ, വിളാൎപഴം (ഇവ രണ്ടും പച്ചയായിരിക്കണം) പൂളപ്പൂവ്, ഈന്തിൻകുരു, ഞമത്തോൽ, വയമ്പ് ഇവ സമം എടുത്തു പതിനാറിടങ്ങഴി വെള്ളത്തിൽ കുറുക്കി എട്ടിൽ ഒരു ഭാഗം ശേഷിച്ചാൽ അതിൽ തിരുവട്ടപ്പശ, നറുംപശ, ഗുൽഗുലു, ദേവകുരു, കുന്തുരുക്കം ചെഞ്ചല്യം, കായാമ്പിൻകായ്, കൂവളക്കായ് എന്നിവ പൊടിച്ചു ചൂൎണ്ണം ചേൎത്തു രച്ചെടുക്കുക. അയതു വിശേഷമായ വജ്രപ്പശയാകുന്നു. ആവശ്യപ്പെടുമ്പോൾ ചൂടുപിടിപ്പി

ച്ച ദ്രവമാക്കി സാധനങ്ങളെ ഘടിപ്പിച്ചാൽ ആയിരം വത്സരം വരെ ഹാനിതട്ടാതെ നിലനിൽക്കുമെന്നു ബൃഹൽസംഹിതയിൽ പറഞ്ഞിരിക്കുന്നു അരക്കു, കുന്തുരുക്കം, ഗുൽഗ്ഗുലു, ഉളളട്ടക്കരി, വിളാർപഴത്തിൻെറയും ക്രുവളക്കായുടെയും മജ്ജ, പുന്നക്കായ്, വേപ്പിൻകായ്, പനിച്ചിക്കായ്, മലങ്കാരക്ക, ഇരിപ്പക്കായ്, മഞ്ചെട്ടിപ്പൊടി, ചെഞ്ചില്യം, നറുംപശ, നെല്ലിക്ക, ഇവ ഒന്നാക്കിപ്പൊടിച്ചു പതിനാറിടങ്ങഴി വെളളത്തിലിട്ടു കുറുക്കി എട്ടിലൊന്നു ശേഷിച്ചാൽ ആയതു് എടുത്തു സൂക്ഷിക്കുക. ആവശ്യം വരുമ്പോൾ ചൂടുപിടിപ്പിച്ചു ദ്രവമാക്കി ഉപയോഗിക്കുക." ഈ വജ്രലേപവും അധികമായ ദാർഢ്യത്തെ ഉണ്ടാക്കുന്നതാണ്. മയമുനിയുടെ മതത്തിൽ എട്ടുഭാഗം ഈയ്യവും രണ്ടുഭാഗം ഓടും ഒരുഭാഗം പിച്ചളയും കൂട്ടി ഉരുക്കിയാൽ ഉണ്ടാകുന്ന ദ്രവമത്രേ വജ്രലേപം എന്നാകുന്നു. ഈവിധം വജ്രലേപങ്ങൾ പലതുമുണ്ടെങ്കിലും അപ്രകൃതമാകയാൽ വിവരിക്കുന്നില്ല. മേൽപ്രകാരം ഘടിപ്പിക്കപ്പെട്ട ശരഫലം ആരാമുഖം (തോല്പുളി പോലെയുളളതു) ക്ഷുരപ്രം (അരിവാൾപോലെയുളളതു) ഗോപുഛം, അർദ്ധചന്ദ്രം, സൂചീമുഖം, ഭല്ലം (കളളിയിലപോലെ ഉളളതു) ദ്വിഭല്ലം, കർണ്ണിക (രണ്ടുപാടും വളഞ്ഞ കൈതമുളളു പോലെ മുനയുളളതു) കാകതുണ്ഡം മുതലായി ദേശഭേദത്തിനനുസരിച്ചു പല വിധത്തിലുണ്ടു്. ഇവയിൽ ആരാമുഖംകൊണ്ടു കവചം പരിശ മുതലായ ചർമ്മത്തെയും ക്ഷുരപ്രംകൊണ്ടു ബാണത്തെയും ഹസ്തത്തെയും സൂചീമുഖംകൊണ്ടു കവചത്തെയും അർദ്ധചന്ദ്രംകൊണ്ടു ഗ്രീവ, മസ്തകം, ധനുസ്സ് മുതലായവയെയും ഭല്ലംകൊണ്ടു ഹൃദയത്തെയും ദ്വിഭല്ലംകൊണ്ടു ഞാണിനെയും കർണ്ണികകൊണ്ടു ലോഹമയബാണങ്ങളേയും കാകതുണ്ഡംകൊണ്ടു ലോഹങ്ങളേയും ഗോപുഛംകൊണ്ടു മററു ലക്ഷ്യങ്ങളേയും വേധിപ്പാൻ സാധിക്കുന്നതാണ്. മേൽപ്രകാരമുളള ശരങ്ങൾ കൂടാതെ മുഴുവൻ ഭാഗവും ലോഹംകൊണ്ടുതന്നെ നിർമ്മിക്കുന്ന അസ്ത്രങ്ങളുണ്ടു്. അവകളിൽ പ്രധാനമായതു നാരാചവും നാളീകവുമാകുന്നു. നാരാചം സാധാരണ അസ്ത്രത്തോടു സദൃശമായിത്തന്നെ ഇരിക്കും. നാളീകത്തിനു ചില വിശേഷങ്ങളുണ്ടു്.

"നാളീകാലഘവോ ബാണാ നളയന്ത്രേണ നോദിതാഃ
അത്യുച്ചദൂരപാതേഷു ദുർഗ്ഗയുദ്ധേഷു തേ മതാഃ"

നാളീകങ്ങൾ (വെടിയുണ്ടകൾ) വേഗതയുളള ബാണങ്ങളാകുന്നു. അവ നളയന്ത്ര (തോക്കു) ത്താൽ അയയ്ക്കപ്പെടുന്നവയാണ്. അവ അത്യുച്ചത്തിലും അതിദൂരത്തിലും പതിക്കേണ്ടതിലേക്കു ദുർഗ്ഗ (കോട്ട) യുദ്ധങ്ങളിൽ ആവശ്യമാകുന്നു. നളയന്ത്രത്തിനും നാളീകമെന്ന പേരുണ്ടു് ക്ഷുദ്രനാളീകം, ബൃഹന്നാളീകം (വലിയതോക്കു) എന്നിങ്ങനെ നാളീകം രണ്ടുവിധത്തിലാണെന്നു ശുക്രാചാര്യർ പറയുന്നു. ക്ഷുദ്രനാളീകത്തിൻെറ കുഴലിനു സാധാരണ രണ്ടരക്കോൽ നീളമുണ്ടായിരിക്കും. അതിൻെറ മൂലത്തിൽ വിലങ്ങനെയായി മേല്പോട്ടു് ഒരു ദ്വാരവും ആഘാതത്താൽ അഗ്നിയെ ഉത്ഭവിപ്പിക്കുന്ന തീക്കല്ലിൻകഷണങ്ങൾ നിക്ഷേപിക്കുന്ന ഒരു കർണ്ണികയും മൂലാഗ്രങ്ങളിൽ ലക്ഷ്യം തെററാതിരിപ്പാനുളള ചെറുവിന്ദുക്കളും ഉണ്ടായിരിക്കും. മൂലം മരംകൊണ്ടുണ്ടാക്കിയ ചട്ടയിന്മേൽ ദൃഢമായി ഉറപ്പിച്ചതായിരിക്കണം എന്നും മററുമാണ് അതിൻെറ ചുരുങ്ങിയ വിവരണം. ഇതു കാലാൾപ്പടകൾക്കും കുതിരപ്പടകൾക്കും മുഖ്യ ആവശ്യമാണെന്നും കാണുന്നു. കുഴലിൻെറ നീളത്തിനും ദ്വാരത്തിൻെറ വലിപ്പത്തിനും അനുസരിച്ചു് ഇതിനു് അധികമധികം ദൂരത്തിരിക്കുന്ന ലക്ഷ്യത്തെ വേധിപ്പാനുളള ശക്തിയുണ്ടായിരിക്കും. ബൃഹന്നാളീകത്തിനു മൂലത്തിൽ ഒരു കീലമുണ്ടായിരിക്കയും ആ കീലത്തെ ചുററിത്തിരിക്കുമ്പോൾ അതിന്നനുസരിച്ചു് അതിൻെറ കുഴൽ തിരിഞ്ഞു ലക്ഷ്യത്തിനു നേരെ നിൽക്കുകയും ചെയ്യും. അതിൻെറയും മൂലഭാഗത്തിൽ മരംകൊണ്ടുളള ചട്ട പിടിപ്പിച്ചിരിക്കണമെന്നും കാണുന്നു. ആയതു് ആളുകൾക്കു വഹിച്ചുകൊണ്ടുപോവാൻ കഴിയാത്തവിധം ഘനമുണ്ടായിരിക്കയാൽ ശകടം മുതലായ വാഹനങ്ങളിൽ കയററിക്കൊണ്ടുപോകേണ്ടവയാണെന്നു പറഞ്ഞിരിക്കുന്നു. അതിലേക്കു് ഉപയോഗിക്കേണ്ടതായ അഗ്നിചൂർണ്ണ (വെടിമരുന്നു) ത്തെക്കുറിച്ചു താഴെപ്പറയുംപ്രകാരം വിവരണം കാണുന്നു. "വെടിയുപ്പു പലം 5, ഗന്ധകം പലം 1, എരിക്കു കളളി മുതലായവയുടെ കരി പലം 1 ഇവ എല്ലാം കൂട്ടി എരിക്കിൻെറയും കളളിയുടെയും ഉളളിയുടെയും നീരിലരച്ചു വെയിലത്തുവച്ചു് ഉണക്കണം. ഇതാണ് സാധാരണ അഗ്നിചൂർണ്ണത്തിൻെറ യോഗം. തോക്കിൽ ഉപയോഗി

പ്പാൻ പ്രത്യേകമുള്ളതിന് അറുഭാഗമോ നാലുഭാഗമോ വെടിയുപ്പും മുൻപറഞ്ഞവിധം ഗന്ധകവും കരിയും ചേർക്കേണ്ടതാണ്." ഇതു കൂടാതെ അരിതാരം, ചായില്യം, ഈയത്തിൻ കിട്ടം, കാന്തച്ചൂർണ്ണം, കർപ്പൂരച്ചൂർണ്ണം, അരക്ക്, അമരി, ചെഞ്ചില്യം മുതലായവയെ ചേർത്തു പല വർണ്ണത്തിലും കത്തുന്ന അഗ്നിച്ചൂർണ്ണമുണ്ടാകാറുണ്ട്. അതിനേക്കുറിച്ച് ഇവിടെ വിവരിക്കുന്നില്ല. തോക്കിൽ ഉപയോഗിക്കുന്ന നാളാസ്ത്രം ഇരുമ്പുകൊണ്ടോ ഈയംകൊണ്ടോ വേറെ ധാതുക്കളേക്കൊണ്ടോ ഉള്ളിൽ ചെറിയ മണികൾ ചേർത്തും ചേർക്കാതെയും ഉണ്ടാക്കാറുണ്ട്. ഇങ്ങനെ ഇതിനേക്കുറിച്ച പലതും ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ടെങ്കിലും പുരാതനമായ ആ അപരിഷ്കൃതസമ്പ്രദായത്തെ ഇവിടെ ഉദ്ധരിച്ച ദീർഘം വരുത്തുന്നില്ല.

മേൽക്കാണിച്ചവിധം ശരങ്ങളേക്കൊണ്ടു പ്രയോഗം നടത്തുമ്പോൾ ചില സ്ഥിതിഭേദങ്ങളും മററും അറിയേണ്ടതായിട്ടുണ്ട്. (തുടരും)

---

# നീലകണ്ഠദീക്ഷിതരും സമകാലികന്മാരായ കവികളും.

## (തുടർച്ച)

(മഹോപാദ്ധ്യായ, കെ. എസ്. നീലകണ്ഠൻഉണ്ണി.)

ഏവംപ്രകാരേണ നിരതിശയമഹിമാവായ അപ്പയ്യദീക്ഷിതരുടെ ജ്യേഷ്ഠഭ്രാതാവായ അച്ചാദീക്ഷിതരുടെ പൌത്രനാണ് സുപ്രസിദ്ധനായ ശ്രീമാൻ നീലകണ്ഠദീക്ഷിതർ. ഇദ്ദേഹത്തിൻെറ പിതാവു നാരായണാദ്ധ്വരിയും മാതാവു ഭൂമിദേവിയും ആയിരുന്നു. ഇവൎക്കു നാലു പുത്രന്മാർ ഉണ്ടായിരുന്നവരിൽ രണ്ടാമത്തേ പുത്രനാണ് നീലകണ്ഠദീക്ഷിതർ. മററു മൂന്നു പേരും വിദ്യാസമ്പന്നന്മാരും സരസകവികളുമായിരുന്നു എങ്കിലും കുശകുമുദ്വതീയനാടകകൎത്താവായ അതിരാത്രയജ്വാവിനെ മാത്രമേ നാം ഇന്നറിയുന്നുള്ളു. നീലകണ്ഠദീക്ഷിതർ ജീവിച്ചിരുന്നതു് ഏഴാംശതാബ്ദത്തിൻെറ ആദ്യഘട്ടത്തിലാണെന്നു നീലകണ്ഠവിജയചമ്പൂഗ്രന്ഥത്തിൽനിന്നുതന്നെ നമുക്കു മനസ്സിലാകുന്നു.

അഷ്ടത്രിംശദുപസ്കൃതസപ്തശതാധികചതുസ്സഹസ്രേഷു
കലിവൎഷേഷു ഗതേഷു ഗ്രഥിതഃ കില നീലകണ്ഠവിജയോയം.

ഇതിൽനിന്നും കലി 4738_ൽ ആണ് പ്രസ്തുത ഗ്രന്ഥം നിൎമ്മിച്ചതെന്നു അനായാസേന നമുക്കു മനസ്സിലാക്കാമല്ലോ. ശിവലീലാൎണ്ണവമഹാകാവ്യത്തിൽ ഒൻപതാംസൎഗ്ഗത്തിൽ ഗംഗാരോധസ്സിലെ ഹിമവൽപ്രാന്തത്തിൽ തടാതകാദേവിയുടെ സേനാനിവേശത്തെപ്പററി പറഞ്ഞതിൻെറ ശേഷം തൽപ്രദേശവൎണ്ണനത്തിനായി തുനിഞ്ഞ കവിയുടെ രസനയിൽനിന്ന് അയത്നം പുറപ്പെട്ട "അസ്മാദൃശാം ക്ഷിതിസുരാം പുനരാഹരന്തർഭാഗീരഥീ തടരുഹാണി കുശാങ്കുരാണി" എന്നുള്ള വാക്യത്തിൽനിന്നും ശിഷ്ടാചാരസമ്പന്നനായ ഒരു ബ്രാഹ്മണനായിരുന്നു അദ്ദേഹമെന്നു തെളിയുന്നുണ്ട്. ശ്രീകണ്ഠമതത്തെപ്പററി ഇത്രമാത്രം അറിഞ്ഞിട്ടുള്ള ഒരു പണ്ഡിതർ ഇദ്ദേഹത്തെപ്പോലെ വേറെ ഇല്ലെന്നുതന്നെ പറയാം. ശൈവസിദ്ധാന്തത്തിൽ ഇദ്ദേഹത്തിനു് അതിയായ അഭിനിവേശമുണ്ടായിരുന്നു എന്നുള്ളതിനു തൎക്കമില്ല. ഇദ്ദേഹംതന്നെ ഈ സംഗതിയേപ്പററി മുക്തകണ്ഠം ഉൽഘോഷിച്ചിട്ടുമുണ്ട്. "ശൈവാ വയമാചതുൎവ്വദനാൽ" എന്നു വൈരാഗ്യശതകത്തിലും "അഗൎഭാദാകുലപരിവൃഢാദാചതുൎവ്വക്ത്രതോപി തല്പാദാംബുജപ്രവദനപരാൻവേത്സിനശ്ചന്ദ്രമൌലേ" എന്നു ശാന്തിവിലാസത്തിലും കാണുന്നു. ഇതുപോലെ അന്യങ്ങളായ പല ഉദാഹരണങ്ങളും എടുത്തു ചേൎക്കുന്നതിനു പ്രയാസമില്ല. നീലകണ്ഠദീക്ഷിതരേപ്പോലെ അത്രമാത്രം കീൎത്തികേട്ട ഒരു കവി അക്കാലത്തു ജീവിച്ചിരുന്നില്ല എന്നുള്ളതു് ഏവൎക്കും അറിയാവുന്ന ഒരു കാൎയ്യമാണ്. സാഹിത്യത്തിലും ദൎശനശാസ്ത്രങ്ങളിലും അദ്ദേഹത്തിനുണ്ടായിരുന്ന പാടവം ജനഹൃദയത്തെ ആകൎഷിക്കത്തക്കതുതന്നെ ആയിരുന്നു. ദീക്ഷിതരുടെ കവിതകൾക്കുള്ള പ്രത്യേകഗുണം പദസന്നിവേശവിശേഷംമൂലം ഉണ്ടാകുന്ന മനോഹാരിതയും വിചിത്രോല്ലേഖചാതുരിയും വ്യംഗ്യപ്രയോഗംമൂലമുണ്ടാകുന്ന ഹൃദയാനന്ദവുമാകുന്നു. ശബ്ദാൎത്ഥചിത്രങ്ങൾകൊണ്ടു തനി

ക്കും വായനക്കാർക്കും ഒരുപോലെ ക്ലേശം ഉണ്ടാക്കുക എന്നതു ദീക്ഷിതർ ഒരു കാലത്തും ചെയ്തിട്ടില്ല. ദീക്ഷിതരുടെ കവിതാമാൎഗ്ഗം വിശാലവും സഹൃദയാനന്ദപ്രദവുമാണെന്നുള്ളതിൽ വിവാദത്തിനു ലേശം വഴിയില്ല. ഒഴുക്കും രസസ്രാവിതയും ഇദ്ദേഹത്തിന്റെ കവിതകൾക്കുള്ളതുപോലെ അത്ര അധികമായി ആരുടെ കവിതകൾക്കും കാണുകയില്ല. അഭിനവപതഞ്ജലി എന്നോ അഭിനവവാത്മീകി (പ്രാചേതസ്സ്) എന്നോ വിളിക്കപ്പെട്ടുവന്ന ശ്രീരാമഭദ്രദീക്ഷിതർ ശൃംഗാരവിലാസഭാഷണത്തിൽ "നീലകണ്ഠദീക്ഷിതരുടെ സാന്നിദ്ധ്യത്തിൽ ഒരിക്കലെങ്കിലും ചെല്ലുന്നതിനിടയായാൽ അങ്ങനെയുള്ളവനു സരസപദലാഭവും പ്രയോഗവൈദഗ്ദ്ധ്യവും സിദ്ധിക്കാതെ ഇരിക്കയില്ല" എന്നാണ് പ്രശംസിച്ചിട്ടുള്ളതു്. ദീക്ഷിതരുടെ ലഘുകാവ്യങ്ങളിലും മഹാകാവ്യങ്ങളിലും സാഹിത്യധോരണി തെളിഞ്ഞു വിളങ്ങുന്നുണ്ടു്. കലിവിഡംബനം സഭാരഞ്ജനം അന്യാപദേശശതകം ശാന്തിവിലാസം വൈരാഗ്യശതകം ആനന്ദസാഗരസ്തവം ഇത്രയും ഗ്രന്ഥങ്ങളാണ് നീലകണ്ഠദീക്ഷിതരുടെ ലഘുകാവ്യങ്ങൾ. ദ്വാവിംശതിസൎഗ്ഗപരിമിതമായ ശിവലീലാൎണ്ണവവും അഷ്ടസൎഗ്ഗാത്മകമായ ഗംഗാവതരണവും അദ്ദേഹത്തിന്റെ മുഖ്യങ്ങളായ മഹാകാവ്യങ്ങളാണ്. അപ്പയ്യദീക്ഷിതരുടെ സ്വൎഗ്ഗാരോഹണത്തിനുശേഷം പന്ത്രണ്ടോ അതിലധികമോ സംവത്സരങ്ങൾ കഴിഞ്ഞതിൽ പിന്നീടാണ് ദീക്ഷിതർ ശ്രീനീലകണ്ഠവിജയചമ്പൂ എഴുതീട്ടുള്ളതു്. നീലകണ്ഠവിജയത്തിലേപ്പോലെ മറെറാരു ഗ്രന്ഥത്തിലും അദ്ദേഹം ഗ്രന്ഥനിൎമ്മാണകാലത്തേപ്പററി ഒന്നുംതന്നെ പറഞ്ഞുകാണുന്നില്ല. മേല്പറയപ്പെട്ട ഗ്രന്ഥങ്ങളിൽ ഏതേതു ഗ്രന്ഥങ്ങളാണ് ആദ്യമാദ്യമുണ്ടാക്കിയിട്ടുള്ളതെന്നുള്ള കാൎയ്യം അജ്ഞാതകോടിയിൽ കിടക്കുന്നതേയുള്ളുവെങ്കിലും അപ്പയ്യദീക്ഷിതരുടെ ചരമത്തിനു ശേഷമാണ് പ്രസ്തുത ഗ്രന്ഥങ്ങൾ എല്ലാംതന്നെ ഉണ്ടായിട്ടുള്ളതെന്നു വേണം വിചാരിപ്പാൻ. ദീക്ഷിതർ തന്റെ പന്ത്രണ്ടാമത്തെ വയസ്സിലാണ് നീലകണ്ഠവിജയചമ്പൂ എഴുതീട്ടുള്ളതെന്നു ചിലർ പറയുന്നുണ്ടെങ്കിലും സാധകപ്രമാണങ്ങളുടെ അഭാവംമൂലം ആയതു് അശ്രദ്ധേയമായിട്ടുതന്നെയാണിന്നും ഇരിക്കുന്നതു്. നളചരിതനാടകം കൈയ്യടവ്യാഖ്യാനം ശിവതത്വരഹസ്യം ഇത്യാദി പല കൃതികളും അദ്ദേഹത്തിന്റെ വകയായിത്തന്നെ സാഹിത്യലോകത്തിൽ കാണ്മാനുണ്ടു്. കുശകുമുദ്വതീനാടകത്തിലും ദീക്ഷിതരുടെ തൃതീയപുത്രനായ ഗീൎവ്വാണേന്ദ്രനാൽ വിരചിതമായ ശൃംഗാരകോശഭാണത്തിലുംനിന്നു മേല്പറയപ്പെട്ട നാമങ്ങൾ സുഗ്രഹങ്ങളാണ്. "ഏഷാഖലുദ്വിതീയ ശങ്കരരൂപാണാമപ്പയ്യദീക്ഷിതാനാം നപ്തൂനളചരിത്രനാടകപ്രബന്ധാ" എന്നു കുശകുമുദ്വതീയത്തിലും "കൈയ്യടവ്യാഖ്യാനശിവതത്വരഹസ്യാദ്യനേകപ്രബന്ധനിൎമ്മാതുഃ പവിത്രകീൎത്തേ നീലകണ്ഠമഖിനഃ" എന്നു ശൃംഗാരകോശഭാണത്തിലും കാണുന്നു. നീലകണ്ഠമഖീന്ദ്രൻ മധുരരാജാവായ തിരുമലനായ്ക്കന്റെ സഭാപണ്ഡിതരും അമാത്യപ്രവരനുമായിട്ടാണ് കാലം കഴിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ പുത്രന്മാരും പിന്നീട് ഈ സ്ഥാനത്തെതന്നെ അലങ്കരിച്ചിരുന്നു എന്നുള്ളതിനു "ശൃംഗാരകോശോ നാമഭാണ ഇത്യധുനൈവ ഖല്വനിവേദിതം മധുരാപുരാദാഗതേനരംഗകേള്ളനാ" എന്നു ശൃംഗാരകോശഭാണത്തിലെ വാക്യംതന്നെ ഉത്തമദൃഷ്ടാന്തമാണ്. ശ്രീനീലകണ്ഠദീക്ഷിതർക്കു് അയ്യാദീക്ഷിതർ എന്നുകൂടി നാമാന്തരം ഉണ്ടായിരുന്നതായിട്ടാണ് വിചാരിക്കേണ്ടതു്. തഞ്ചാവൂർ സരസ്വതീഭണ്ഡാഗാരത്തിലുള്ള നീലകണ്ഠവിജയഗ്രന്ഥങ്ങളുടെ രണ്ടു പ്രതികളുടെയും ഒടുവിൽ "സമാപ്തം ചേദമയ്യാദീക്ഷിതവിരചിതം ചമ്പൂകാവ്യം" എന്നെഴുതിയിരിക്കുന്നു. എന്നാൽ നീലകണ്ഠദീക്ഷിതർക്കു് ഇങ്ങനെ ഒരു പേരുകൂടി ഉണ്ടാകുന്നതിനു കാരണം ഇല്ലാതെ ഇരിക്കയില്ല. നമ്മുടെ നാട്ടുകാർ പിതാമഹന്റെ നാമം ഗ്രഹിക്കുക എന്നുള്ളതു സാധാരണമാണല്ലോ. ശ്വശ്രുരന്മാരുടെ പേരു വിളിക്കുക എന്നുള്ളതു മാതാക്കന്മാർ സാധാരണ പതിവില്ലാത്തതുകൊണ്ടു് അതിനെ പ്രാകൃതീകരിക്കുകയാണ് പതിവു്: ആ വഴിക്കു വന്നതായിരിക്കാം അയ്യാദീക്ഷിതർ എന്നുള്ള പേർ. അതങ്ങനെ നിൽക്കട്ടെ. നീലകണ്ഠദീക്ഷിതരുടെ അഗ്രഹാനുസരണം ഹാലാസ്യനാഥമഹോത്സവം മധുരരാജാവായ തിരുമലനായ്ക്കൻ കഴിച്ചിട്ടുണ്ടു്. ശാസ്ത്രാനുസാരിണിയായ രീതിയെ കൈവിടാതെതന്നെയാണ് അയതു നടത്തുകയുണ്ടായിട്ടുള്ളതു്. ഭഗവാന്റെ സകല ലീലകളും കണ്ടു പ്രഹൃഷ്ടഹൃദയനായ ദീക്ഷിതർ അക്കാലത്തുണ്ടാക്കിയിട്ടുള്ളതാണ് ശിവലീലാൎണ്ണവകാവ്യം.

യഃ സംരംഭഃ കൃതിവിരചനേ ദൃഷ്ടപൂൎവ്വീനാമഭേദ്യോ
യശ്ചൈകാന്ത്യം തദുചിതപദാന്വേഷണേ ചിത്തവൃത്തേഃ

...ഭ്യം തച്ഛേദപികവയതാമന്തത സ്രുീണ്യംഹാനി
സ്യാദേവം കിം സരസകവിതാ രാജ്യദുർഭിക്ഷയോഗഃ"

നീലകണ്ഠവിജയത്തിലെ ഈ പദ്യത്തിൽനിന്നും ദീക്ഷിതർ കൃത്യാന്തരബാഹുല്യത്താൽ പരാധീനനായിരുന്നു എന്നു തെളിയുന്നു. രാജ്യഭരണവിഷയമായി അദ്ദേഹത്തിനു വന്നുകൂടുന്ന ക്ലേശങ്ങൾ അദ്ദേഹത്തെ അത്യധികം അവശനാക്കിയിരുന്നു എന്നുള്ളതാണ് ഇപ്രകാരം എഴുതുന്നതിനു് അദ്ദേഹത്തെ പ്രേരിപ്പിച്ച പ്രധാന സംഗതി എന്നുള്ളതിൽ തക്കമില്ല.

ഗംഗാവതരണകാവ്യം കഥാവതരണഘട്ടത്തിൽനിന്നും ദീക്ഷിതർ വാൎത്തികാഭരണപ്രണേതാവായ വെങ്കിടേശ്വരമഖിയുടെ ശിഷ്യനാണെന്നാണറിയുന്നതു്.

"വാൎത്തികാഭരണ ഗ്രന്ഥനിൎമ്മാണവ്യക്തനൈപുണഃ
ശ്രീവെങ്കിടേശ്വരമഖീ ശിഷ്യേ മയ്യനുകമ്പതേഃ"

രാഘവാനന്ദം നീലാപരിണയം സഭാപതിവിലാസം മുതലായ നാടകങ്ങളുടെ കൎത്താവായ വെങ്കിടേശ്വരൻ ഇദ്ദേഹമല്ല. കാശ്യപവംശനും ധൎമ്മരാജമനീഷിയുടെ പുത്രനും വൈദ്യനാഥസൂരിയുടെ പൌത്രനുമായിരുന്നു. സുപ്രസിദ്ധനായ ഇദ്ദേഹം പൂർപുരത്തിൽ താമസക്കാരനായിരുന്നു. ദീക്ഷിതരുടെ ഗുരുവസിഷ്ഠവം ശോല്ലുന്നനാണ്. ഇദ്ദേഹത്തിന്റെ പിതാവു് അദ്വൈതവിദ്യാചാൎയ്യനായ ഗോവിന്ദദീക്ഷിതരാണ്. ഇദ്ദേഹം കൌമാരിലതന്ത്രത്തിനു് ഒരു വ്യാഖ്യാനം എഴുതിയിട്ടുണ്ടു്. ഇദ്ദേഹത്തെത്തന്നെയാണ് തഞ്ചാവൂർരാജാവായ രഘുനാഥൻ അർദ്ധാസനദാനേന സബഹുമാനം പൂജിച്ചിട്ടുള്ളതു്. ഈ രഘുനാഥരാജൻതന്നെയാണ് മഹാമന്ത്രാവസാനത്തിൽ അതിന്റെ ഓൎമ്മക്കായി കാവേരീതീരത്തിൽ ശിലാസ്തൂപങ്ങൾ നിൎമ്മിച്ചിട്ടുള്ളതും. ഈ ഗോവിന്ദദീക്ഷിതർ ഷൾദൎശനങ്ങളുടെയും സാരഭൂതമായ ഒരു ഗ്രന്ഥം നിൎമ്മിച്ചിട്ടുണ്ടെന്നു താഴെപ്പറയുന്ന പദ്യങ്ങളാൽ വ്യക്തമാകുന്നു.

അദ്വൈതവിദ്യാവിഭവാവലംബാൻ
ഗോവിന്ദയജ്വേന്ദ്ര ഗുരൂനുപാസേ
നിൎമ്മഥ്യ ഷൾദൎശന നീരധീന്യേ
ധിയൈവ സാരം ദദതേ ബുധേഭ്യഃ

എന്നു യജ്ഞനാരായണവിരചിതമായ സാഹിത്യരത്നാകരത്തിലും,

ഷൾദൎശനാഭിനവ ദുഗ്ദ്ധസരിൽ പുരീണ്യാ
നിൎമ്മഥ്യ യത്നരഹിതം നിജയാ ധിയൈവ
വിശ്രാണയന്നനുദിനം വിബുധാവലീനാ
മേതദ്രസം മുരരിപും ഭുവി യോതിശേതേ.

എന്നു രഘുനാഥവിലാസനാടകത്തിലും കാണുന്നുണ്ടു്.

ഈ ഗോവിന്ദമഖീന്ദ്രൻ രഘുനാഥരാജാവിന്റെ പിതാവായ അച്യുതഭൂമിപാലനാലും പൂജിതനായിരുന്നു എന്നുതന്നെയല്ല, അദ്ദേഹത്തിന്റെ മന്ത്രിയുംകൂടി ആയിരുന്നു എന്നു പുരാതനന്മാർ ഉൽഘോഷിക്കുകയും അതിനു ലക്ഷ്യഭൂതമായ ഈ പദ്യം ഉദാഹരിക്കുകയും ചെയ്യുന്നു.

ത്രിനാമാദ്യന്തനാമാനൌ മഹീക്ഷിദ്ദീക്ഷിതാവുഭൌ
ശസ്ത്രേ ശാസ്ത്രേ ച നിപുണാവാഹവേഷു ഹവേഷു ച.

ഇതിന്റെ പൂൎവാൎദ്ധം അച്യുതഭൂമിപാലനേയും ഗോവിന്ദദീക്ഷിതരേയുംപററി പറയുന്നതാണ്. അച്യുതാനന്ദഗോവിന്ദ എന്നുള്ളതുതന്നെയാണ് ത്രിനാമങ്ങൾ. അച്യുതാനന്ദഗോവിന്ദ എന്നുള്ള നാമസമുദായത്തിനുതന്നെ ത്രിനാമസംജ്ഞയുണ്ടെന്നാണല്ലോ പ്രസിദ്ധി. ഈ ഗോവിന്ദദീക്ഷിതർ മഹാരാജാനുവാദത്തോടുകൂടി വളരെ അഗ്രഹാരങ്ങൾ കെട്ടിക്കുകയും യഥാവസരം അവയെ ബ്രാഹ്മണൎക്കു ദാനം ചെയ്യുകയും ചെയ്തു. മദ്ധ്യാൎജ്ജുനം, മായൂരം, കുംഭകോണം, പഞ്ചനദം മുതലായ സ്ഥലങ്ങളിലും കാവേരീതീരങ്ങളിലും കെട്ടിച്ചിട്ടുള്ള സ്നാനഘട്ടങ്ങൾ മുതലായവ അദ്യാപി നിലനില്ക്കുന്നതു് ഉദാരബുദ്ധിയായ ഏതോ ഒരു ഇദാനീന്തനമനുഷ്യനാൽ വിനിൎമ്മിതങ്ങളാണെന്നു വിചാരിപ്പാൻ ന്യായം കാണുന്നില്ല. ഇവയിൽ

ചിലതെല്ലാം ജീൎണ്ണപ്രായങ്ങളായിട്ടുണ്ടെങ്കിലും തീരെ നശിച്ചുപോയിട്ടില്ല. ഇതുകളെ നന്നാക്കുന്നതിനുപോലും ഇപ്പോൾ ആരും തുനിഞ്ഞുകാണാത്തതിൽ അതിശയിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽ ഈ ഗോവിന്ദദീക്ഷിതർ മദ്ധ്യാൎജ്ജുനക്ഷേത്രത്തിൽവച്ചു കല്പതരു ശിഷ്യന്മാരെ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ശ്രീമാൻ അപ്പയ്യദീക്ഷിതർ ആ വഴിക്കു കടന്നുപോകുന്നതായിക്കണ്ടു. ഉടൻതന്നെ അദ്ദേഹം അപ്പയ്യദീക്ഷിതരെ അരികിൽ വിളിച്ചു കല്പതരുവിലെ ചില സംശയങ്ങൾ തന്നിവൃത്തിക്കായി ചോദിക്കയുണ്ടായി. സംശയനിവൃത്തിക്കു പൎയ്യാപ്തമായ ഉത്തരം കിട്ടുകയാൽ സന്തുഷ്ടനായ ഗോവിന്ദദീക്ഷിതർ കല്പതരുവിന്നൊരു വ്യാഖ്യാനമെഴുതണമെന്നു ദീക്ഷിതരോടാവശ്യപ്പെട്ടു.

അപ്പദീക്ഷിതകിമിത്യതിസ്തുതിം വൎണ്ണയാമി ഭവതോവദാന്യതാം
സോപികല്പതരുരൎത്ഥസിദ്ധയേ ത്വൽ ശ്രീയാമപസരം പ്രതീക്ഷതേ.

പ്രസ്തുത ശ്ലോകം ബാലകവിപ്രോക്തം ആണെന്നൊരഭിപ്രായം ഇല്ലാതില്ല. ഏതുപ്രകാരമായിരുന്നാലും അപ്പയ്യദീക്ഷിതരും ഗോവിന്ദദീക്ഷിതരും സമകാലീനന്മാരായിരുന്നു എന്നുള്ളതിൽ വിവാദത്തിനു വഴിയില്ല. വിജയരാഘവഭൂപാലന്റെ മന്ത്രിയായിരുന്നു ഗോവിന്ദദീക്ഷിതർ എന്നുള്ള തഞ്ചാവൂർ മാനുവൽഗ്രന്ഥത്തിലെ അഭിപ്രായം നിർഹേതുകവും അസംഭാവിതവുമാണ്. ഹരിവംശസാരചരിതമെന്ന ഒരു ഗ്രന്ഥം ഗോവിന്ദദീക്ഷിതരുടെ വകയായി കാണുന്നുണ്ട്. ത്രയോവിംശതിസൎഗ്ഗാത്മകമായ ഈ മഹാകാവ്യത്തിനു് അപ്പയ്യദീക്ഷിതകൃതമായ ഒരു വ്യാഖ്യാനം കാണുന്നതിൽനിന്നും രഘുനാഥഭൂപാലനാൽ സമ്മാനിതനായ ആ ഗോവിന്ദമന്ത്രിതന്നെയാണോ ഇദ്ദേഹമെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഹരിവംശസാരചരിതത്തിന്റെ കൎത്താവായ ഗോവിന്ദമന്ത്രി ശാണ്ഡില്യവംശോല്പന്നനും കോണ്ഡമഭൂപാലന്റെ മന്ത്രിയും ആയിരുന്നു എന്നുതന്നെയാണ് തൽഗ്രന്ഥപരിചയം നമ്മെ മനസ്സിലാക്കുന്നതു്.

ശാണ്ഡില്യാന്വയഹാരമൌക്തികമണിഃ ശ്രീധല്ലിമന്ത്രീപിതാ
മാതാ യസ്യ പതിവ്രതൈകമഹിമാ കല്ലാം ച കുപ്പാംബികാ
തസ്യ ശ്രീഹരിവംശസാരചരിതേ ഗോവിന്ദമന്ത്രിപ്രഭോഃ
സൎഗ്ഗഃ പൂൎത്തിമഗാന്നിസൎഗ്ഗലസിതഃ കാവ്യേ മഹത്യാദിമഃ"

ശ്രീവെങ്കിടേശ്വരമഖിയുടെ ജ്യേഷ്ഠഭ്രാതാവാണ് വിദ്യാഗുരുവായ യജ്ഞനാരായണദീക്ഷിതർ. അനിതരസാധാരണമായ പാണ്ഡിത്യവും സാഹിത്യചൎച്ചാസാമൎത്ഥ്യവും ഇദ്ദേഹത്തിനു ധാരാളമായിട്ടുണ്ടായിരുന്നു. രഘുനാഥഭൂപന്റെ ആശ്രിതനും മഹാവിദ്വാനുമായ ഇദ്ദേഹം രഘുനാഥഭൂപവിജയം രഘുനാഥവിലാസനാടകം സാഹിത്യരത്നാകരം മുതലായ ഗ്രന്ഥങ്ങളാൽ ഗൈൎവ്വാണിയെ അലങ്കരിച്ചു. സ്വാപദാനവൎണ്ണനത്താൽ സന്തുഷ്ടചിത്തനായ രഘുനാഥഭൂമിപൻ ഇദ്ദേഹത്തിനു പല സമ്മാനങ്ങളും കൊടുത്തതു കൂടാതെ സ്വന്തം ആഭരണങ്ങൾപോലും ദാനംചെയ്തുകളഞ്ഞു. ഇദ്ദേഹത്തിന്റെ സമകാലീനന്മാരായ പണ്ഡിതന്മാർ പണ്ഡിതകുലചൂഡാമണിയായ കൃഷ്ണയജ്വാ [illegible]കുലസംജാതനായ സോമനാഥൻ, പാരിജാതനാടകകൎത്താവായ കുമാരതാതാചാൎയ്യൻ മുതലായവരാണ്.

ശ്രീവെങ്കിടേശമഖിയുടെ കൃതികളിൽ വാൎത്തികാഭരണമായ ധുണ്ഡികവ്യാഖ്യാനവും കൎമ്മാന്തമീമാംസികയുടെ വ്യാഖ്യാനമായ കൎമ്മാന്തനിബന്ധദീപികയും മാത്രമേ നാമിന്നു് അറിയപ്പെട്ടിട്ടുള്ളു. കാവ്യദൎപ്പണകൎത്താവായ രാജചൂഡാമണിദീക്ഷിതർ ഇദ്ദേഹത്തിന്റെ അജ്ഞാനുസരണമാണ് തന്ത്രശിഖാമണി എന്ന ഗ്രന്ഥം രചിക്കപ്പെട്ടിട്ടുള്ളതു്.

ശബ്ദകൌമുദ്യാദിഗ്രന്ഥങ്ങളുടെ രചയിതാവും കൌശികഗോത്രജാതനുമായ ചൊകനാഥമഖീന്ദ്രനും, വൈഷ്ണവമതാനുയായിയും ശ്രീരാമചന്ദ്രോദയമഹാകാവ്യത്തിന്റെ കൎത്താവും വിഖ്യാതാവുമായ വെങ്കിടേശ്വരനും, കുശകുമുദ്വതീയനാടകകൎത്താവായ അതിരാത്രയജ്വാവും, ചിത്രരത്നാകരം രുഗ്മിണീപരിണയം ജാനകീപരിണയം ദ്രൌപദീപരിണയം മുതലായവയുടെ കൎത്താവായ ശ്രീചക്രകവിയും ശ്രീനീലകണ്ഠദീക്ഷിതസമകാലീകന്മാരും വിദ്വൽശിരോമണികളും മഹാകവികളും ആയിരുന്നു എന്നാണറിയുന്നതു്.

# പത്മാവതി.

(വി. പി. പത്മനാഭൻനമ്പൂതിരി)

## II.

മാരീചൻ കപടം കലൎന്നു മറിമാനായിട്ടു വന്നപ്പോഴ-
ങ്ങാരീമാതിരി വന്നതെന്തി,നിതി ഞാൻ ചിന്തിച്ചു പായിച്ചുപോയ്;
നാരീരത്നമുരച്ചതാം പരുഷവാക്കാഹന്ത! കേട്ടാൎത്തനായ്-
സൂരീന്ദ്രാശയനായ ലക്ഷ്മണനുമന്നെന്നെത്തിരഞ്ഞെത്തിനാൻ. 1

അന്നാൽ ഞാനകലത്തുപോയ് സഹജനും തെല്ലൊന്നകന്നീടവേ
വന്നാൻ യാചകവേഷധാരി കുടിലൻ കാമാൎത്തനായ് രാവണൻ
നന്നായ് പാവകനാശുവസ്തുതയറിഞ്ഞാമൽ പ്രിയാപാലന-
ത്തിന്നായ് ജാനകിയെദ്ധരാതലമതിൽച്ചേൎത്താൻ സുഹൃത്താമവൻ! 2

സ്വാഹാ കൈവശമേല്പ്പെട്ടുത്തിയവളെ സൂക്ഷിച്ചിട്ടും മുമ്പു വ-
ന്നാഹാ! രാവണനാംനിശാചരനഹംകാരത്താടൊത്തങ്ങനെ
മോഹാവേശവശാൽത്തൊടാനവസരം കൈവന്നുവെന്നോൎത്തുടൻ
മാഹാവംശജയായിട്ടും തരുണിയെത്തീയിൽദ്ദഹിപ്പിച്ചുപോൽ! 3

കത്തും തീയിലുദിച്ച വേദവതിയാം തന്വംഗിയെത്തൽക്ഷണം
മെത്തും മോടിവരുത്തിയാജ്ജനകജക്കൊപ്പം വിളക്കീടിനാൻ;
എത്തും രാവണനാശഹേതുവതിനായുണ്ടായ് പ്രശോഭിപ്പതാ-
ണത്തുംഗസ്തനിയെന്നതല്പവുമറിഞ്ഞീലന്നു ലങ്കാധിപൻ. 4

മായാസീതവസിച്ചിരുന്നൊരതലൻ തന്നാശ്രമം പുക്കുടൻ
മായാമോഹിദശാനനൻ വനിതയെ കൈക്കൊണ്ടു മണ്ടീടിനാൻ;
പ്രേയാൻ രാഘവനാൎത്തനാ,യതില്പമത്യാസന്നമാം സങ്കടം
ധീയാളുന്നൊരുലക്ഷ്മണനുമുളവായ്, ദൈവേച്ഛ നീക്കാവതോ? 5

ഹാ! മന്നിൻമകളോട്ടുതുല്യമഴകേറീടുന്ന കാർവേണിയെ-
ക്കാമത്താൽ മതിയും മറന്നു തിരുമണ്ടൻ കൊണ്ടുപോയ് ലങ്കയിൽ;
ക്ഷേമം വേദവതിക്കു ലേശമിയലാതന്നാൽമുതൽക്കാധിയാൽ
സോമശ്രീമുഖി ജാനകിക്കു പകരം ദുഃഖിച്ചുവാണാളവൾ!! 6

പാരാകെപ്പുകൾപൂണ്ട രാവണവധം ഞാൻ കേവലം നിൎവ്വഹി-
ച്ചാരാമാമണിയൊത്തു പാവകസമീപത്തെത്തി വേണ്ടുംവിധം
പാരാതെൻ പ്രിയപത്നിയെ സകൗതുകം കൈക്കൊണ്ടുനിൽക്കുമ്പൊഴ-
ന്നാരാൽ പുഞ്ചിരിതൂകിയേവമനലൻ തെല്ലൊന്നു ചൊല്ലീടിനാൻ. 7

"ഘോരാരാതോപമിയന്ന പോരിനു സഹായംചെയ്തു രാത്രീഞ്ചര-
ന്മാരായുള്ളവരെ കൊലക്കളംകൊടുപ്പിച്ചാൽ നിനച്ചുള്ളപോൽ
ആരാജൻമുഖിയായ വേദവതിയെസ്സ്വീകരിച്ചു തുല്യം മന-
ത്താരാൽ സ്വീകൃതയോഗ്യമെന്നു കരുതിപ്പാലിക്ക ഭാഗ്യാംബുധേ! 8

ഏവം പാവകവാൎത്തകേട്ടു സരസം പ്രാണാധികസ്നേഹമാം-
ഭാവംപൂണ്ടു ധരിത്രി തന്റെ മകളും പിന്താങ്ങിയാവാക്കിനെ;
ഞാൻ വല്ലാതെ പരുങ്ങിയെങ്കിലുമവൾക്കുള്ളോരഭീഷ്ടം ക്രമാൽ
കൈവന്നീടുമതിന്നു യോഗമൊരുനാൾ വന്നെത്തുമെന്നോതിനേൻ. 9

"അതല്ല പാവക! കേൾക്കനീ! കലിയുഗം വന്നെത്തിടും വേളയിൽ
ഫുല്ലേന്ദീവരനേത്രയെസ്സകൗതുകം വേൾക്കാംമുദാകാത്തുഞാൻ

കില്ലേതും കരുതേണ്ട, വേദവതിയന്നോളംമമാനുഗ്രഹാൽ
ചൊല്ലേറുന്നൊരുനാന്മുഖൻെറ പുരിയിൽപ്പുക്കട്ടെയുൽകൃഷ്ടയായ്". 10

ഇമ്മട്ടനുവരം കൊടുത്തതുനിമിത്തത്താലെയാസ്സാധ്വിയാൾ
നന്മക്കാകരമായ് ജനിച്ചു ധരയിൽനിന്നും സമീചീനമായ്
ഇമ്മന്നിൻപതിയായിട്ടും സുകൃതിയാമാകാശരാജാവുതൻ—
ശർമ്മത്തിന്നുനിദാനമാം മകൾ വളർന്നീടുന്നു വിഖ്യാതയായ്! 11

ഭൂപാലോത്തമപുത്രി തൻസഖികളോടൊന്നിച്ചുവന്നത്ഭുത—
ശ്രീപാരം പുലരുന്നതായൊരു മലർക്കാവിൽക്കളിക്കുന്നതായ്
ഞാൻ പാർത്തേ,നതുനാൾമുതൽക്കു മദനൻ തല്ലുന്നതല്ലേററിവൻ
താപാതിക്രമചിത്തനായ് മരുവുമാറായെൻ സഖീരത്നമേ! 12

പാടുന്നു പരിതാപഗീതമധുനാ കീരങ്ങ,ളയ്യോ കര—
ഞ്ഞാടുന്നു മയിലിൻസമൂഹ,മിവിടെ സ്തംഭിച്ചു വൃക്ഷങ്ങളും,
തേടുന്നു മധുവണ്ടിനങ്ങൾ, കരൾ കട്ടീടുന്ന പൂവമ്പനും
കൂടുന്നു ബല,മെൻെറ കാര്യമവതാളത്തിൽക്കലാശിക്കുമോ? 13

പ്രേമപ്പൂങ്കുളുർതേൻകുഴമ്പിൽ മുഴുകി പ്രാണാവസാനംവര-
ക്കോമൾപ്പെൺമണിയോടുമൊത്തു മലർമഞ്ചത്തിൽ സുഖിച്ചങ്ങനെ
ക്ഷേമശ്രീയോടു വാഴ്വതിന്നൊരണുവും യോഗം നമുക്കില്ലയെ—
ന്നീ മന്ദൻ കരുതുന്ന ലോകസുഖമേ! നീയിത്ര നിർഭാഗ്യയോ? 14

പ്രേമപ്പാൽക്കടൽതന്നിലെസ്സുഷമയേറീടും തിരത്തള്ളലാ—
മോമൽക്കന്യകതൻ നിസർഗ്ഗഗുണമിന്നാരാലുമാരാധ്യമാം;
പൂമങ്ങും മൃദുമേനിയെക്കരൾ കുളുർത്തീടുംവിധം വേട്ടു ഞാ—
നീമന്നിൽ സുഖിയാകുമോ? കളമൊഴിത്തയ്യേ! കഥിച്ചീടുനീ! 15

"ചിന്താസാഗരവീചിതൻ നടുവിലായ് വട്ടംകറങ്ങുന്നൊരാ—
ച്ചെന്താരിന്മകൾ തൻെറ കാമുകനുരച്ചുള്ളോരു ഗീരൊക്കെയും
സന്താപത്തൊടു കേട്ടുടൻ ബകുലയാം തന്വംഗി തേൻവാക്കിനാൽ
സ്വാന്താഭീഷ്ടനിലക്കിതേവിധമവന്നാശ്വാസമേകീടിനാൾ." 16

"ആകാശാഖ്യനൃപൻെറപുത്രി മരുവുന്നാപ്പത്തനം തന്നിലായ്—
പ്പോകാം ഞാനവിടത്തിലുള്ളവരെയും കണ്ടിങ്ങുപോന്നീടുവാൻ
ഹാ! കാന്തത്ര ഭവാനിരിക്കുക! വരുംകൈവല്യമെന്നോതിയും
ശോകാപേതമിറങ്ങിനാൾ ബകുലയെന്നായ്പ്പേരുപൂണ്ടോരവൾ! 17

എന്തത്യത്ഭുതമാണിതൊക്കെ,യറിയാം പോയാലിതെന്നായ് തിരി—
ച്ചന്തസ്സേററമെഴും നൃപാലനഗരംതന്നിൽ പ്രവേശിക്കവേ
സ്വാന്തത്തിങ്കലവൾക്കതീവകുതുകം വന്നാൻ പ്രതീക്ഷിച്ചപോൽ
ഹന്തശ്രീമതികന്യകാമണിഗൃഹം കാണായ് സമീപത്തിലായ്!! 18

ആ രാജാവിനെഴുന്ന പുണ്യസുകൃതക്കാമ്പായ പെൺപൈതൽ ത—
ന്നാരാൽക്കാത്തമരുന്ന ചേടികൾ ശിവക്ഷേത്രത്തിലേക്കായ് ജവാൽ
മാരാരിത്തിരുമേനിയെത്തൊഴുതു പോന്നീടുന്നതിന്നായ് ഗമി—
പ്പോരാവേളയിലീവരാംഗിയരികത്തെത്തിക്കഥിച്ചീടിനാൾ. 19

"ദിവ്യത്വംകലരും മനസ്വിനികളേ! ഹാ! നിങ്ങളാരെന്നതും
നവ്യശ്രീനൃപപുത്രി പാർത്തുവരുമാക്കൊട്ടാരമേതെന്നതും
സുവ്യക്തം പറയേണം;മിന്നതിഥിയിൽക്കാരുണ്യമുണ്ടാകണം
ഭവ്യംനിങ്ങളിലബ്ജനാഭനരുളും വേണ്ടുന്നപോലൊക്കെയും." 20

"എന്നിക്കാന്തതണീലലാമമരുൾചെയ്തീടുന്ന കേട്ടിട്ടു പൂ—
മേനിപ്പെൺമണിമാർ കനിഞ്ഞവളൊടായ് പ്രത്യുത്തരം ചൊല്ലിനാർ

തേനിൻമാധുരിപൂണ്ടവാണികൾ പൊഴിച്ചീടുന്നൊരീ നിങ്ങളേ-
മാനിച്ചൻപൊടുവാസ്തുവസ്ഥിതികളിന്നെല്ലാം ഗ്രഹിപ്പിച്ചിടാം." 21

വെള്ളിക്കുളിപുലന്ന മന്നവനെഴും പൂങ്കാവിലായ് പൂവറു-
ത്തുള്ളിൽക്കൗതുകമാന്ന ഞങ്ങൾ വിഹരിച്ചീടുന്നൊരാവേളയിൽ
തള്ളിക്കേറിനൊരാശ്ചര്യാടൊരു പുമാൻ നിൽക്കുന്നതായ്ക്കാൺകയാൽ
കൊള്ളില്ലാസ്ഥലവാസമെന്നു കരുതി പിൻവാങ്ങിയീയുള്ളവർ. 22

എന്നാലാത്തരുണൻ വെറും മനുജനല്ലോമൽക്കരം നാലിലും
നന്നായുള്ളൊരു ശംഖ്, ചക്രം, ഗദ, ബാണാദ്യങ്ങൾ വസ്തുക്കളും
പൊന്നാഭക്കെതിരായമഞ്ഞവസനച്ചാർത്തും, ത്രിവേദങ്ങളായ്-
ത്തോന്നാകുന്ന ലലാടഗോപികളുമുണ്ടോള്ളീർഘകായന്നയേ. 23

ധന്യാത്മാവിനെ ഞങ്ങൾ കണ്ടു വിജനോദ്യാനത്തിലായ്, പാൽക്കടൽ-
കന്യാകാമുകനായിരിക്കുമവിടെ പ്രത്യക്ഷനായുള്ളൊരാൾ;
ജന്യാഡംബരനായ കാമനുടനേ ബാധിക്കയാൽ സാധുവാം-
മാന്യാരാജകുമാരിയത്ര വിരഹത്തീതിന്നു വർത്തിക്കയാം. 24

മോഹത്താൽ നൃപപുത്രിതൻ മനമയാളിൽപ്പോയ് ലയിച്ചപ്പൊഴേ-
ദേഹത്തിന്നു ബലംകുറഞ്ഞു, കുളി, യൂണെന്നുള്ളതും പൂജ്യമായ്
സ്നേഹം ഞങ്ങളോടും കുറഞ്ഞി, വിലപിച്ചേവം കുഴങ്ങുന്നു, നിർ-
വാഹംകാണ്മതുമില്ലപായമിതിലേക്കെന്താണുരച്ചീട്ടു നീ? 25

കണ്ണോ കാലോ വളർന്നീട്ടവ, തിതി കരുതില്ലപെൺകുലത്തങ്കവല്ലി-
ത്തമ്പോടൊന്നിച്ചുപാർക്കം ജനകജനനിമാരെല്ലാരാശാന്ത്വതെത്ത
മെയ്യോവാടിക്കിടക്കം മകളൊരു മരുഭൂവാകുവാൻ കാപ്പുകെട്ടി-
ട്ടയ്യോ കാട്ടുന്നതെന്തിങ്ങനെ? സഹനബലം നാരിമാർക്കില്ലയെന്നോ? 26

പറമവളൊടു തോഴിമാർ മുറസ്സീയരമനവാർത്തകളിത്തരത്തിലോതി
നരവരഗൃഹതല്പജത്തിലേക്കായ് തരളവിലോചനമാർ നടന്നു മന്ദം!! 27

# സാഹിത്യരത്നമാല.

(ചുനക്കരെ കെ. രാമവാരിയർ.)

രത്നം xviii.

## (10) മൈത്രായണോപനിഷത്ത്.

കൃഷ്ണയജുർവ്വേദപരങ്ങളായ പല ഉപനിഷത്തുകളിലും നവീനലക്ഷണങ്ങൾ കാണുന്നു. മൈത്രായണോപനിഷത്തു സാമാന്യം വലുതും ഗദ്യരീതിയിൽ രചിച്ചതുമാണ്: എന്നാൽ ഇതിൽ ഇടക്കിടക്കു ചില പദ്യങ്ങളും ഇല്ലാതില്ല. ഈ ഉപനിഷത്തിൽ ഏഴ് അദ്ധ്യായം ഉണ്ട്. ആറാം അദ്ധ്യായത്തിൽ ഒടുവിലുള്ള എട്ടു ഭാഗങ്ങളും ഏഴാം അദ്ധ്യായവും ഒരു പരിശിഷ്ടംപോലെ ഇരിക്കുന്നു. ഇവിടെ പല ഉപനിഷത്തുകളിൽനിന്നു പല ഭാഗങ്ങളും ഉദ്ധരിച്ചിട്ടുണ്ട്. നവീനപദങ്ങളും ധാരാളം കാണുന്നു. സാംഖ്യസിദ്ധാന്തത്തെ ചിലടത്ത് അനുവദിച്ചിട്ടുണ്ട്. ഇത്യാദി സംഗതികളെക്കൊണ്ടാണ് ഇതിന്റെ നവീനതയേക്കുറിച്ചു സംശയിച്ചിട്ടുള്ളത്. ബുദ്ധമതത്തേയും സാംഖ്യത്തേയും ആധാരമാക്കി നിർമ്മിച്ചിട്ടുള്ള പല ഉപനിഷൽസിദ്ധാന്തങ്ങളും ഇതിലുണ്ട്. ഇക്ഷ്വാകുവംശജനായ രാജാ ബൃഹദ്രഥനോടു പറയുന്ന ആത്മസ്വരൂപനിരൂപണമാണ് ഇതിൽ മുഖ്യം. അതു മൂന്നു ചോദ്യത്തിന്റെ ഉത്തരമായി നിർവ്വചിക്കുന്നു. ആത്മാവു ശരീരത്തിൽ പ്രവേശിക്കുന്നതു് എങ്ങനെ എന്നു പ്രഥമപ്രശ്നം. പ്രജാപതി തന്നാൽ സൃഷ്ടമായ ശരീരത്തിനു ജീവൻ കൊടുക്കാൻ പ്രാണൻ,

അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ എന്ന് അഞ്ചു വായുക്കളായി ജഡത്തിൽ പ്രവേശിക്കുന്നു എന്നുത്തരം. പരമാത്മാവ് എങ്ങനെ ഭൂതാത്മാവാകുന്നു എന്നു ദ്വിതീയപ്രശ്നം. ഇതിന്റെ ഉത്തരം കേവലം വേദാന്തസിദ്ധാന്തത്തെ ആശ്രയിച്ചല്ല. മിക്കവാറും അതു സാംഖ്യത്തെ ആധാരമാക്കിയാണ്. ത്രിഗുണാത്മികയായ പ്രകൃതിയുടെ ശക്തികൊണ്ട് ആത്മാവു സ്വസ്വഭാവത്തെ മറന്നു തന്റെ പ്രജ്ഞാനത്തിൽനിന്നു വിമുക്തനായിട്ടു സംസാരത്തെ അനുഭവിക്കുന്നു. ഈ സംസാരത്തിൽനിന്നു വിമുക്തനാകാനുള്ള മാർഗ്ഗം എന്ത് എന്നു തൃതീയപ്രശ്നം. മറുപടി വേദാന്തസിദ്ധാന്തത്തേയോ സാംഖ്യത്തേയോ ആധാരമാക്കിയല്ല. നിവൃത്തിമാർഗ്ഗത്തെ ഇങ്ങനെ വിവരിക്കുന്നു. വർണ്ണാശ്രമങ്ങളുടെ ധർമ്മനിയമങ്ങളെ ഗ്രഹിച്ച് അവയെ വേണ്ടവിധം അനുഷ്ഠിക്കുന്നവനു മാത്രമേ മുക്തി ലഭിക്കയുള്ളു. അവനു ജ്ഞാനം, ധ്യാനം, സമാധി മുതലായതുകൊണ്ടു മോക്ഷം കിട്ടുകയും ചെയ്യും. അഗ്നി, വായു, സൂര്യൻ ഇവർ പ്രധാന ദേവന്മാരാണ്. ത്രിമൂർത്തികളായ ബ്രഹ്മാവും, വിഷ്ണുവും, രുദ്രനും ബ്രഹ്മത്തിൽനിന്ന് ഉത്ഭവിച്ചവരാണ്. ഈ ഉപനിഷത്തിന്റെ ശേഷം ഒരു പരിശിഷ്ടമത്രേ. എന്നാൽ ഇതിൽ രസകരമായ പല സംഗതികളും ഉണ്ട്. സത്വം, രജസ്സ്, തമസ്സ് എന്ന ത്രിഗുണത്തെക്കുറിച്ച് ഇവിടെ പറയുന്നുണ്ട്. ഇതു പദാർത്ഥത്തിന്റെ മൂന്നു ഗുണങ്ങളത്രേ. സത്വം വിഷ്ണുവിനേയും, രജസ്സു ബ്രഹ്മാവിനേയും, തമസ്സു രുദ്രനേയും ആശ്രയിച്ചിരിക്കുന്നു. ഋഗ്വേദതത്വവും സാംഖ്യവും തമ്മിലുള്ള ബന്ധം ഈ ഗുണത്രയംമൂലമാണ്. സാത്വാദികളെക്കുറിച്ചു ബ്രാഹ്മണങ്ങളിലും നിർദ്ദേശങ്ങൾ ഉണ്ട്. സവിതാവു (സൂര്യൻ) ആത്മാവിനെ സംബന്ധിച്ചതാണ്. ആത്മാവിനെ ആരാധിക്കേണ്ട രീതിയും ഇവിടെ വിവരിച്ചിരിക്കുന്നു.

"ഭൂർ, ഭുവഃ, സ്വഃ" എന്ന് ആദ്യം മൂന്നു വ്യാഹൃതികൾ; പിന്നെ,

"ഓം തത് സവി തുർവ്വരേണ്യം
ഭർഗ്ഗോദേവസ്യധീമഹി
ധിയോ യോ നഃ പ്രചോദയാത്"

എന്നു സുപ്രസിദ്ധമായ സവിതൃമന്ത്രം ജപിക്കുക. തദനന്തരം യഥേഷ്ടം "ഓം" എന്നുള്ള പ്രണവമന്ത്രസ്വരം സംഖ്യ കഴിക്കുക. ഇങ്ങനെയാണ് ആത്മാരാധനയുടെ രീതി മൈത്രായണോപനിഷത്തിൽ പറഞ്ഞിരിക്കുന്നതു്. യോഗംകൊണ്ടു ബ്രഹ്മലാഭം ഉണ്ടാകും എന്ന് ഇവിടെ സമർത്ഥിച്ചിട്ടുണ്ട്. ബ്രഹ്മത്തിനു ജാഗ്രത്തു, സ്വപ്നം, സുഷുപ്തി എന്നു മുൻ നിർദ്ദേശിച്ചിട്ടുള്ള മൂന്നും കൂടാതെ "തുരീയ" എന്ന് ഒരവസ്ഥകൂടി ഉണ്ട് എന്നും അതാണ് ഏററവും ഉയർന്ന അവസ്ഥയെന്നും ഇവിടെ പ്രത്യേകം നിർവ്വചിച്ചിരിക്കുന്നു. ആത്മാവിന്റെ ദ്വൈതത്തിൽ ഉപനിഷത്തു സമാപിപ്പിക്കുന്നു. എന്തെന്നാൽ സത്യവും മായയും അനുഭവിക്കുന്നതിനു് ആത്മാവ് ഒരുങ്ങുന്നു.

## (11) കഠോപനിഷത്തു്.

കഠം, ശ്വേതാശ്വതരം ഈ രണ്ട് ഉപനിഷത്തുകളും കൃഷ്ണയജുർവേദപരങ്ങളും മൈത്രായണത്തേക്കാൾ പ്രാചീനങ്ങളുമത്രേ. കഠത്തിൽ നൂററി ഇരുപതും (120) ശ്വേതാശ്വതരത്തിൽ നൂററിപ്പത്തും (110) പദ്യം വീതം ഉണ്ട്. ഇതിൽ (കഠോപനിഷത്തിൽ) നചികേതസ്സിന്റെ ചരിതം തൈത്തിരീയബ്രാഹ്മണത്തിൽ കഠഭാഗത്തുള്ളതുപോലെതന്നെ വിവരിച്ചിരിക്കുന്നു. ഈ കഥ മുമ്പു സംഗ്രഹിച്ചിട്ടുണ്ടല്ലോ. ബ്രാഹ്മണത്തിലും ഉപനിഷത്തിലും കഥ ഒരേ പദംകൊണ്ട് ആരംഭിക്കുന്നു. കഠത്തിൽ രണ്ടദ്ധ്യായം ഇപ്പോൾ ഉണ്ട്. എന്നാൽ ഒരദ്ധ്യായമേ ആദ്യം ഉണ്ടായിരുന്നുള്ളു എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ദ്വിതീയാദ്ധ്യായത്തിൽ ഉള്ള യോഗസിദ്ധാന്തങ്ങളിൽ പിൽക്കാലത്തെ ആശയങ്ങൾ കൂടി പ്രത്യക്ഷമായി കാണുന്നുണ്ട്. പ്രഥമാദ്ധ്യായം ആത്മനിർവ്വചനമാണ്. അതിൽ ആത്മാവു ശരീരത്തിൽ പ്രവേശിക്കുന്നതും യോഗംകൊണ്ടു മുക്തി ലഭിക്കുന്നതും എങ്ങനെ എന്നു പ്രതിപാദിക്കുന്നു. ദ്വിതീയാദ്ധ്യായം ശരിയായി അനുസ്മരണം ചെയ്തിട്ടില്ലെങ്കിലും അതു് അതുപോലെ പ്രഥമാദ്ധ്യായത്തോട് ഏറെക്കുറെ സാമ്യമുള്ളതത്രേ. ഇതിന്റെ നാലാംഭാഗത്തുള്ള ആത്മസ്വരൂപനിരൂപണത്തിൽ "പുരുഷനും" "പ്രകൃതിക്കും" ആത്മൈക്യം ഉ

AM READING RO
MALAYINKEE

ണ്ട് എന്നു പ്രതിപാദിച്ചിട്ടുണ്ട്. പഞ്ചമഭാഗത്തു് ആത്മാവിന്റെ ലോകസൃഷ്ടിയെ, വിശിഷ്യ പുരുഷസൃഷ്ടിയെപ്പററി വിവരിക്കുന്നു. പരമാത്മൈശ്വര്യപ്രാപ്തിക്ക് ആവശ്യമുള്ള യോഗം അവസാനഭാഗത്തു പഠിപ്പിക്കുന്നു.

## (12) ശ്വേതാശ്വതരോപനിഷത്തു്.

ശ്വേതാശ്വതരോപനിഷത്തിനു് ആ പേരു സിദ്ധിച്ചതു് അതിന്റെ ഗ്രന്ഥകർത്താവിൽനിന്നുതന്നെയാണ് എന്നു് അതിൽത്തന്നെ പറയുന്നു. ഈ ഉപനിഷത്തു കൃഷ്ണയജുർവ്വേദത്തിന്റെ ഒരു ശാഖയിൽപെട്ടതാണ് എന്നു് ഐതിഹ്യം ഉണ്ടു്. എന്നാൽ ഈ ഐതിഹ്യത്തെ സ്ഥിരീകരിക്കാൻതക്കവണ്ണം വേണ്ട തെളിവു കിട്ടിയിട്ടില്ലതാനും. ശ്വേതാശ്വതരത്തിലെ ആസൂത്രണം മിശ്രമാണു്. അതിൽ വിവിധഛന്ദസ്സുകളെ പ്രത്യേകം പ്രയോജനം ഒന്നും കൂടാതെ കൂടക്കൂടെ മാറി മാറി പ്രയോഗിച്ചിരിക്കുന്നു. സമ്മിശ്രങ്ങളായി പലതും ഇതിൽ ഉദ്ധരിച്ചിട്ടുമുണ്ടു്. അതുകൊണ്ടു ശ്വേതാശ്വതരം ഇപ്പോഴത്തെ ആകൃതിയിൽ ഒരാളിന്റേതാണ് എന്നു സമർത്ഥിക്കാൻ നിവൃത്തിയില്ല. ഇതിൽ കഠോപനിഷത്തിലെ പലേ ഭാഗങ്ങളും ഭേദഗതികൾ ഒന്നും കൂടാതെ ഉദ്ധരിച്ചിട്ടുണ്ടു്. അതുകൊണ്ടു ശ്വേതാശ്വതരം ഇപ്പോൾ കഠത്തേക്കാൾ അപ്രാചീനമാണെന്നും വന്നുകൂടുന്നു. വിശിഷ്യ പ്രാചീനങ്ങളായ ഉപനിഷത്തുകളിൽ ഇല്ലാത്തതും വേദാന്തപരങ്ങളുമായ പല യോഗസിദ്ധാന്തങ്ങളും ശ്വേതാശ്വതരത്തിൽ ഉണ്ടു്. കല്പകാലത്തു ലോകം നശിക്കുന്നു എന്നും പിന്നീടു് അതു ബ്രഹ്മത്തിൽനിന്നുണ്ടാകുന്നു എന്നും വിശിഷ്യ ബ്രഹ്മനിർമ്മിതമായ മായയിൽനിന്നു ലോകം ഉത്ഭവിക്കുന്നു എന്നും ഉള്ള സിദ്ധാന്തങ്ങൾ നവീനവേദാന്തത്തിൽപെട്ടതാണ്. സവിതാവും, ഈശാനനും (രുദ്രനും) ബ്രഹ്മരൂപന്മാരാണ് എന്നു ഗ്രന്ഥകർത്താവു സമർത്ഥിച്ചിരിക്കുന്നു. ശിവശബ്ദം രുദ്രപര്യായമായിത്തീർന്നിട്ടുണ്ടെങ്കിലും വിശേഷണമായി ഉപയോഗിക്കുന്നേ ഉള്ളു. അതു് ഒടുവിലാണ് സർവ്വേശ്വരന്റെ സംജ്ഞയായിത്തീരുന്നതു്. ഈ ഉപനിഷത്തിൽ വേദാന്തപരമായിട്ടാണെങ്കിലും സാംഖ്യത്തെ സംബന്ധിച്ച പല പദങ്ങളും ആശയങ്ങളും ഉണ്ടു്. ബ്രഹ്മത്തിന്റെ മായയിൽനിന്നാണ് പ്രകൃതി ഉണ്ടായതു് എന്ന സിദ്ധാന്തം അതിനു് ഒരു ഉദാഹരണമാണ്.

## (13) ബൃഹദാരണ്യകോപനിഷത്തു്.

ബൃഹദാരണ്യകം ശുക്ലയജുർവ്വേദപരമത്രേ. ഉപനിഷത്തുകളിൽ ഏററവും വലുതു ബൃഹദാരണ്യകമാണ്. പ്രാധാന്യവും ഇതിനുതന്നെ. ഛാന്ദോഗ്യോപനിഷത്തു് ഇതിനേക്കാൾ അല്പം ചെറുതാണ്. ബൃഹദാരണ്യകത്തെ മൂന്നായി വിഭജിച്ചിരിക്കുന്നു. ഓരോന്നിലും ഈരണ്ടദ്ധ്യായം ഉണ്ടു്. തൃതീയം ഖിലകാണ്ഡമാണ്. ആദ്യത്തെ രണ്ടു ഭാഗവും പ്രത്യേകം സ്വതന്ത്രമത്രേ. രണ്ടിലും യാജ്ഞവൽക്യന്റെയും അദ്ദേഹത്തിന്റെ രണ്ടു ധർമ്മദാരങ്ങളുടെയും ചരിതമുണ്ടു്. ശതപഥബ്രാഹ്മണത്തിലെപ്പോലെ ഈ രണ്ടു ഭാഗത്തും ഋഷിവംശം മുറയ്ക്കു നിർദ്ദേശിച്ചിരിക്കുന്നു. പ്രഥമഭാഗത്തിനു (മധുകാണ്ഡം) എന്നും ദ്വിതീയത്തിനു "യാജ്ഞവൽക്യകാണ്ഡം" എന്നും ഋഷിവംശത്തെ താരതമ്യപ്പെടുത്തി നാമകരണം ചെയ്യാമെന്നു തോന്നുന്നു. ശുക്ലയജുർവ്വേദശാഖകൾക്കു് ഒൻപതു തലമുറക്കാലത്തേക്കു മുറയ്ക്കു സ്വതന്ത്രങ്ങളായി ഉപനിഷത്തുകൾ ഉണ്ടായിക്കൊണ്ടിരുന്നു. പിന്നെ (അഗ്നിവേശൻ) എന്ന ഋഷി അവയെ എല്ലാം സംഗ്രഹിച്ചു. തൃതീയഭാഗം പരിശിഷ്ടരീതിയിൽ ഉള്ളതും പുനസ്സംഘടിതവുമത്രേ. ബ്രാഹ്മണഭാഗങ്ങളുടെയും ഉപനിഷത്തുകളുടെയും ഋഷികൾ പ്രത്യേകം ആയിരുന്നു എന്നു ഋഷിവംശത്തിൽനിന്നു വേണ്ടപോലെ വ്യക്തമാകുന്നു.

വിശ്വവിഖ്യാതമായ അശ്വമേധത്തെ ഒന്നാംഅദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. പ്രാണൻ ആത്മശിഷ്ടമാണ്. ആത്മാവിൽനിന്നു് അഥവാ ബ്രഹ്മത്തിൽനിന്നു വിശ്വമുണ്ടായി. സർവ്വവും ആത്മാവിൽനിന്നു ഉത്ഭവിക്കയും ഒടുവിൽ ആത്മാവിൽതന്നെ ലയിക്കയും ചെയ്യുന്നു. ദേവന്മാരുടെ ആരാധനയെയും ഇവിടെ പ്രതിപാദിക്കുന്നു. ദേവന്മാരേക്കാൾ പ്രാമാണ്യവും പ്രാധാന്യവും ആത്മാവിനാണ് എന്നു് ഇവിടെ സമർത്ഥിച്ചിട്ടുമുണ്ടു്. ദ്വിതീയാദ്ധ്യായത്തിൽ ആത്മസ്വരൂപനിരൂപണവും ആത്മസൃഷ്ടമായ പുരുഷനെയും മായയെയും കുറിച്ചുള്ള വിവരണവും അടങ്ങിയിരിക്കുന്നു.

ഈ ഉപനിഷത്തിൻെറ ദ്വിതീയഭാഗത്തു തത്വപരമായ നാലു സംവാദമുണ്ട്. അതിൽ പ്രവക്താവു യാജ്ഞവൽക്യൻതന്നെ. ഒന്നാമത്തേതു് ഒരു വലിയ സംവാദമത്രേ. ഒൻപതു ഋഷികളിൽ പ്രാധാന്യവും പ്രാമാണ്യവും തനിക്കാണ് എന്നു യാജ്ഞവൽക്യൻ സമർത്ഥിക്കുന്നു. ബ്രഹ്മത്തെക്കുറിച്ചു നമുക്കു നേരെ അറിവാൻ കഴിയുകയില്ല. എന്നാൽ നമുക്കു സ്വാനുഭവംകൊണ്ടു് അനുമാനിക്കയും ബ്രഹ്മം ഇല്ലാതിരിക്കാൻ നിവൃത്തിയില്ല എന്നു സമർത്ഥിക്കയും ചെയ്യാം. ദ്വിതീയസംവാദം ജനകരാജനും യാജ്ഞവൽക്യനും തമ്മിൽ നടന്നതാണ്. അതിൽ ബ്രഹ്മസ്വരൂപനിരൂപണപരമായ മററു് ആറു ഋഷികളുടെ നിർവ്വചനത്തെ യാജ്ഞവൽക്യൻ സയുക്തികം സമർത്ഥിക്കുന്നു. ശ്വാസവും മനസ്സും ഒന്നുതന്നെ എന്നുള്ളതിനു് ഒരു ഉദാഹരണമായി സ്വീകരിക്കാം. ആത്മാവിനെ നിഷേധരൂപത്തിലേ വിവരിക്കാൻ കഴിയൂ എന്നു യാജ്ഞവൽക്യൻ ഒടുവിൽ സമർത്ഥിക്കുന്നു. എങ്ങനെ? ആത്മാവു് അഗ്രാഹ്യനും! അദാഹ്യനും, അക്ലേദ്യനും, അശോഷ്യനും, അചലനും, അസ്വരൂപനും ആണ്.

തൃതീയസംവാദവും യാജ്ഞവൽക്യനും ജനകനും തമ്മിൽ നടന്നതുതന്നെ. ജാഗ്രത്തു, സ്വപ്നം, സുഷുപ്തി, മരണം, ജനനം (സംസാരം) മുക്തി എന്ന ആറു് അവസ്ഥകളിലും ഉള്ള ആത്മാവിൻെറ സ്വരൂപത്തെ ഇവിടെ സനിഷ്കർഷം വിമർശിക്കുന്നു. വിവരണചാതുര്യം, വാക്യഭംഗി, സാരള്യം, സ്വാരസ്യം, ഔജ്വല്യം മുതലായ രചനാഗുണങ്ങൾ ഈ ഭാഗത്തു പ്രത്യക്ഷമായി കാണുന്നു. ഇത്രയും ഗുണപൌഷ്കല്യം മററു് ഉപനിഷത്തുകളിലെന്നല്ല വൈദികസംസ്കൃതസാഹിത്യഗ്രന്ഥങ്ങളിൽ വേറെ എങ്ങും ഉള്ളതായി അറിവില്ല. ഇതിൽ സാഹിത്യരസസമ്പൂർണ്ണങ്ങളായ പല പദ്യങ്ങൾ ഉണ്ടു്. ജാഗ്രത്തു, സ്വപ്നം ഈ അവസ്ഥകളിലുള്ള ആത്മാവിൻെറ വർണ്ണനകൾ ഉദാഹരണമായി സ്വീകരിക്കാം. "മരിച്ചാൽ ഉടൻതന്നെ ആത്മാവു വേറെ ഒരു ശരീരത്തിൽ പ്രവേശിക്കുന്നു" എന്ന സിദ്ധാന്തമാണ് ഇവിടെ അധികരിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ മുക്തി ലഭിക്കാനുള്ള ആത്മാവു ജനിക്കുന്നില്ല. അതു പരമാത്മാവിൽ ലയിക്കുന്നു. ആ ആത്മാവുതന്നെ പരമാത്മാവു്. പക്ഷേ ആ ജ്ഞാനം ഉണ്ടാകണം എന്നു മാത്രം പ്രത്യേകം ഓർമ്മിച്ചുകൊള്ളണം.

നാലാമത്തെ സംവാദം യാജ്ഞവൽക്യനും പത്നി മൈത്രേയിയും തമ്മിലാണ്. ഋഷി വാനപ്രസ്ഥനാകുന്നതിനു അല്പം മുമ്പുള്ളതത്രേ. ദ്വിതീയാദ്ധ്യായത്തിൽ ഇതിലെ സംഗതി ഏറക്കുറെ വരുന്നുമുണ്ടു്. തൃതീയഭാഗം ഒന്നാംഅദ്ധ്യായത്തിൽ (പരിശിഷ്ടത്തിൽ) പതിനഞ്ചു ലഘുവിഭാഗം ഉണ്ടു്. ഇവ വളരെ ചെറുതും വിഷയം പ്രമാണിച്ചു പരസ്പരബന്ധം ഒരുങ്ങിയതും പല കാലങ്ങളിലായി ഉണ്ടായതും അത്രേ. ദ്വിതീയാദ്ധ്യായം വലുതും പ്രാധാന്യമുള്ളതും ആണ്. ഇതിലെ സംസാരസിദ്ധാന്തത്തിനു ഛാന്ദോഗ്യോപനിഷത്തുമായി സാദൃശ്യം കാണുന്നു. എന്നാൽ ഈ പ്രമേയം യാജ്ഞവൽക്യമതത്തിനു അനുഗുണമായിട്ടല്ല. അതുകൊണ്ടു് ഈ ഭാഗം വേറെ ഒരു ശാഖയിൽപെട്ടതായിരിക്കണം. ഇതു ഏച്ചുകെട്ടിയാൽപ്പോലെ മുഴച്ചിരിക്കുന്നുമുണ്ടു്. ഉപനിഷത്തു പൂർത്തിയാകണമെങ്കിൽ ഈ വിഷയംകൂടി വേണമെന്നുവച്ചു പിന്നീടു ഘടിപ്പിച്ചതായിരിക്കാമോ? ഇതിനു മുമ്പും പിമ്പും ഉള്ള ഭാഗങ്ങൾക്കു ഛാന്ദോഗ്യോപനിഷത്തുമായി സാദൃശ്യം കാണുന്നതുകൊണ്ടു് ഈ മൂന്നുഭാഗവും ഒരേകാലത്തുതന്നെ ഇതിനോടു ചേർത്തതായിരിക്കണം.

## (14) ഈശോപനിഷത്തു്.

ഏററവും വലിയ ഉപനിഷത്തു ശുക്ലയജുർവ്വേദപരമാണെന്നും അതു ബൃഹദാരണ്യകംതന്നെ എന്നും മുമ്പു സൂചിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഏററവും ചെറുതു ശുക്ലയജുർവ്വേദത്തെ സംബന്ധിച്ച ഈശോപനിഷത്താണ്. ഈശശബ്ദംകൊണ്ടാണ് ഗ്രന്ഥം ആരംഭിക്കുന്നതു്. അതിൽനിന്നുതന്നെ ഗ്രന്ഥത്തിനു ഈശോപനിഷത്തു് എന്ന നാമവും സിദ്ധിച്ചു. ഇതിൽ പതിനെട്ടു പദ്യമേ ഉള്ളൂ. ഈശോപനിഷത്തു വാജസനേയിസംഹിതയുടെ അവസാനഭാഗത്തുള്ളതാണെങ്കിലും കാലാന്തരത്തിൽ നിർമ്മിച്ചതത്രേ. ബൃഹദാരണ്യകത്തിൽ ഒടുവിലുള്ള ഭാഗങ്ങൾ രചിച്ച കാലത്തോടടുത്തായിരിക്കാം ഈശോപനിഷത്തും ഉണ്ടായതു്. ഇതു കഠോപനിഷത്തിനേക്കാൾ പരിഷ്കൃതമാണ്. എന്നാൽ ശ്വേതാശ്വതരത്തേക്കാൾ ഇതു പ്രാചീനമത്രേ. ഈശോപനിഷത്തിൽ വേദാന്തതത്വങ്ങളെ സമഷ്ടിയായി നിരൂപണം ചെയ്തിട്ടുണ്ടു്.

# രാജശേഖരൻ.

(പി. പി. ശർമ്മാ, ശുചീന്ദ്രം)

രാജശേഖരൻ എന്ന പ്രസിദ്ധനായി ഒരു പ്രാചീനമഹാകവി ഉണ്ടായിരുന്നതായിട്ടു സംസ്കൃതഭാഷ പഠിച്ചവർക്കെല്ലാം അറിവുള്ള കാര്യമാണ്. അദ്ദേഹം ആരായിരുന്നുവെന്നോ, എപ്പോൾ ജീവിച്ചിരുന്നുവെന്നോ മനസ്സിലാക്കാൻ പുരാണചരിത്രാന്വേഷികൾ പരിശ്രമിക്കാതിരിക്കയും ചെയ്തിട്ടില്ല. അദ്ദേഹം സാഹിത്യം ശാസ്ത്രം എന്നീ രണ്ടു വിഷയങ്ങളിലും അനേകം ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ള കവിരാജനാണെന്നും, കാളിദാസനേക്കാൾ അർവ്വാചീനനാണെന്നും പരക്കെ ഒരു ബോദ്ധ്യവുമുണ്ട്. എന്നാൽ രാജശേഖരൻ എന്ന നാമധേയത്തിൽ ഒരു കേരളരാജാവുണ്ടായിരുന്നതായും അദ്ദേഹവു ഒരു മഹാകവിയായിരുന്നതായും രേഖകൾ കാണുമ്പോളാണ് ബലമായ സംശയങ്ങൾക്ക് ഇടയുണ്ടാകുന്നതു്.

ശങ്കരവിജയം അഞ്ചാംസർഗ്ഗത്തിൽ മാധവാചാര്യർ ഇപ്രകാരം എഴുതീട്ടുണ്ട്. അതിന്റെ താല്പര്യം പറയാം. "രാജശേഖരനെന്നു പ്രശസ്തനായ ഒരു കവി ശ്രീമദാദ്യശങ്കരാചാര്യസ്വാമികളുടെ കാലത്തു ജീവിച്ചിരുന്നു. അദ്ദേഹം അതിശൂരനും സകല ശാസ്ത്രാർത്ഥതത്വവേത്താവുമായ ഒരു കേരളമഹീപതിയാണ്. അദ്ദേഹം ആചാര്യരെ കാണണമെന്ന് ആഗ്രഹിച്ചതിനാൽ ആദ്യമായി ഒരു രാജദൂതനെ അയച്ചു സൌകര്യമറിഞ്ഞു. അനന്തരം പതിനായിരം സ്വർണ്ണനാണയം (എന്തു നാണയമെന്നറിഞ്ഞുകൂടാ) കാഴ്ചവച്ചു സ്വന്തകൃതികളായ നാടകത്രയത്തേയും വായിച്ചുകേൾപ്പിച്ചു. സ്വാമികൾ വളരെ സന്തോഷിച്ചു. രാജശേഖരനും കൃതാർത്ഥനായിട്ടു രാജധാനിയിലേക്കു മടങ്ങിപ്പോയി. ഇതിനെ സ്പഷ്ടീകരിച്ചുകൊണ്ടു "കാമകോടിപീഠ"ത്തിലെ ശങ്കരാചാര്യന്മാരേക്കുറിച്ച് എഴുതീട്ടുള്ള ജഗൽഗുരുരത്നമാലാസ്തവ"ത്തിൽ ശ്രീസദാശിവബ്രഹ്മേന്ദ്രസ്വാമികൾ ഒരു ശ്ലോകമെഴുതീട്ടുണ്ട്:—

"കൃതസട്ടക സത്രിനാട്യബന്ധപ്രതയായാവരരാജശേഖരാന്ധം!
ഹൃതവന്തമനന്തമന്ത്രശക്തിം പ്രതിഗംഗാധരമാശ്രയേ/ർത്ഥസൂക്തിം

ഈ പദ്യത്തിനു ഗ്രന്ഥകർത്താവിന്റെ ശിഷ്യനായ 'ആത്മബോധേന്ദ്രസരസ്വതി' താഴെപ്പറയുംപ്രകാരം ഒരു വ്യാഖ്യാനമെഴുതീട്ടുണ്ട്:—കൃതേതികൃതം സട്ടകം കർപ്പൂരമഞ്ജരീ നാമോപരൂപകം യേനകൃതസട്ടകഃ ത്രിനാട്യബന്ധേ ബാലരാമായണ-പ്രചണ്ഡപാണ്ഡവ-വിദ്ധസാലഭഞ്ജികാഖ്യരൂപകത്രയവിരചനേനയോപ്രതഃ നിയമഃ തേനസഹിതസ്ത്രിനാട്യബന്ധവ്രതഃ സ ച യഃ യായാവര-രാജശേഖരഃ തദാഖ്യഃ കവിഃ തസ്യാന്ധ്യമപാടവമക്ഷ്ണോരാഗന്തുകതാലിതിജ്ഞേയം.

ഇതിൽനിന്നും യായാവരരാജശേഖരൻ എന്നൊരു കവിയുണ്ടായിരുന്നതായും അദ്ദേഹം "കർപ്പൂരമഞ്ജരി" എന്നൊരു സട്ടകവും "ബാലരാമായണം പ്രചണ്ഡപാണ്ഡവം വിദ്ധസാലഭഞ്ജികാ" എന്ന പേരുള്ള മൂന്നു നാടകങ്ങളും എഴുതീട്ടുള്ളതായും അന്ധനായിരുന്നതായും തെളിയുന്നു. പക്ഷേ കേരളീയനായ മഹാരാജാവാണെന്നതിനു യാതൊരു ലക്ഷ്യവുമില്ല. അന്ധത്വത്തെ 'അഭിനവശങ്കര'ങ്കൽനിന്നും തൃതീയനായ "ഗംഗാധരവ്രതികൾ" മാററിയതായി ഒരു ലക്ഷ്യം കാണുന്നുണ്ട്. ശ്രീസദാശിവേന്ദ്രസരസ്വതി എ. ഡി. 16-ാംശതാബ്ദത്തിൽ ജീവിച്ചിരുന്നതായി കുംഭകോണമഠത്തിലെ ചില ചെമ്പുപട്ടയങ്ങളിൽനിന്നും അറിവുണ്ട്. ശങ്കരവിജയകർത്താവായ മാധവാചാര്യർ അതിനും വളരെ പൂർവ്വികനാണെന്നും കാണ്മാനുണ്ട്.

എന്നാൽ രാജശേഖരൻതന്നെ സ്വകൃതിയായ ബാലരാമായണത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു:—

"സമൂർത്തോ യത്രാസീൽ ഗുണഗണ ഇവാകാലജലദഃ
സുരാനന്ദസ്സോപി ശ്രവണപുടപേയേന വചസാ
ന ചാന്യേ ഗണ്യന്തേ തരളകവിരാജപ്രഭൃതയോ
മഹാഭാഗസ്തസ്മിന്നയമജനിയായാവരകുലേ"

തദാമുഷ്യായണസ്യ മഹാരാഷ്ട്രചൂഡാമണേരകാലജലദസ്യ ചതുർത്ഥോ ദൌർദ്ദുകിഃ ശീലവതീ സൂനുരുപാദ്ധ്യായശ്രീരാജശേഖര ഇത്യവഷ്ടാപ്തും ബഹുമാനേന. രാജശേഖരൻ സ്വകൃതിയായ "കാവ്യമീമാംസ"യെന്ന ഗ്രന്ഥത്തിൽ "യായാവരീയൻ" എന്നു തന്നെ പല പ്രാവശ്യവും പറഞ്ഞിട്ടുണ്ട്. മാത്രമല്ല രാജശേഖരനേക്കുറിച്ചു മററു കവികൾ വർണ്ണിച്ചിട്ടുള്ള ഭാഗങ്ങളിലും യായാവരശബ്ദത്തെ ഉപയോഗിച്ചിട്ടുണ്ട്. ധനപാലകവി തിലകമഞ്ജരിയിൽ ഇങ്ങനെ പറയുന്നു:—

സമാധിഗുണശാലിന്യഃ പ്രസന്നപരിപക്ത്രിമാഃ
യായാവരകവേർവ്വാചോ മുനീനാമിവവൃത്തയഃ

സോഡ്ഢലകവി ഉദയസുന്ദരിയെ ചമ്പുവിൽ ഇങ്ങനെ പറയുന്നു:—

യായാവരഃ പ്രാജ്ഞവരോ ഗുണജ്ഞൈരാശംസിതഃ സൂരിസമാജവര്യ്യൈഃ
നൃത്യത്യുദാരം ഭണിതേ രസസ്ഥാ നടീവ യസ്യോഢരസാ പദശ്രീഃ

ഇതുകൊണ്ടു രാജശേഖരൻ നിശ്ചയമായും യായാവരകുലത്തിൽ ജനിച്ച കവിയാണെന്നു വിശ്വസിക്കാം.

ഗുണഗണശാലിയായിരുന്ന അകാലജലദൻ ഒരു ശ്രേഷ്ഠനായ കവിയായിരുന്നുവെന്നു താഴെ വിവരിക്കുന്ന പദ്യംകൊണ്ടു വിചാരിക്കാം:—

അകാലജലദേന്ദോസ്സാ ഹൃദ്യാ വചനചന്ദ്രികാ
നിത്യം കവിചകോരൈര്യ്യാ പീയതേ ന ച ഹീയതേ!

രാജശേകരൻ പറയുന്ന സുരാനന്ദൻ ചേദിരാജസദസ്സിലെ പ്രസിദ്ധ പണ്ഡിതനും കവിയുമായിരുന്നു. അദ്ദേഹത്തിൻെറ കവിതയേക്കുറിച്ച് ഇപ്രകാരം ഒരു പദ്യം കാണുന്നുണ്ട്.

നദീനാം മേകലസുതാ നൃപാണാം രണവിഗ്രഹഃ
കവീനാഞ്ചസുരാനന്ദഃ ചേദിമണ്ഡലമണ്ഡനം

"തരള"നും പ്രസിദ്ധനായ കവിയായിരുന്നു. അദ്ദേഹത്തിനേക്കുറിച്ചുള്ള പദ്യവും താഴെ ചേർക്കുന്നു:—

യായാവരകുലശ്രേണേ—ർഹാരയഷ്ടേശ്ച മണ്ഡനം
സുവർണ്ണൈകരുചിര—സ്തരളസ്തരളോ യഥാ.

കവിരാജനേക്കുറിച്ചു പ്രത്യേകമായൊന്നും അറിയുന്നില്ല. ദൌർദ്ദുകിയെന്നു രാജശേഖരൻതന്നെ പറഞ്ഞിട്ടുള്ളതുകൊണ്ടും വേറെ ചരിത്രരേഖകൊണ്ടും രാജശേഖരൻെറ പിതാവു ദുർദ്ദുകനാണെന്നു തെളിയുന്നു. ദുർദ്ദുകൻ ഒരു മഹാ മന്ത്രിയായിരുന്നുവെന്നു ശ്രീമാൻ ദലാൽ അവർകൾ എം. എ. പ്രസ്താവിച്ചിട്ടുണ്ട്. ശീലവതിയെന്നാണ് രാജശേഖരൻെറ മാതാവിൻെറ നാമധേയം.

ബാലരാമായണത്തിൽ 'ഉപാദ്ധ്യായ രാജശേഖരനെന്നു ... കൂടാതെ പിന്നെയും പറയുന്നു:—

ആപന്നാർത്തിഹരഃ പരാക്രമധനഃ സൌജന്യവാരാന്നിധി—
സ്ത്യാഗീ സത്യസുധാപ്രവാഹശശഭൃൽകാന്തഃ കവീനാം ഗുരുഃ
വർണ്ണ്യം വാഗ്ഗുണരത്നരോഹണഗിരേഃ കിം തസ്യ സാക്ഷാദസൌ
ദേവോയസ്യ മഹേന്ദ്രപാലനൃപതിഃ ശിഷ്യോ രഘുഗ്രാമണീഃ

ആദ്യമേതന്നെ "രഘുകുലതിലകേന മഹേന്ദ്രപാലദേവേനാധികൃതാസ്സഭാസദഃ എന്നു പറഞ്ഞിട്ടുണ്ട്.

ഇത്രയും കൂടാതെ കർപ്പൂരമഞ്ജരിയിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

ബാലകയീ കയിരാഅരോ ണിബ്ഭയരായസ്സ തഹ ഉവജ്ഝാഓ
ഇയജസ്സ പരമ്പരാഏ അപ്പാ മാഹപ്പമാരൂഢോ
[ബാലകവിഃ കവിരാജോ നിർഭയരാജസ്യ തഥാ ഉപാദ്ധ്യായഃ
ഇതി യസ്യ പരമ്പരയാ ആത്മാ മാഹാത്മ്യമാരൂഢഃ]

രാജശേഖരൻ ഉപാദ്ധ്യായനായിരുന്നതിനും പുറമേ മഹേന്ദ്രപാലനെന്ന മഹാരാജാവിന്റെ ഗുരുവുമായിരുന്നു. അതുകൊണ്ടു ബ്രാഹ്മണനായിരിക്കണമെന്നാണു് വിചാരിക്കേണ്ടതു്. എന്നാൽ അദ്ദേഹത്തിന്റെ പേരുതന്നെ രാജശേഖരനെന്നാണു്. അദ്ദേഹത്തിന്റെ ഭാര്യ "ചാഹുയാണകുല"ത്തിൽ ജനിച്ചവളാണു്. ഇങ്ങനെ ഇരിക്കുന്നതു കാരണം ഒരുപക്ഷേ ക്ഷത്രിയനായിരിക്കുമോ എന്നുകൂടി ആലോചനക്കിടയാകുന്നു. (തുടരും)

# ഒരു കാമുകനിവേദനം.

[അരൂർ, എം. കെ. മാധവൻപിള്ള]

വിഹാരത്തളിർതിന്നു, സന്തോഷമോടെ
വിഹാരം രചിക്കും, കുയിൽ കൂജനങ്ങൾ,
അഹോ! ദർദുരധ്വാനമെന്നോണമിപ്പോൾ
മഹാകർണ്ണശല്യപ്രദം, പ്രാണനാഥേ! 1

രമിക്കാത്ത നിന്നാനനശ്രീവഹിച്ചു-
ണ്ടുഡിമ്പം നിശേശൻ നശിച്ചായിരിക്കാം;
കയൎക്കുന്നിതാ സൂര്യനെല്ലായ്പ്പൊഴും രാ-
വിരിക്കും സ്ഥലത്തൊക്കെയയ്യോ! കരേറി. 2

സുഗന്ധം സദാ തൂകി, നിൻ ഗന്ധസാമ്യ-
പ്രഭാന്തം വഹിക്കുന്ന രോസാപ്രസൂനം;
അനന്താമയം നാസികയ്ക്കേകിടുന്നു;
വിഗന്ധീയമാം കാവളപ്പൂവുപോലെ. 3

സുമാംഗീമണേ! നിന്റെ മേനിപ്പകിട്ടിൽ-
സമാധിപ്പെട്ടും, കേതകീസൂനമിപ്പോൾ
സുമാസ്ത്രന്റെ കുന്തങ്ങളെന്നോണമെന്മെയ്-
സമൂലം തുളക്കാനൊരുമ്പെട്ടിടുന്നു. 4

വരാരോഹ നിൻ, ദന്തസാദൃശ്യമെന്തി-
ച്ചിരം ലാലസിച്ചോരുകുന്ദപ്രസൂനം,
പരം, കാമബാധയ്ക്കു ദംഷ്ട്രങ്ങളായി-
ത്തരംനോക്കിയെന്നെത്തുലയ്ക്കുന്നിദാനീം. 5

അശോകാംഗി! നിന്മെയ്‌വടിവൊത്തിരുന്നോ-
രശോകത്തളിർ വാശിയോടിപ്പോളയ്യോ
ഭൃശം പഞ്ചബാണന്റെ വാളായ് ചലിച്ചു-
ദ്രസം, വക്ഷസം മാംക്ഷതിയ്ക്കാക്കിടുന്നു. 6

കയൽക്കണ്ണി! നിൻവേണിയോടേററുതോററാ-
ശ്രയിക്കും പനപ്പൂങ്കുലക്കൂട്ടമിപ്പോൾ,
മയക്കുന്നു മാരന്റെയാജ്ഞാപ്രകാരം
കയത്തെ,ന്നെ ബന്ധിപ്പതിനായ് വരുന്നു. 7

കുനക്കുന്ന നിൻ ഭ്രൂയുഗത്തെ വണങ്ങി-
ക്കിടക്കുന്നനംഗന്റെ കോദണ്ഡദണ്ഡം,
നമുക്കുള്ള ദേഹം സ്വരൌപമ്യമാക്കാൻ-
പൊഴിക്കുന്നു ഹാ! മാറിലസ്ത്രൌഘവർഷം. 8

പരം, കാമിനി! നിൻകടാക്ഷാഭയേന്തും-
കരിങ്കൂവളം, കാമബന്ധപ്രസക്ത്യാ,

തരിമ്പും കുലുങ്ങാതെയെൻകണ്ണിണയ്ക്കാ-
കരിംകുരിരുട്ടാണു, നൽകുന്നതിപ്പോൾ. 9

നറുംതേൻമൊഴീ! നിന്നൊടൊപ്പം വിളങ്ങും-
വസന്തോൽസ്സവിഭാഗങ്ങളെല്ലാമിദാനിം,
അനന്താമയം മാമകം ചേർത്തിടുന്നു
വിഷന്തേച്ചൊരസ്ത്രൽ പുതപ്പെന്നപോലെ. 10

മുറയ്ക്കുന്നു നാം തമ്മിലൊത്തുല്ലസിച്ച-
ങ്ങിരിക്കുമ്പോൾ മിത്രങ്ങളായ് സൌഖ്യമേകും
ഇവയ്ക്കി,പ്പോൾ ഞാൻ വൈരിയായ്തീർന്നുകൊൾവാൻ
നിനയ്ക്കിൽ, നിദാനം "വിയോഗം" ദൃഢം താൻ. 11

# മനോധർമ്മമൊന്നുമല്ല.

(K. G. M. P.)

"സ്വഭാകമ്പധ്വംസനസമാജം" വകയായി നടത്തപ്പെടുന്ന "സ്വാഭിപ്രായപ്രകടനമാസിക" യുടെ പത്രാധിപരായി എന്നെ നിയമിച്ചിട്ടധികനാൾ കഴിഞ്ഞില്ല. കഴിഞ്ഞതിന്റെ മുമ്പിലത്തെ മാസത്തിന്റെ ഒടുവിലാണ്. അന്നൊരു ദുർദ്ദിനമായിരുന്നു. ആദിത്യഭഗവാനെ അന്നു മൂന്നരമണിവരെ അന്വേഷിച്ചറിയേണ്ടിവന്നു. പ്രഭാതം മുതൽ പ്രകൃതിയുടെ ഓരോ വികൃതികൾ ആകൃതിരൂപേണ പരിണമിച്ചു പൊടിതകൃതിയായി താറുമാറാക്കപ്പെടുന്നു. ഇടി, മിന്നൽ, മഴ, കാറ്റ് ആകക്കൂടി സഹിപ്പാൻ സാധിക്കാത്ത തണുപ്പും ക്രമത്തിലധികം കൊണ്ടുപിടിക്കുന്നു. അടുത്തുള്ള റെയിൽവേസ്റ്റേഷനും ചുറ്റുമുള്ള കമ്പോളസ്ഥലങ്ങളും സമീപപ്രദേശങ്ങളും ആൾപ്പെരുമനക്കവുമില്ലാത്തതുപോലെ തോന്നപ്പെടുന്നു. ജീവനിൽ ജിജ്ഞാസയുള്ള ഒരു ജീവിപോലും വഴിയിൽക്കൂടി ഗമിക്കുന്നില്ല. റോഡരികിലുള്ള ഫലവൃക്ഷങ്ങൾ, അടിസ്ഥാനമസ്ഥാനത്തിലായ കെട്ടിടങ്ങൾ, ചില അന്തസ്സുള്ള അങ്ങത്തമാരുടെ ഭിത്തികൊത്ത പുത്തൻമേടകൾ എന്നുവേണ്ട മറ്റു പലതും പൊടിപാറുന്ന കൊടുങ്കാറ്റിനു കണ്ടമാനമുള്ള ആഹാരമായിത്തീരുന്നുണ്ട്. എട്ടൊൻപതു കൊല്ലങ്ങൾക്കു മുമ്പു വടക്കേമലയാളത്തു ഒരു നായർകുടുംബത്തിൽ നടന്ന വിശ്വവിശ്രുതമായ "തീവെട്ടിക്കൊള്ള"യ്ക്കു പോലും ഇത്രയും ഭയങ്കരത്വം ഉണ്ടായിരുന്നോ എന്നു സംശയമാണ്.

ഏവംവിധങ്ങളായ പ്രകൃതിയുടെ വിലാസവിലാസങ്ങളെ തീരെ തുച്ഛമാക്കി ഗണിച്ചുകൊണ്ടു ഒരു 'മഹാനുഭാവൻ" ഞങ്ങളുടെ ആപ്പീസുകെട്ടിടത്തിനഭിമുഖമായി വരുന്നതു കാണാം. അന്നേദിവസം വന്നുചേർന്ന പല ലേഖനങ്ങളും നോക്കി സ്വീകാരയോഗ്യങ്ങളായവയെ തിരഞ്ഞെടുത്തും ബാക്കിയുള്ളവയെ ചവറ്റുകൊട്ടയിൽ വീന്തിയിട്ടും ഇരിക്കുമ്പോൾ പ്യൂൺ ഒരു "വിസിററിങ്ങു കാർഡ്" കൊണ്ടുവന്നുതന്നു. അതിൽ നോക്കിയപ്പോൾ കണ്ട പേരിതാണ്.

"ഐസ്ക്കട്ട്ജിൽ"

പേരു കണ്ടപ്പോൾതന്നെ ആദ്യം ഒരു 'ചിരിയാണെനിക്കുണ്ടായതു'. ഏതായാലും എന്നെ കാണ്മാൻ സമയമിപ്പോൾ അനുവദിക്കാതിരുന്നാലോ എന്നു ഞാൻ സംശയിച്ചു. അടുത്തു മുകളിലത്തെ മുറിയിൽ മുഷിഞ്ഞിരുന്നു കണക്കുകൾ പരിശോധിക്കുന്ന മാനേജർ "മാക്കോടത്തു" മാധവൻനായരെ ഈ കാർഡ് കാണിച്ച് അഭിപ്രായം ചോദിച്ചു. സന്തോഷമില്ലാത്താണെങ്കിലും ഇഷ്ടംപോലാകാമെന്നു മറുപടിയും കിട്ടി. എന്നാൽ അദ്ദേഹത്തിന്റെ മുഖം വല്ലാതെ വാടിയിരിക്കുന്നു. മുഖത്തു രക്തമയം അശേഷമില്ല. അധികമായ സംഭാഷണത്തിനിടകൊടുക്കാതെ അദ്ദേഹം പെട്ടെന്നു സ്വസ്ഥാനത്തെ പ്രാപിച്ചു. "ആ മാന്യനു ഇങ്ങോട്ടുള്ള വഴി കാണിച്ചുകൊടുക്കൂ" എന്നു പ്യൂണിനെ ഏല്പാടുചെയ്തു വിട്ടു. ഞാനവിടെ

ത്തന്നെ ഇരുന്നു. അപ്പോൾ "ചടപടചടാ" എന്നു ബൂട്ട്സിൻെറ ശബ്ദത്തോടുകൂടി പുതിയ ചങ്ങാതിയുടെ വരവാണ്. ഫുൾഡ്രസ്സ്, അഞ്ചടി കഷ്ടി, തലയിൽ ഒരു ബങ്കാളിക്കെട്ടുണ്ടെങ്കിലും പുതിയ "മോസ്റ്ററി"ലുള്ള മോടികൊണ്ടു പുത്തൻപരിഷ്കാരത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു സംശയം വേണ്ട. "നീലത്തഴക്കുഴൽ" നെട്ടനീളെ ഉണ്ടെന്നു ആ തലക്കെട്ടുതന്നെ സാക്ഷ്യം വഹിക്കുന്നു. ആൾ ഒരു കോമളനും സുന്ദരനും സുമുഖനുമാണ്. കവിളത്തുനിന്നു രക്തം തെറിക്കുന്നു. നയനം "നീലാരവിന്ദമിഴി" തന്നെ. മൂക്കും ചുണ്ടും മൂക്കോളം തപസ്സുചെയ്താൽക്കൂടി നമ്മുടെ ശകുന്തളയ്ക്കു കിട്ടുകയില്ല. അകപ്പാടെ ആലോചിച്ചാൽ ഒരൊന്നാന്തരം സ്ത്രീവേഷത്തിനു ചേന്ന അംഗങ്ങൾ (കഴുത്തിനു കീഴ്പ്പോട്ടൊഴിച്ച്) ഈ വിദ്വാനു ചേൎന്നിട്ടുണ്ടെന്നു സമ്മതിക്കാതെ സന്തോഷമില്ല. കാൎയ്യം ഇങ്ങനെയൊക്കെ ആണെങ്കിലും പൌരുഷമാണ് മുഖത്തു തുളുമ്പുന്നതു്. ആകൃതി കണ്ടാണ് പ്രകൃതി നിശ്ചയിക്കേണ്ടതെങ്കിൽ ഇത്രയും സുശീലനും ഇത്രയും മൎയ്യാദക്കാരനും ഇത്രയും സമൎത്ഥനും ഒരിക്കലും ഒരിടത്തും ഉണ്ടായിട്ടില്ലെന്നു കണിശമായും ഖണ്ഡിച്ചുപറയാം. നമ്മുടെ ജിൽ അടുത്തു വന്നതോടുകൂടി വേണ്ട ആചാരോപചാരം ചെയ്തു യഥാസ്ഥാനത്തിരുന്നു. ജില്ലിൻെറ മുഖം സൂക്ഷ്മമായി കണ്ടപ്പോൾ ഒരുമാതിരി പരിചയമുള്ള ഒരു പെൺകുട്ടിയുടെ ഛായ എൻെറ മനസ്സിലുദിച്ചു. ഒരു പക്ഷേ ആ കുട്ടിയുടെ സോദരനായിരിക്കുമോ? ഛേ, അങ്ങനെ വരാൻ പാടില്ല. ആ പെൺകുട്ടിക്കാരുമില്ലെന്നും എല്ലാവരും പെട്ടെന്നുണ്ടായ ഒരാപത്തിൽ മരിച്ചുപോയെന്നുമാണല്ലോ അഛൻ പറഞ്ഞിട്ടുള്ളതു് എന്നും മററും ഞാൻ സംശയിക്കാതിരുന്നില്ല. ജിൽ എന്നെ ക്രമത്തിലധികം സൂക്ഷിച്ചുനോക്കുന്നതുപോലെയും എത്ര നോക്കിയാലും വീണ്ടും വീണ്ടും നോക്കണമെന്നു കൌതുകം വൎദ്ധിപ്പിക്കുന്ന ആ മുഖം വിവിധവൎണ്ണത്തിൽ കാണപ്പെടുന്നതുപോലെയും തോന്നി. "നിങ്ങൾ ആരാണ്? എവിടെനിന്നു വരുന്നു." എന്നും മററും യാതൊരു പരിചയവുമില്ലാത്ത ഒരാളോടു പെട്ടെന്നു ചോദിക്കുന്നതു മൎയ്യാദയ്ക്കടുത്തതല്ലെന്നു വിചാരിക്കുന്നമദ്ധ്യേ അദ്ദേഹം—"എനിക്കു വേണ്ടി താങ്കൾ താങ്കളുടെ വിലയേറിയ സമയത്തിൻെറ ഒരു ഭാഗം ചെലവിടാൻ നിശ്ചയിച്ചതിൽ ഏതൊരു വാചകത്തിലാണ് നന്ദിപറയേണ്ടതെന്നറിയുന്നില്ല" എന്നു ഒന്നു പൊട്ടിച്ചു. ഈ സ്വരവും എനിക്കല്പം പരിചയമുള്ളതുപോലെ തോന്നി. എന്നിട്ടും എൻെറ സംശയനിവൃത്തിക്കു ഞാനുദ്യമിച്ചില്ല. ഞാനും സന്ദർഭത്തിനുചിതമായ സംഭാഷണങ്ങൾകൊണ്ടു് അദ്ദേഹത്തെ സന്തോഷിപ്പിക്കാൻ ശ്രമിച്ചു. അനന്തരം അദ്ദേഹം—"ഞാൻ ആരെന്നും എവിടെനിന്നു വരുന്നു എന്നും മററു യാതൊന്നും മാന്യനായ താങ്കളെ അറിയിക്കണമെന്നു വിചാരിക്കുന്നില്ല. അതിലേക്കുള്ള താങ്കളുടെ അത്യാശയെ തൽക്കാലം തടഞ്ഞുനിറുത്താതെ തരമില്ല. ഇക്കാൎയ്യത്തിൽ താങ്കൾ എന്നെ ബുദ്ധിമുട്ടിക്കയില്ലെന്നും വിശ്വസിക്കുന്നു.

ഇനി ഞാൻ വന്നതെന്തിനാണെന്നുംകൂടി പറയണമല്ലോ. തൽക്കാലം നേരിട്ട ഒരത്യാവശ്യസംഗതി പ്രമാണിച്ചു കുറച്ചുറുപ്പിക ആവശ്യമുണ്ട്. അതു താങ്കളിൽനിന്നും വഹിക്കാമെന്നു വിചാരിച്ചു വന്നതാണ്. പട്ടിണിപ്പട്ടാളക്കാരും * പത്രാധിപന്മാരും പണ്ടേതന്നെ "പഞ്ഞം" പിടിച്ചവരാണെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. പട്ടിണിപ്പട്ടാളക്കാർക്കു കേസിനും പത്രാധിപന്മാർക്കു ലേഖനത്തിനുമാണെന്നു ഒരു വ്യത്യാസമേയുള്ളു. താങ്കളും മുൻപറഞ്ഞ ലേഖനവിഷയത്തിൽ ഒരു വലിയ ദരിദ്രനാണെന്നു ഈ "ചവറുകൊട്ട" സാക്ഷിയാണ്. പോരെങ്കിൽ ഈ ചുവന്ന മഷിക്കു! യാതൊരു പരിചയവുമില്ലാത്ത എനിക്കു ഉറുപ്പിക കടം തരാൻ താങ്കൾ തയാറില്ലെന്നും അപ്രകാരം ആവശ്യപ്പെടുന്നതു ഭംഗിയല്ലെന്നും എനിക്കറിയാം. ദാനം ചെയ്യണമെന്നു യാചിക്കുന്നുമില്ല. താങ്കളുടെ പത്രഗ്രന്ഥത്തിനു യോജിക്കുന്നവിധത്തിൽ കുറച്ചു ലേഖനമെഴുതിത്തരാം. അതിനുള്ള ആദായം മാത്രം മാന്യനായ താങ്കൾ തന്നാൽ മതി. എന്താണ് ഇതു സമ്മതംതന്നെയല്ലേ?

ഇദ്ദേഹത്തിൻെറ ശ്വാസംവിടാതെകണ്ടുള്ള ഈ ചെറുപ്രസംഗം, എന്നെ ഒട്ടധികം രസിപ്പിച്ചു എന്നു ഇടയ്ക്കിടയ്ക്കുള്ള കടാക്ഷസമ്മിശ്രമായ നോട്ടംകൊണ്ടു് ഊഹിക്കേണ്ടിയിരിക്കുന്നു. ഇതിനെ സംബന്ധിച്ചു പലതും പറവാനുണ്ടായിരുന്നു എങ്കിലും പെട്ടെന്നു ഞാനുത്തരം പറഞ്ഞതിങ്ങനെയാണ്.

* ലാകാളേജുവിട്ടു പുറത്തിറങ്ങുന്നവർ.

"ലേഖനം കാണാതെ വില നിശ്ചയിക്കുന്നതെങ്ങനെ?"

ജിൽ—ഏററവും നല്ലതായ ഒരു ലേഖനത്തിനു താങ്കൾ എന്തു കൊടുക്കും?

ഞാൻ—ഊഹം പലപ്പോഴും തെററിപ്പോകുന്നതുകൊണ്ട് ഒന്നും നിശ്ചയിക്കാൻ നിവൃത്തിയില്ല.

ജിൽ—എങ്കിലും (ചിരിച്ചുകൊണ്ട്) എനിക്കു വേണ്ടി ഒന്നു തീച്ചയാക്കുക.

ഞാൻ—(എന്താണാവോ ആരംഭം എന്നു വിചാരിച്ചുംകൊണ്ടു) എന്നാൽ പറയാം. ഈ മാസികയുടെ ഒരു കൊല്ലത്തെ വരിസംഖ്യയോ ഒരു കൊല്ലം മാസികയോ വെറുതെ അയച്ചുകൊടുക്കും.

ജിൽ—(ഹാസ്യമായി) എന്തു്! ഒരു കൊല്ലത്തെ വരിസംഖ്യയോ മാസികയോ കൊടുക്കും. ഇല്ലേ?

ഞാൻ—അതേ; അതിനെന്താണ്?

ജിൽ—ഒന്നുമുണ്ടായിട്ടല്ല—വരിസംഖ്യ എത്രയാണ്?

ഞാൻ—"മൂന്നുറുപ്പിക".

ജിൽ—മൂന്നുറുപ്പിക! ഭേഷ്! ഇതോ സമ്മാനം?

ഞാൻ—അതേ, ഏററവും നല്ല ലേഖനത്തിനുള്ള സമ്മാനം ഇതുതന്നെ. ഒരു മാതിരി കൊള്ളാവുന്ന ലേഖനം മാസികയിൽ പ്രസിദ്ധപ്പെടുത്തു. അതുതന്നെ ആയ വകക്കും വലിയ സമ്മാനം.

ജിൽ—(ഹാസ്യരസം തുളുമ്പിച്ചുംകൊണ്ടു) വെറുതെ അല്ലല്ലോ താങ്കളെപ്പോലെയുള്ള കൂട്ടരെ, കുളിപ്പിള്ളരുപോലും കളിയാക്കുന്നതു്? ഓഹോ! (മന്ദഹാസത്തോടെ) ഇത്തരക്കാരാണോ (ഇവിടെ) ഒന്നു രണ്ടു പത്രമാപ്പീസുകൾ കണ്ടതിലുള്ള പത്രാധിപവേഷധാരികൾ.

ഞാൻ—(ശാന്തസ്വരത്തിൽ) അല്ലയോ അപരിചിതനായുള്ള മാന്യമഹാത്മാവേ! പണമിടപെട്ട സംഗതികളിൽ ഞങ്ങൾക്കു യാതൊരു ബാധ്യതയുമില്ലെന്നും അയതു മാനേജർക്കാണെന്നും ഉള്ള അറിവില്ലാതെ സംസാരിച്ചാൽ കിട്ടുന്ന മറുപടി ഇതല്ലാതെ മറെറന്താണ്.

ജിൽ—(ചിരിച്ചുംകൊണ്ടു) അല്ല—! നിങ്ങൾ കേവലം ഒരു ശമ്പളക്കാരൻ മാത്രമോ? കൊള്ളാം! മാനേജർ എവിടെ?

ഞാൻ—മാനേജർ മുകളിലത്തെ മുറിയിൽ ഉണ്ടു്.

ജിൽ—(അക്ഷമനായും ഒരു മുറുകിയ സ്വരത്തിലും) എന്നാൽ ഇങ്ങോട്ടു വിളിക്കൂ.

ഞാൻ—താങ്കൾ പറയുംപോലെ ഞാൻ അദ്ദേഹത്തിന്റെ ശമ്പളക്കാരൻ ആണ്. അതിനാൽ ഞാൻ മുകളിൽച്ചെന്നു കണ്ടു വിവരം പറഞ്ഞു പിന്നീടു താങ്കളെ കൂട്ടിച്ചുംകൊണ്ടുപോകാം. അതുവരെ ക്ഷമിക്കൂ. ഇതിനിടയ്ക്കു് ഒരു കാര്യംകൂടി പറവാനുണ്ടു്. ലേഖനത്തിന്റെ നന്മതിന്മകളെ തരം തിരിച്ചു സ്വീകാരകോടിയിലോ, ത്യാജ്യകോടിയിലോ ചേർക്കാനുള്ള അധികാരം അല്ലെങ്കിൽ അവകാശം എനിക്കാണെന്നുംകൂടി ഓർമ്മിക്കണം. സമ്മതമെങ്കിൽ വേണ്ടതുപോലെ പ്രവർത്തിക്കാം.

ജിൽ—ന്യായമായിട്ടുള്ള തീരുമാനം ആരുടേതായാലും സ്വീകരിക്കേണ്ടതാണെന്ന് എനിക്കറിയാം.

എന്നു പറഞ്ഞു് ഒരു ദീർഘശ്വാസംവിട്ടു ആരുടെയോ വരവിനെ കാത്തുംകൊണ്ടെന്നപോലെ ജനലിൽക്കൂടി പുറത്തേക്കു നോക്കിക്കൊണ്ടിരുന്നു.

ഞാൻ—"അനുമതി" എന്നു പറഞ്ഞു മാനേജരുടെ മതമെന്തെന്നറിവാൻ മുകളിൽച്ചെന്നു. അദ്ദേഹത്തിനു ഞങ്ങളുടെ സംഭാഷണം നല്ലതുപോലെ കേൾക്കാൻ പാടില്ലെങ്കിലും യാതൊരു ശബ്ദംപോലും കേട്ടതായി നടിക്കുന്നില്ല. അദ്ദേഹത്തിനെന്തോ പെട്ടെന്നുണ്ടായ ചില മനോവികാരം നിമിത്തം തീരെ സുഖമില്ലാത്തതുപോലെ ഇടത്തേകൈയ്യിൽ തലയും താങ്ങി അങ്ങനെ അധോമുഖനായിരിക്കുന്നു. ഹൃദയത്തിനു് അകപ്പാടെ ഉണ്ടാകുന്ന പലവിധ വികാരങ്ങളാൽ പുറമേയുള്ള സംഗതികൾ യാതൊന്നുമറിയുന്നില്ലെന്നു മനഃശാസ്ത്രപണ്ഡിതന്മാർ പറയുന്നതു പരമാർത്ഥമെന്നു എന്റെ അല്പായുഷ്കത്തെ അനുഭവം വെളിപ്പെടുത്തി. ഇത്ര പെട്ടെന്നു ഇപ്രകാരം സംഭവിക്കാൻ കാരണം എന്തായിരിക്കുമെന്നു ഞാൻ സംഭ്രാന്തചിത്തനായി ഒന്നു രണ്ടു നിമിഷം നിന്നപ്പോൾ "അയ്യോ എന്റെ കുട്ടാ!" എന്നു സഹിപ്പാൻ പാടില്ലാത്ത വേദനയോടുകൂടി അദ്ദേഹം ആത്മഗതമാണെങ്കിലും സ്വല്പം ഉറക്കെപ്പറയുന്ന

ട്ടു കേട്ടു. "ആഹാ! ഇതെന്താശ്ചൎയ്യം! എന്നു ഞാൻ ഒന്നു അന്ധാളിച്ചു. "അയ്യോ അമ്മേ! നിന്നെയും അവൾ കൊലപ്പെടുത്തിയോ? ആഹാ! സഹിക്കുന്നില്ലേ ദൈവമേ!" ഇത്രയുംകൂടി കേട്ടപ്പോൾ എനിക്കും സങ്കടം സഹിച്ചില്ല. ഉടൻ അദ്ദേഹത്തെപ്പിടിച്ചു ഒന്നു സാവധാനത്തിൽ കുലുക്കിയുംകൊണ്ടു "മിസ്റ്റർ നായർ, പറയൂ എന്താണിത്ര പെട്ടെന്നു ഒരു സങ്കടമുണ്ടായതു്?" നായർ വല്ലാതെ ഒന്നു പകച്ചു പെട്ടെന്നു് എന്റെ മുഖത്തേക്കു നോക്കി. കോപമോ, താപമോ, ഇച്ഛാഭംഗമോ, ഈൎഷ്യയോ, ലജ്ജയോ ഇതിലേതു രസമാണു് അദ്ദേഹത്തിന്റെ മുഖത്തു മുന്നിട്ടുനിന്നിരുന്നതെന്നു പറവാൻ പ്രയാസം. ഇതെല്ലാംകൂടി ചേൎത്തുകൂട്ടിയാൽ എന്തൊരു പുതിയ രസം ലഭിക്കുമോ അതാണു മാനേജരുടെ മ്ലാനമായ മുഖത്തു അപ്പോൾ പ്രത്യക്ഷപ്പെട്ടതു്. ആയതു് അരനിമിഷം അവിടെ നിലനിന്നില്ല. തനിക്കു മനക്കരുത്തില്ലായ്കയാൽ വന്നുപോയ ചാപല്യത്തെ ക്ഷമിക്കണമെന്നുള്ള അൎത്ഥത്തോടും ഒരുതരിയ പുഞ്ചിരിയോടും (കൊലച്ചിരി എന്നു പറയുന്നതായാൽ കുറെ ഭേദമായിരിക്കും) കൂടി എന്റെ മുഖത്തേക്കു വീണ്ടും നോക്കീട്ടു "അല്ല, മിസ്റ്റർ മേനോൻ! ഏതല്ല നേരമായോ ഇവിടെ ഈ നില നിന്നിട്ടു്? പത്രസംബന്ധമായി ഇടപെട്ട ഈ കണക്കുകൾ മനുഷ്യരെ വല്ലാതെ മുഷിപ്പിക്കുന്നു. ഇന്നോ ഇന്നലെയോ അല്ലേ ഞാൻ ഈ വകയിൽ കിടന്നു കുളിക്കുന്നതു്? (ഇപ്പറഞ്ഞതു വളരെ ശരി എന്നുള്ള സമ്മതത്തോടുകൂടി ഒരു ചെറിയ മൂളക്കം താഴത്തെ മുറിയിൽനിന്നും കേട്ടു. പക്ഷേ മാനേജർക്കു് ആയതു മനസ്സിലായുമില്ല.) മാസം മൂന്നു നാലായില്ലേ? എന്തൊരു വിഷമം ആകപ്പാടെ തലച്ചോറിനു വല്ലാതെ ഒരു കാച്ചിൽ; (പിന്നെയും മേൽപ്രകാരം ഒരു മൂളക്കംകൂടി കേട്ടു) തന്നിമിത്തം എപ്പോഴും ഒരു പുകച്ചിൽ! (വീണ്ടും ആ മൂളക്കംതന്നെ കേട്ടു)

ഉടൻ മേശപ്പുറത്തു വിട്ടത്തിയിട്ടിരുന്ന ഒരു കത്തു ഞാൻ കണ്ടേക്കുമോ എന്നു സംശയിച്ചു് എടുത്തു പോക്കററിൽ ഇട്ടിട്ടു്—ആരാണു് താഴത്തെ മുറിയിൽ? മുമ്പേ വിസിറ്റിങ്ങുകാഡ് കൊടുത്തയച്ച ആളോ?

ഞാൻ—അതേ, അദ്ദേഹംതന്നെ.

മാനേജർ—പേരുപോലെതന്നെയോ ആകൃതിയും പ്രകൃതിയും?

ഞാൻ—ആൾ ഒരു ശൂരനും വീരനും ആണെന്നു നടിക്കുന്നുണ്ടു്. കാഴ്ചയിൽ കാൎഡിൽ കണ്ടതുപോലെ ഒരു "ഹൈസ്കൂട്ട്ജിൽ" തന്നെ ആണു്. അസ്സൽ ഒരു ബങ്കാളി ആയിരിക്കണമെന്നുംകൂടി തോന്നുന്നു.

മാനേജർ—എന്തു "വങ്കാളി" എങ്കിലും ആകട്ടെ..........(പരിഭ്രമത്തോടുകൂടി) ആരാഹേ! താഴത്തെ മുറിയിൽ സംസാരിക്കുന്നതു്? എന്നു മാനേജർ പറഞ്ഞവസാനിക്കുന്നതിനു മുമ്പിൽ കറുത്തു ക്രൂരനായ ഒരു ഭയങ്കരരൂപി, ഓടി വാടി വിയൎത്തു നനഞ്ഞ മുഖത്തോടുകൂടി, കോവണിപ്പടി തകൎത്തു ഞങ്ങളുടെ മുമ്പിൽ എത്തി. "അനുവാദം കൂടാതെ ആരും അകത്തു കടന്നുകൂടാ" എന്നുള്ള ആജ്ഞാലിപികളേയും ലംഘിച്ചു സൎവ്വനേരവും കോവണിപ്പടി കാത്തു കറങ്ങിയിരിക്കുന്ന കാവൽക്കാരനെയും പുല്ലുപോലെ ഗണിച്ചു സകല സ്വാതന്ത്ര്യങ്ങളും സാധിക്കാൻ ഒരുങ്ങുന്ന ഒരു പത്രാധിപരുടെ അന്തസ്സിനേയും വിസ്മരിച്ചു് ഉടമസ്ഥനും മാന്യനും ആയ മാനേജരുടെ അധികാരഗൌരവത്തെ തൃണംപോലെ നിരസിക്കാൻ നിശ്ചയമായും തയാറാണെന്നുള്ള ഭാവത്തെയും അഭിനയിച്ച തൽക്ഷണം. ആഗതനായ ആ സ്വരൂപം ആരുതന്നെയോ എന്തുതന്നെയോ ആയാലും അസാരനല്ലെന്നും ഏതോ ഗൌരവമുള്ള സംഗതി നിൎവ്വഹിക്കേണ്ടതായുണ്ടെന്നും ഊഹിക്കേണ്ടതായിരിക്കുന്നു. ആ ആളെ സ്വല്പംകൂടി സൂക്ഷിച്ചുനോക്കിയപ്പോൾ എവിടെയോ വച്ചു് ഏതാനും കൊല്ലങ്ങൾക്കു മുമ്പു കണ്ടുപരിചയമുള്ളതുപോലെ തോന്നുന്നു. എങ്കിലും അതിന്റെ പ്രവൃത്തി തീരെ തെററുതന്നെ എന്നു് അയാളെ ബോധ്യപ്പെടുത്താൻ വേണ്ടി ഞാൻ സ്വതേയുള്ള ഗൌരവത്തിനു കുറച്ചുകൂടി കൊഴുപ്പുകൂട്ടി. "ഉം ആരു്?" എന്നു ചോദിച്ചു. ഉടനേ ആ സത്വം പരിഭ്രമസംഭ്രമങ്ങളോടുകൂടി മടിയിൽ അടക്കംചെയ്തിരുന്ന ഒരെഴുത്തെടുത്തു "ക്ഷമിക്കണേ, അസാരം തെററിപ്പോയി" എന്നു പറഞ്ഞു മേശപ്പുറത്തു വച്ചു മാനേജരെ ഒരു ക്രൂരസ്വഭാവത്തോടുകൂടി നോക്കിയതു പക്ഷേ അയാളുടെ സ്വതേയുള്ള പ്രകൃതി ആയിരിക്കാം. എന്തായിരിക്കാം എഴുത്തിലെ താല്പൎയ്യമെന്നറിവാൻ അത്യുത്സുകനായി ഞാൻ വായിച്ചുനോക്കി.—"അഹോ, മാനേജരേ! അക്ഷരനേക്കാണ്മാൻ എനിക്കിനി സാധിക്കയില്ലെന്നു വരുമോ? അയ്യോ ഞാനിത്ര

നിർഭാഗ്യവാനോ? എനിക്ക് ഓർമ്മയായതിൽ പിന്നീട് അഛനെ രണ്ടു മാസം തികച്ചു ഞാൻ അടുത്തു കണ്ടിട്ടില്ല. ഈ മാസത്തിൽതന്നെ ഒരു അഷ്ടവട്ടത്തെ സർക്കീട്ടും കഴിഞ്ഞു മിനിയാന്നിവിടെ എത്തിയതേയുള്ളു. അതു താങ്കൾക്കുമറിയാമല്ലോ. ഹാ, ഹാ! ഹതവിധി ഈ വിധത്തിലോ കലാശിപ്പിച്ചതു്?

മാനേജർ—ഏ! എന്തു സംഗതി? എഴുത്തിങ്ങോട്ടു തരൂ.

ഞാൻ—ദാ—ഞാൻതന്നെ വായിക്കാം.

"അപ്പൂ, പരിഭ്രമിക്കരുതേ! കാപ്പി കഴിഞ്ഞയുടൻ അഛനു് എന്തോ ഒരു സുഖമില്ലായ്മ. കുറച്ചുപകടത്തിൽ ആണ്. എങ്കിലും ഭയപ്പെടുവാനില്ല. എത്രതന്നെ ഗൌരവമുള്ള ജോലികൾ അവിടെ ഉണ്ടായിരുന്നാലും ഉടൻ പുറപ്പെട്ടു നമ്മുടെ ഡാക്ടരെ കൂട്ടിച്ചുകൊണ്ടുവരണം. അദ്ദേഹം ആപ്പീസിലായിരിക്കും. ഈ എഴുത്തുംകൊണ്ടു വരുന്നവൻ മാനേജരുടെ നാട്ടുകാരനാണ്. അദ്ദേഹത്തെ കാണ്മാൻ ഇന്നു രാവിലത്തെ വണ്ടിക്കിവിടെ എത്തി. പെട്ടെന്നു പുറപ്പെടുക."

എന്നു മുഖദാവിൽ

രാമുണ്ണി (ഒപ്പ്)

എഴുത്തു വായിച്ചു കഴിഞ്ഞയുടൻ ഏയ് പരിഭ്രമിക്കത്തക്കവിധത്തിൽ അത്ര സാരമുള്ള സുഖക്കേട് ഒന്നുമായിരിക്കയില്ല. ഏതായാലും നിങ്ങൾ ഉടൻ പോകണം. വല്ല അപകടവുമുണ്ടെന്നു തോന്നുന്നപക്ഷം പെട്ടെന്നു് അറിവുതരുമല്ലോ എന്നു പറഞ്ഞു മാനേജർ അടുത്തുനിൽക്കുന്ന ആ ക്രൂരനെ "പാദാദികേശം" പരിശോധന തുടങ്ങി. ജില്ല താഴത്തെ മുറിയിൽ ഇരുന്നു മുഷിയുകയായിരിക്കാം. ഞാൻ വരുന്നതുവരെ അദ്ദേഹത്തെ ഇങ്ങോട്ടു ക്ഷണിച്ചു സംസാരിച്ചുകൊണ്ടിരിക്കുമല്ലോ എന്നു പറഞ്ഞു ഞാൻ ജില്ലിന്റെ അടുത്തണഞ്ഞു. അദ്ദേഹത്തിന്റെ മുഖം വളരെ പ്രസന്നമായിരിക്കുന്നു. പെട്ടെന്നുണ്ടായ അത്യാവശ്യത്തെ അദ്ദേഹത്തെ അറിയിച്ചു് അനുവാദവും വാങ്ങി നേരെ ആസ്പത്രിയിലേക്കു തിരിച്ചു. അവിടെ എത്തിയപ്പോൾ ഡാക്ടറില്ല. ആരോ "പടികെട്ടി"ക്കൊണ്ടുപോയിരിക്കുന്നു. ഇനി എന്തു ചെയ്യൂ? ഡാക്ടർ പോയിരിക്കുന്ന സ്ഥലത്തേക്കു മൂന്നു മൈയിൽസ് ഉണ്ടുതാനും. ഉടൻ ഒരു "റിക്ഷാവണ്ടി" പിടിച്ചു് അവിടെ എത്തി. അരമണിക്കൂറിനു മുമ്പിൽ ഡാക്ടർ അവിടം വിട്ടിരിക്കുന്നു. ആകപ്പാടെ കുഴങ്ങി. ദൈവമേ! ഒരു നോക്കു് അഛനെ കാണ്മാൻ എനിക്കു ഭാഗ്യമില്ലെന്നു വരുമോ? വീണ്ടും ആസ്പത്രിയിലെത്തി. അവിടെയും അദ്ദേഹം മേല്പടി. അദ്ദേഹത്തിന്റെ വീട്ടിൽച്ചെന്നു. എന്നിട്ടും ഫലം ശൂന്യം. മഴയും ഒട്ടും കുറഞ്ഞില്ല. എല്ലാംകൊണ്ടു ഞാൻ കുഴങ്ങി. ഇനി എന്തു വേണ്ടു? അടുത്തു ഒരു "ഹോമിയോപ്പതി" ഡാക്ടർ താമസിക്കുന്നുണ്ടു്. അദ്ദേഹത്തെ വിളിച്ചാലോ എന്നാലോചിച്ചു. അവിടെച്ചെന്നു. അദ്ദേഹവും മേല്പടിതന്നെ. "പാപിചെല്ലുന്നിടമൊക്കെ പാതാളമോ" ശിവനേ! ഇനി എന്താ ചെയ്ക? നേരെ വീട്ടിലേക്കുതന്നെ തിരിച്ചു. രണ്ടുമൂന്നു മണിക്കൂർ നിരന്തരം ബുദ്ധിമുട്ടിയിട്ടും നായ് ചന്തയ്ക്കു പോയപോലെ ആയല്ലോ ഈശ്വരാ! എന്നെല്ലാം പല വിധ മനോരാജ്യങ്ങളോടുകൂടി വീട്ടിൽച്ചെന്നു കയറി. അവിടെ യാതൊരു ബഹളവും കാണ്മാനില്ല. അഛനും പോലീസ് ഇൻസ്പെക്ടരും ഒന്നു രണ്ടു സ്നേഹിതന്മാരും വെടിപറഞ്ഞു രസിക്കുന്നു. ആവൂ! തെല്ലൊരാശ്വാസമായി. പിന്നെ ജ്യേഷ്ഠനെന്തായിരിക്കാം ഇപ്രകാരം ഒരെഴുത്തു കൊടുത്തയച്ചതു്. ഇതെന്തു നേരംപോക്കു് എന്നറിവാൻ ഞാൻ അഛന്റെ അടുത്തുചെന്നു. ജ്യേഷ്ഠനും അപ്പോൾ അവിടെ എത്തി. എന്റെ പരിഭ്രമിച്ചുള്ള വരവു കണ്ടു് "എന്തു സംഗതി?" എന്നു് അഛനും മററും ചോദിച്ചുതുടങ്ങി. ഞാൻ ജ്യേഷ്ഠൻ കൊടുത്തയച്ച എഴുത്തു കാണിച്ചു ഉണ്ടായ പരമാർത്ഥം ധരിപ്പിച്ചു. അപ്പോൾ എല്ലാവരും പൊട്ടിച്ചിരിച്ചു് എന്നെ പരിഹസിപ്പാനുള്ള തിടുക്കമാണ്. എനിക്കു പററിയ മണ്ടത്തരം മിണ്ടുന്നതെങ്ങനെ? ഇപ്രകാരം എന്നെ കബളിപ്പിച്ച ആ "മർക്കടം മാർഗ്ഗംകൂടി"യവനെ പിടിച്ചു നല്ലതുപോലെ മർദ്ദിക്കണമെന്നു ഞാനുറച്ചു. അവനെന്തിനായിരിക്കും ഇങ്ങനെ എന്നെ കബളിപ്പിച്ചതു എന്നാലോചിച്ചിട്ടു് ഒരു തുമ്പുമുണ്ടായില്ല. ജില്ലിന്റെ പ്രേമരസത്തോടുകൂടിയ നോട്ടവും മാനേജരുടെ അകാരണമായ വിലാപവും ഞങ്ങളുടെ സംഭാഷണമദ്ധ്യേ അടുത്തു താഴത്തെ മുറിയിൽനിന്നും കേട്ട മൂളക്കവും ഞാൻ കണ്ടോ എന്നു സംശയിച്ചു മാനേജർ പെട്ടെന്നു മേശപ്പുറത്തിരുന്ന എഴുത്തെടുത്തു പോക്കററിലിട്ടതും ആ കറുത്ത തടി

മാടന്റെ ഹാസ്യസൂചകവും എന്നാൽ ക്രൂരതരവും ആയ നോട്ടം മാനേജരിൽ പതിച്ചതും, ജില്ലുമവനും തമ്മിൽ എന്തോ ചില ബന്ധമുണ്ടായിരിക്കണമെന്ന് അവരുടെ ഒരു ചെറിയ സംസാരം താഴത്തെ മുറിയിൽനിന്നു കേട്ടതും എല്ലാംകൂടി ഞാൻ നല്ലവണ്ണം ഒന്നാലോചിച്ചു നോക്കി. അപ്പോൾ ഇതിൽ എന്തോ ഒരു കള്ളി ഉണ്ടായിരിക്കണമെന്നും അയ്യൊ മാനേജരെ അകപ്പെടുത്താനായിരിക്കയില്ലയോ എന്നും ഞാൻ സംശയിച്ചു. എന്റെ ഏവംവിധങ്ങളായ സംശയങ്ങളെ ഞങ്ങളുടെ ഈ ചെറുസദസ്സിൽ പ്രസ്താവിച്ചപ്പോൾ എല്ലാവരും ഒന്നു പരിഭ്രമിച്ചതുപോലെ തോന്നി. പിന്നെ ഒട്ടും താമസിച്ചില്ല. ഒന്നു രണ്ടു കാൺസ്റ്റബിൾമാർകൂടി വരുന്നതിനു് ഇൻസ്പെക്ടർ ചട്ടംകെട്ടി. അയാൾ മാത്രം പുറപ്പെട്ടില്ല ശേഷിച്ച ഞങ്ങൾ എല്ലാവരുംകൂടി ആപ്പീസിൽ എത്തി. എപ്പോഴും കോവണിപ്പടി കാവലായി കിടക്കുന്ന സർവന്റിനെ അവിടെ കണ്ടില്ല. ഒരു വല്ലാത്ത ഞരക്കം മാളികമുകളിൽനിന്നും കേൾക്കുന്നുണ്ടു്. ഈശ്വരാ അതെന്തായിരിക്കും? പെട്ടെന്നു ഞങ്ങൾ എല്ലാവരുംകൂടി മുകളിലെത്തി. ആഹാ! അവിടെ കണ്ട കാഴ്ച—ഈശ്വരാ—വിചാരിക്കക്കൂടി വയ്യേ! മാക്കോടത്തു മാധവൻനായർ—വടക്കേദിക്കിലുള്ള ഒരുക്കൻ ജന്മി—പരോപകാരാർത്ഥമായി ജീവിതം നയിക്കുന്ന ഒരു മഹാനുഭാവൻ—ഇതൊന്നും പോരെങ്കിൽ സ്വാഭിപ്രായപ്രകടനമാസികയുടെ ഉടമസ്ഥനും മാനേജരുമായ ആ മാന്യദേഹം—ഹാ—എന്തു പറയട്ടെ. ഞങ്ങൾ നിൽക്കുന്ന ഹാളിന്റെ ഒത്തമദ്ധ്യത്തിൽ മേൽഭാഗത്തു് ഒന്നാന്തരയാൾ പൊക്കത്തിൽ കൈ രണ്ടുംകൂടി കൂട്ടിക്കെട്ടിത്തൂക്കി, കിടന്നാടുന്ന ഞങ്ങളുടെ സർവന്റിന്റെ കാലിൽ, തുറിച്ചുമിഴിച്ച കണ്ണുകളോടും, അസാരം വെളിയിൽ തള്ളിക്കിടക്കുന്ന നാവോടുംകൂടിയ മുഖം മാത്രം വെളിയിലും ബാക്കിയുള്ള അവയവങ്ങൾ ഒരു ചാക്കിനകത്തു് ഒരു ഭാണ്ഡമെന്നപോലെ വരിഞ്ഞുകെട്ടിയിട്ടു്..................അങ്ങനെ കിടന്നാടുന്നു. ഹാ, ഹാ! ഇതെന്തു കാഴ്ച. സ്വപ്നമോ മായയോ മന്മതിഭ്രാന്തിയോ? ഒരു ഭ്രാന്തിയുമല്ല. കണ്ണിനു നേരെ കാണുന്നതു ഭ്രാന്തിയാവുന്നതെങ്ങനെ? ആ ഐസ്കട്ട്ജിൽ എവിടെ? ആ മറവനോ? എന്തു ജില്ലു്! എന്തു മറവൻ! പമ്പരകള്ളന്മാർ—പോയ വഴിക്കു് ഒരു പൊടിപോലും പറക്കുന്നില്ല. പലതരത്തിലുള്ള പരിഷ്കാരം പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന ഈ ഇരുപതാംനൂററാണ്ടിൽ ഇപ്രകാരം ഒരു സംഭവം ആരെങ്കിലും വിശ്വസിക്കുമോ? കാര്യം അനുഭവത്തിൽ വന്നാൽ വിശ്വസിക്കാതെന്താ നിവൃത്തി?

ഉടൻ കയററുത്തു രണ്ടിനേയും താഴെ ഇട്ടു. ഭാണ്ഡത്തിൽനിന്നും ഭഗീരഥപ്രയത്നം ചെയ്തു മാനേജരെ വെളിക്കെടുത്തു. എന്നിട്ടുമായില്ല. കാലു രണ്ടും കഴുത്തോടും കൈകൾ പുറകോട്ടും ചേർത്തു കെട്ടിയിരുന്നതിനാൽ വീണ്ടും കുറച്ചുകൂടി ബുദ്ധിമുട്ടിയതിനു ശേഷമേ മാനേജരെ മുക്തനാക്കാൻ സാധിച്ചുള്ളു. ദൈവാധീനത്താൽ പ്രാണൻ മുഴുവനും പോയിട്ടില്ല. സർവന്റിന്റെ കൈ രണ്ടും മേലോട്ടു പിടിച്ചു കെട്ടിയിരുന്നതേയുണ്ടായിരുന്നുള്ളു. എങ്കിലും തന്നാൽ താങ്ങാവുന്നതിലധികം ഒരു ഭാരം കാലുകൊണ്ടു വഹിച്ചിരുന്നതിനാൽ അസ്സാരം ക്ഷീണവും അവനു തട്ടിയിരുന്നു. കൂടാതെ നിലവിളി പുറത്തേക്കു പുറപ്പെടാതിരിക്കുന്നതിനു വേണ്ടി വായു് നിറച്ചു ഉണ്ണാക്കുവരെ തുണിയും കുത്തിച്ചെലുത്തിയിരുന്നു. തന്നിമിത്തം അല്പസ്വല്പം അണ്ണാക്കും പൊട്ടിത്തകർന്നിരുന്നു. ഏകദേശം ഏട്ടുപത്തു മിനിട്ടു കഴിഞ്ഞതിനു ശേഷമേ അവനു സംസാരിപ്പാൻ നാവു പൊങ്ങിയുള്ളു. ഉണ്ടായ സംഭവം അവന്റെ മൊഴിയിൽനിന്നും വെളിപ്പെട്ടു. തദനന്തരം ഒരു മഹസ്സറും തയാറാക്കി.

അപ്പോൾ മാനേജരുടെ മേൽവിലാസത്തിൽ (അന്നു രണ്ടുമണിക്കുള്ള മെയിലിൽ) ഒരു വലിയ ബങ്കി റെയിൽവേസ്റ്റേഷനിൽനിന്നും കൊണ്ടുവന്നു. അതു വാങ്ങി ഞാൻതന്നെ പ്രത്യേകം ഒരിടത്തു സൂക്ഷിച്ചു. ഉപായത്തിൽ ഒരു നാററവും ആ പെട്ടിയിൽനിന്നും പുറപ്പെടുന്നുണ്ടു്. ഈ അവസരത്തിൽ ഇൻസ്പെക്ടരുടെ മുഖം പ്രസന്നതകൊണ്ടും മാനേജരുടെ മുഖം പ്രാണവേദനകൊണ്ടും പ്രകാശിച്ചു. "ആ ഹാ! ദ്രോഹീ, നീ പറഞ്ഞതുപോലെതന്നെ പ്രവർത്തിച്ചോ? ഹാ! ദൈവമേ! നിരപരാധിയെ രക്ഷിക്കണേ" എന്നു പറഞ്ഞുംകൊണ്ടു മാനേജർ എന്റെ മുഖത്തേക്കു ദയനീയമാംവണ്ണം ഒന്നു നോക്കി. തത്സമയത്തു ക്രൂരതരമായി ഇൻസ്പെക്ടർ മാനേജരിൽ ദൃഷ്ടി ഉറപ്പിച്ചു് ഒന്നു മൂളി. എന്നിട്ടു് അവിടെ കിറിപ്പറിച്ചിട്ടിരുന്ന "കോട്ടെ"ടുത്തു മാനേജരെ എറിയാൻ ഭാവിച്ചപ്പോൾ ഞാൻ അദ്ദേഹത്തിന്റെ കൈക്കു കടന്നുപിടിച്ചു. ഉടൻ ഒരെഴുത്തു് അതിൽനിന്നും താഴെ വീണു. "നിങ്ങ

ൾക്കു കാര്യമൊന്നും മനസ്സിലായിട്ടില്ല" എന്നുള്ള അർത്ഥത്തോടുകൂടി ഇൻസ്പെക്ടർ എന്നെ
നോക്കിയിട്ട് ആ എഴുത്തെടുത്തു വായിച്ചുനോക്കി. എന്തൊരത്ഭുതം! ഇൻസ്പെക്ടർ ക്രൗര്യ
മോ വീര്യമോ സന്തോഷമോ എന്തൊക്കെയോ പ്രകടിപ്പിക്കുന്നു. ഒടുവിൽ എൻെറ അപേ
ക്ഷയാൽ അദ്ദേഹം ആ എഴുത്തു് ഉറക്കെ വായിച്ചു.

മധുര
15-10-16.

എടാ ഏടാകൂടമേ!

നിൻെറ നയം ആക്കർ അറിഞ്ഞുകൂടന്നല്ലേ നീ ധരിച്ചതു്? പൌരുഷമില്ലാത്ത നി
ൻെറ ആ പ്രവൃത്തി—ഒരു വലിയ കുടുംബത്തിലെ—നീ കാര്യസ്ഥനായിരുന്ന ആ ഭവനത്തി
ലെ—കാണിച്ച പത്തു വയസ്സു മാത്രം പ്രായം ചെന്ന ആ ഏകസന്തതിയേയും മററുള്ളവരേ
യും മുതൽ മോഹിച്ചു ഇല്ലായ്മചെയ്ത ആ പ്രവൃത്തി—നിമിത്തം ആ തറവാട്ടു നാമാവശേ
ഷമായിത്തീർന്നു. തീവെട്ടിക്കൊള്ള ചെയ്തു നിനക്കു് അതിൽനിന്നും കിട്ടിയ പണവുംകൊ
ണ്ടു നീ ഒരു പച്ചപ്പരമാർത്ഥിയായി ഒരു പത്രത്തിൻെറ മാനേജരായി ഇരിക്കുന്ന വിവരം,
മരിച്ചുപോയി എന്നു നീ നാളതുവരെ ധരിച്ചിരുന്ന ആ സന്തതിക്കു് അറിവുകിട്ടി. നി
ൻെറ അപ്രകാരമുള്ള സകല സുഖങ്ങളും ഇതോടുകൂടി നശിക്കണം. അതിനായി ഒരു സ
മ്മാനം ഞാൻ ഇതാ അയയ്ക്കുന്നു. അയതു നിൻെറ പ്രിയപ്പെട്ട പുത്രൻെറ ശവം ഒന്നുമാത്ര
മാണ്. തരമുണ്ടെങ്കിൽ മററുള്ളവരേയും ഞാൻ കൊന്നുകളയും. അവസാനം.........ഇനി ഞാ
ൻ പറയണമോ? ഏതാദൃശമായ കാര്യങ്ങൾക്കു് എപ്രകാരം ഈശ്വരസഹായം നിനക്കുണ്ടാ
യോ ആ ദൈവംതന്നെ എനിക്കും സഹായിക്കുമെന്നു മൂഢനും മൂർഖനുമായ നീ എന്തുകൊ
ണ്ടു് മനസ്സിലാക്കിയില്ല.

എന്നു നിൻെറ "സകലസുഖസംഹാരിണി"

കത്തു വായിച്ചു തീർന്നയുടൻ അമ്പട! മാക്കോടാ! എന്നു ഞാനറിയാതെ മാനേജരുടെ
മുഖത്തു നോക്കി പറഞ്ഞുപോയി. എന്നിട്ടു്,

ഞാൻ—അപ്പോൾ ആ പെട്ടിയിൽ?.........

ഇൻസ്പെക്ടർ—സംശയിപ്പാനുണ്ടോ? ഈ കരിങ്കള്ളൻെറ കൎക്കശതരമായ ബീജംതന്നെ.

ഞാൻ—ആഹാ!.........അകാരണമായി മാനേജരുടെ വിലാപങ്ങൾക്കു കാരണമായ
തും ഏഴെട്ടു കൊല്ലങ്ങൾക്കു മുമ്പിൽ വടക്കേമലയാളത്തിലെ ഒരു വലിയ തറവാട്ടിൽ നട
ന്നിയ തീവെട്ടിക്കൊള്ളക്കേസ്സു് ഇപ്പോൾ മാത്രമെങ്കിലും തെളിയുന്നതിനു, തന്നിമിത്തമു
ണ്ടായ ആധി നിമിത്തം ഇവൻ ഈവിധത്തിലായതും ഈ എഴുത്തുതന്നെയാണെന്നു പറ
യേണ്ടതില്ലല്ലോ. എന്നിട്ടു മാനേജർ എന്നെ ഏതെല്ലാംവിധത്തിലാണ് കബളിപ്പിച്ചതു്?
എന്നൊക്കെ ഞാൻ വിചാരിച്ചുംകൊണ്ടു നിന്നപ്പോൾ മുൻപറഞ്ഞ ആ വലിയ ബങ്കി ഇ
ൻസ്പെക്ടർ ഏടുത്തു കഴിയുന്ന ശ്രമംചെയ്തു പൊട്ടിച്ചു. ഒന്നുരണ്ടു പലകകൾ ഇളക്കിനോക്കി
യപ്പോൾ ശിവനേ! ഒൻപതു വയസ്സു പ്രായം ചെന്ന ബാലകൻെറ തിരിച്ചുവളച്ചൊടി
ച്ചുവച്ചിരിക്കുന്ന കഴുത്തോടുകൂടിയ ഒരു ശവം അതിൽ കണ്ടതു്. ശവം ചീഞ്ഞു
നാറാതിരിക്കുന്നതിനു വേണ്ടി ഒരുമാതിരി ദ്രാവകവും അതിന്മേൽ പൂശിയിട്ടുണ്ടായിരുന്നു.

എന്തോ ഒരാവേശത്തോടുകൂടി മാനേജർ എഴുന്നേററു പെട്ടിയിലേക്കു നോക്കിയപ്പോൾ
കണ്ട കാഴ്ച സ്വന്തം പുത്രൻെറ ശവശരീരമായിരുന്നു. മാനേജർക്കു് അരപ്രാണൻ ഉണ്ടായി
രുന്നു എങ്കിൽ മുക്കാലും പോയിക്കാണണം. വീണ്ടും താഴെ വീണു. കണ്ണു താനേ അടഞ്ഞു.
പിന്നെയും കണ്ണു തുറന്നു. ചുററുമുണ്ടായിരുന്ന ആളുകളെ ആർത്തിയോടുകൂടി ഒന്നു നോക്കുന്ന
തു കണ്ടു. അപ്പോൾ—

"വാണീദേവി തുടങ്ങിയുള്ള വനിതാ
രത്നങ്ങളെക്കാട്ടിലും
കാണാൻ കൌതുകമുള്ളൊരേണമിഴിമാർ
ചൂടുന്ന .........."

ഒരു 'വൈഡൂര്യ്യവും' ആ തരുണീമണിയുടെ അടുത്തു് അല്പം മുമ്പിലായി എൻെറ അ
ഛനും ഇവരുടെ പിറകിലായി പാശ്ചപൃത്തു മടക്കി (മുമ്പ് എഴുത്തുംകൊണ്ടുവന്നു് എന്നെ

കളിപ്പിച്ച) ആ കരിമ്പറയനും വേറെ ചില മാന്യന്മാരും കൂടി വന്നു ഞങ്ങളുടെ സമീപം അണഞ്ഞു. ഏതെങ്കിലും ഒരു സംഗതി ഏതെല്ലാംവിധത്തിൽ എത്രയൊക്കെപ്പണിപ്പെട്ടു ഗോപ്യമാക്കിവച്ചാലും ഒരിക്കൽ വെളിപ്പെട്ടുപോകുമെന്നു കാണിക്കുവാനായിട്ടോ എന്നറിഞ്ഞില്ല, കാർമേഘപടലങ്ങളാൽ ആവൃതനായിരുന്ന സൂര്യഭഗവാൻ അതിൽനിന്നും മോചിച്ചു തന്റെ കിരണസമൂഹങ്ങളെ നാനാഭാഗങ്ങളിലേക്കും ബഹുഭംഗിയായി വിതരണംചെയ്യുന്നു. സകല ജീവികൾക്കും സ്വേച്ഛപോലെ സഞ്ചരിക്കാൻ തക്കവണ്ണം പ്രകൃതിയും ശാന്തമായി ഭവിച്ചിരിക്കുന്നു. മണിയും മൂന്നരയായി. അമ്മാമനും ഇൻസ്പെക്ടരു, മററു മാന്യന്മാരും യഥാസ്ഥാനങ്ങളിൽ ആസനം ഉറപ്പിച്ചു. അമ്മാമന്റെ അടുത്തുകിടക്കുന്ന കസേരയിൽ പിടിച്ചുംകൊണ്ടു് ആ തരുണീഹീരവും അങ്ങനെ നിൽക്കുന്നു. ഇങ്ങനെ ആരും ഒന്നും സംസാരിക്കാതെ ഏകദേശം ഒരഞ്ചുമിനിട്ടുസമയം കഴിഞ്ഞു. ഇപ്പോഴും എല്ലാവരും അടുത്തുകിടക്കുന്ന ശവത്തേയും മാനേജരെയും നോക്കിക്കൊണ്ടിരിക്കയാണ്. പാവം കിടന്നു ശ്വാസം വലിക്കുന്നതുപോലെ കിടന്നുരുളുന്നു. ഈ സന്ദർഭത്തിൽ എന്റെ ഹൃദയം അവിടെങ്ങുമല്ലായിരുന്നു. ഏതാനും കൊല്ലങ്ങൾക്കു മുമ്പു (ഞാൻ മദ്രാസിൽ പഠിക്കാൻ പോകുന്നതിനു മുമ്പു) അമ്മാമന്റെ ഗൃഹത്തിൽവച്ചു ഞാൻ നല്ലതുപോലെ കണ്ടുപരിചയമുള്ള ഒരു ബാലികയുടെ ഛായ അമ്മാമന്റെ അടുത്തുനിൽക്കുന്ന ആ കോമളവിഗ്രഹത്തിൽ യൌവനശ്രീയോടുകൂടി കളിയാടുന്നതാണ് എന്നെ ബലാദാകർഷിച്ചതു്. കൂടക്കൂടെ ആ സ്ത്രീ എന്നെ നോക്കുകയും കവിൾത്തടങ്ങൾ വിളറുകയും രക്തമയമാകുകയും പെട്ടെന്നു പുഞ്ചിരി തൂകുകയും ചെയ്യുന്നുണ്ടു്. പക്ഷേ അതു് എന്റെ ഭ്രമമായിരിക്കാം. മുമ്പ് ഇവിടെ വന്നു ഇപ്രകാരം ഒരു സംഭവത്തിനു കാരണമാക്കിയ ആ് ഐസ്ക്കട്ട് ജില്ലിന്റെ ഛായയും ഈ സ്ത്രീയിൽ നല്ലതുപോലെ ശോഭിക്കുന്നുണ്ടു്. ഇതിന്റെ ഒക്കെ അർത്ഥമെന്തെന്നു ഞാൻ വിസ്മയാകുലനായി ചിന്തചെയ്യുമ്പോൾ ഇൻസ്പെക്ടർ അമ്മാമനെ നോക്കി "ശവം മറവുചെയ്യാനുള്ള ഏർപ്പാടല്ലേ ആദ്യം ചെയ്യേണ്ടതു്?" എന്നു പറഞ്ഞതിനു് അമ്മാമൻ അതേ; അപ്പുവിന്റെ മുഖമെന്താണ് ആലോചനയിൽ മുഴുകിയിരിക്കുന്നതു ?

ഞാൻ—എനിക്കു് ഇതിന്റെ പൊരുളൊന്നും മനസ്സിലാകുന്നില്ല. മാനേജർ ഈവിധത്തിലുമായിരിക്കുന്നു. എന്നെ കബളിപ്പിച്ച ആ രസികന്മാർ എവിടെ? അതിൽ ഒരാളാണ് ഈ ഭീമകായൻ എന്നറിയാം. ഈ സ്ത്രീ..........

അമ്മാമൻ—സംശയിക്കേണ്ട. പറയുകയേ വേണ്ടൂ.

ഞാൻ—അന്നു് അമ്മാമൻ ആ തീവെട്ടിക്കൊള്ളയിൽനിന്നും രക്ഷിച്ചു് അമ്മാമന്റെ വീട്ടിൽ കൊണ്ടുവന്നു താമസിപ്പിച്ചിരുന്ന ആ കുടുംബത്തിലെ ഏകസന്തതിതന്നെയല്ലേ ഈ നിൽക്കുന്നതു്? പേരു അമ്മിണിയുമെന്നുമായിരിക്കുമല്ലോ.

അമ്മാമൻ—(ചിരിച്ചുംകൊണ്ടു) നീ മദ്രാസിലും മററും പോയി പലവിധകാഴ്ചകൾ കണ്ടിട്ടും ഇവളെ വിസ്മരിച്ചില്ല, അല്ലേ? ആ അമ്മിണിതന്നെയാണ് ഇവൾ. പക്ഷെ അവളുടെ പേർ "കല്യാണിക്കുട്ടി" എന്നാണ്. അമ്മിണി എന്നുള്ളതു് ഓമനപ്പേരാണ്.

ഈ അവസരത്തിൽ അമ്മിണി കൌതുകാവഹമായ ലജ്ജയെ ഒന്നഭിനയിക്കേണ്ടതായിരുന്നു എന്നു ഒരുപക്ഷേ അഭിപ്രായമുണ്ടായേക്കാം. എന്നാൽ ഒന്നുകൂടി അമ്മിണിയുടെ മുഖത്തു നോക്കുന്നതിനു് എന്റെ മനസ്സിനു—എന്തോ—ശക്തിയുണ്ടായില്ല. തന്നിമിത്തം അഭിനയം ഏപ്രകാരമായിരുന്നു എന്നും ആയതു വേണ്ടതുപോലെ ആയിരുന്നുവോ എന്നും എനിക്കറിഞ്ഞുകൂടാ.

ഞാൻ—ഇയ്യാൾ അമ്മിണിയുടെ അംഗരക്ഷകനായ ആ കറുപ്പനായിരിക്കുമല്ലോ. ഇപ്പോൾ മുമ്പിലത്തേതിലും കൂററനായിരിക്കുന്നതുകൊണ്ടു് ആൾ തിരിച്ചറിയുന്നില്ല.

അമ്മാമൻ—അതേ, അയാൾതന്നെ. ഇനി അടുത്ത സംശയം വേഗത്തിൽ ചോദിച്ചുകൊൾക.

ഞാൻ—ഇനി സംശയമൊന്നും ഇല്ല. ആ ഐസ്ക്കട്ടു ജില്ലും അമ്മിണി ആയിരിക്കണമെന്നു്........

അമ്മാമൻ—സംശയം ഇല്ലല്ലോ?

ഞാൻ—ഇല്ല, സംശയമില്ല. പിന്നെ ഇപ്രകാരമൊക്കെ ഇവിടെ ഈ കാട്ടിക്കൂട്ടിയതെന്തിനു്? അതും ഒരു മനോധർമ്മമായിരിക്കുമല്ലോ.

അച്ഛൻ—അയ്യോ "മനോധർമ്മവും ഒന്നുമല്ല". ഈ കേസിനു യാതൊരു തെളിവുകളുമുണ്ടാകാതെ ഏഴെട്ടുവർഷം കഴിഞ്ഞില്ലേ? ഞാൻ വേണ്ടതുപോലെ ശ്രമിച്ചുവെങ്കിലും ഈ മാസം 15-ാംനു- അതായത് ആറുദിവസത്തിനു മുമ്പു മാത്രമേ ഫലപ്പെട്ടുള്ളു. അയ്യോ മധുരയിൽവച്ചും ആയിരുന്നു

ഞാൻ—കഷ്ടം! മാനേജർ ചെയ്ത ഈ കഠിനക്രൈസ്സ് അയാളുടെ പുത്രൻ എന്തു പിഴച്ചു. ഇതിനു് ആരാണ് 'ഇരട്ടക്കഴു'വേറുന്നതു്?

അച്ഛൻ—മോഹിച്ചുതട്ടുന്നതു ദ്രോഹിച്ചുകൊണ്ടുപോകും. ഇയാളുടെ ഭാര്യയും കുട്ടികളും സകല സ്വത്തുക്കളും മധുരയിൽ ആണ്. അവിടെവച്ചു ഒരു മറവർസംഘം നടത്തിയ കവർച്ചയിൽപ്പെട്ടു് ഈയാളുടെ ഈ കുട്ടി ഹതനായി. ഈശ്വരവിലാസംപോലെ ഞാൻ അവിടെ എത്തിയിരുന്നു. വേറൊരു കൊലപ്പുള്ളിയെ പിടിക്കാൻ അന്നേദിവസം അവിടെ എത്തിയിരുന്ന ഉദ്യോഗസ്ഥന്റെ (ഇൻസ്പെക്ടരുടെ) സഹായത്താൽ കേസു മുഴുവനും പൂർത്തിയായി തെളിഞ്ഞു. അനന്തരം ഈ ശവം ഇവൻ വേണ്ടതുപോലെ പശ്ചാത്തപിക്കാൻ ഇങ്ങോട്ടയച്ചു. അല്ലാതെ ഞങ്ങൾ ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടവരല്ല. തെററിദ്ധരിച്ചു നീതന്നെ പമ്പരവിഡ്ഢി. മാനേജരെ അറസ്റ്റ് ചെയ്യുന്നതിനു മുമ്പ് അയാളെ ഒരു നോക്കു കാണണമെന്നു ഇവൾ നിർബ്ബന്ധിച്ചു. ഞാൻ അവിടെനിന്നും മിനിയാന്നു ഇവിടെ എത്തി. സഹായത്തിനു കുറുപ്പിനേയുംകൊണ്ടു് അമ്മിണി ഇന്നു രാവിലത്തെ വണ്ടിക്ക് ഇവിടെ വന്നുചേർന്നു. ഉടൻതന്നെ നിന്നെ ഒന്നു കളിയാക്കാനും മാനേജരെ കാണാനും വേണ്ടി വീട്ടിൽക്കൂടി അധികം താമസിക്കാതെ നേരെ ഇങ്ങോട്ടു പോന്നു.

ഞാൻ—അതേ, വരുന്നവരും പോകുന്നവരും എന്നെ കളിപ്പിക്കണം. നല്ല നേരംപോക്ക്.

എന്നു പറഞ്ഞ് അമ്മിണിയുടെ പൂർണ്ണചന്ദ്രപ്രഭാശോഭിതമായ മുഖത്തേക്കു നോക്കിയപ്പോൾ ഒരു ചെറിയ പരിഭവസൂചകമായ കടാക്ഷം എന്നിലേല്പിച്ചു തിരിച്ചുതന്നെ.

ഞാൻ—അറസ്റ്റ് ചെയ്യാൻപോകുന്ന ഒരു പുള്ളിയെ ഇങ്ങനെ ഒക്കെ കാട്ടിക്കൂട്ടിയതെന്തിനു്? അതു മാത്രം അച്ഛൻ പറഞ്ഞില്ല.

അച്ഛൻ—അതു് അമ്മിണിയുടെ മനോധർമ്മമാണ്'.

ഉടൻ അമ്മിണി ആ സദസ്സോട്ടുക്ക് ഒരു മന്ദസ്മിതത്തോടുകൂടി നോക്കിയിട്ടു വാസ്തവത്തിൽ ഇപ്രകാരമൊന്നും ചെയ്യണമെന്നു ഞങ്ങൾ ഉദ്ദേശിച്ചതല്ല. എന്തെങ്കിലും ഒരു കാരണമുണ്ടാക്കി ഈ ആപ്പീസിൽ വന്ന് എല്ലാവരെയും ഒന്നു കാണണമെന്ന ആദ്യം വിചാരിച്ചിരുന്നുള്ളു. എന്നാൽ എങ്ങനെയും എന്റെ പരമാർത്ഥസ്ഥിതി മാനേജർ ധരിച്ചു. എനിക്കു പത്തുവയസ്സു തികയുന്നതുവരെ ഈയാൾ ഞങ്ങളുടെ വീട്ടിലെ കാര്യസ്ഥനായിരുന്നുവല്ലോ. അന്നത്തെ ആ ഓർമ്മ ഈയാളെ ഇപ്പോഴും വിട്ടുപിരിഞ്ഞിട്ടില്ല. കാര്യം അതുകൂടി കുഴങ്ങിലായെന്നു ഇനി താൻ ജയിലിലാകാതിരിപ്പാൻ നിവൃത്തിയില്ലെന്നും വിദ്വാൻ ധരിച്ചപ്പോൾ എന്റെ കഥയും ഇപ്പോൾതന്നെ കഴിച്ചേക്കാമെന്നും കരുതി കത്തിയും എടുത്തുകൊണ്ടു പാഞ്ഞടുത്തു കുറുപ്പട്ടത്തില്ലായിരുന്നുവെങ്കിൽ എല്ലാം ഇവന്റെ ഇഷ്ടംപോലെ അപ്പോൾത്തന്നെ കലാശിക്കുമായിരുന്നു. അതിനാലാണ് കുറുപ്പ് അയാളുടെ ബലം ഒന്നു പരീക്ഷിച്ചുനോക്കിയതു്. അല്ലാതെ ഇതെന്റെ "മനോധർമ്മമൊന്നുമല്ല".

ഉടൻ ഇൻസ്പെക്ടർ ചാടി എഴുന്നേററു് "എവിടെ എഴുപത്തിരണ്ടു്? വരട്ടെ ഇവന്റെ കൈയ്യും കാലിനും വിലങ്ങു" എന്നൊരുത്തരവും കൊടുത്തു.

"വൃച്ഛസ്സന്യാസി"യെപ്പോലെ "ധനാശി"പാടാറായി എന്നഭിനയിച്ചുംകൊണ്ടു കിടന്നിരുന്ന മാനേജർ "പഞ്ചപ്പുരപ്പ"നെ അപ്പോൾത്തന്നെ വിലങ്ങുവച്ചു ജയിലിലേക്കും ശവം പ്രവൃത്തിയാർ ദ്വൈവാന്തരം മറവുചെയ്യുന്നതിനു ശ്മശാനത്തിലേക്കും മററുള്ളവരെ ആപ്പീസിൽ നിന്നു വെളിയിലേക്കും അയച്ചതോടുകൂടി ആ സദസ്സും പിരിഞ്ഞു.

അധികം താമസിയാതെ നമ്മുടെ "ഷെറിസ് കോട്ട ജിൽ" എന്റെ ഏററവും പ്രേമഭാജനമായ സ്വന്തം "അമ്മിണിക്കുട്ടി"യായിത്തീർന്ന എന്ന പറഞ്ഞാൽ കഥയും കഴിഞ്ഞല്ലോ.